(7) The Diwan Peishkar
(8) Secretary to the Diwan
(9) Mr. George Chakyamuri
(10) ,, S. S. Koder
(11) Government Advocate.

Mr. C. J. Mathew.—I second it.

Mr. T. K. Nayar.—I propose the name of Mr. A. Eachara Menon also.

Mr. E. Ikkanda Warriar.—I second it.

Motion put and carried.

President.—The Diwan Peishkar will be the Chairman. The Committee will report within a month.

Amendments to Standing Orders.

Mr. Thomas Manjuran.—This amendment, as the amendment itself very well shown is only intended to confer power on the Government to extend the term of Council sessions in certain eventualities. The amendment is absolutely non-controversial; it only gives the Government the power to extend the term of Council sessions when necessary. As it happened during the last budget session, as the Hon'ble Members will remember, a day was lost by the adjournmant of the House and there was no time for non-official business. The inelasticity of the rules prevented the Government from extending the session. This amendment is only intended to confer upon the Government the power to make such extensions wherever necessary. I do not think that there is any necessity to appoint a Select Committee, unless the Hon'ble Members particularly wish it.

Mr. T. K. Nayar.—In the amendment it is said 'during the course of a meeting'; I don't understand where is the difficulty in placing a copy of the notification on the table. If the term is extended during the sitting, I do not think there is any difficulty of supplying a copy. Here, it is said, that a notification will be published in the Gazette. That won't suffice.

Mr. Thomas Manjuran.—There is absolutely no difficulty. By all means that will be done. If such an amendment is proposed I shall be only glad to accept it.

Committee to enquire into the defects in administration of the Department of Depressed Classes.

മിസ്റ്റർ കെ. പി. വള്ളോൻ.—"അധഃകൃത സംരക്ഷണ വകുപ്പിന്റെ ഭരണ ദൂഷ്യങ്ങളെപ്പറ്റി സത്യമായും ന്യായമായും ഒരു അന്വേഷണം നടത്തി റിപ്പോർട്ട് വരുത്തിയ്ക്കുവാൻവേണ്ടി ഉദ്യോഗസ്ഥന്മാരല്ലാത്ത ചില അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിയ്ക്കുവാൻ വേണ്ടി ഈ സഭ ഗവർമ്മെണ്ടിനോടു ശുപാർശ ചെയ്യുകൊള്ളുന്നു".

LIBRARY ARCHIVES Kerala Legislative Assembly

സാർ, ഞാൻ ഈ നിശ്ചയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് ഒരാളേയും ആക്ഷേപിയ്ക്കുവാനൊ, കുറ്റം പറയുവാനൊ മറ്റൊ ആയിട്ടല്ല. ഈ രാജ്യത്തു് സായ്പ് അവർകൾ ദിവാൻജിയായി വന്ന അവസരത്തിൽ സാധുക്കളായ അധഃകൃതരെ നന്നാക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി ഇവിടെ ഉണ്ടായിരുന്ന സംരക്ഷണ ഡിപ്പാർട്ട്മെൻറു പരിഷ്കരിച്ചു് അതിലേയ്ക്കു് പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. അതിൽ ഞങ്ങൾക്കു വളരെ വളരെ സന്തോഷമുണ്ടു്. അതിനുവേണ്ടി തിരഞ്ഞെടുത്തയാൾ ഞങ്ങളുടെ ഉന്നമനത്തിനു പരമവിരോധിയും ഒരു യാഥാസ്ഥിതികനുമാണു്. ഇപ്പോൾ ആ ഡിപ്പാർട്ട്മെൻറിന്റെ ഭരണം ഞങ്ങൾക്കു ഏറ്റവും ഉപദ്രവകരമായിട്ടാണു തീർന്നിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു് അനവധി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ ആക്ഷേപങ്ങളെല്ലാം ഗവൺമെണ്ടു മുമ്പാകെ കൊണ്ടുവരുമ്പോൾ അതിലേയ്ക്കു് ഒരുതരത്തിലുള്ള മറുപടി കൊടുത്തു കഴിച്ചുകൂട്ടുകയാണു ചെയ്യുന്നതു്. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഒരു ഡിപ്പാർട്ട്മെണ്ടുണ്ടാക്കി അതിന്റെ ഭരണം ഞങ്ങൾക്കു ഗുണകരമായിതീരുന്നില്ലെന്നു പറയുമ്പോൾ അതിനെപ്പറ്റി അന്വേഷിയ്ക്കേണ്ട ആവശ്യം ഗവൺമെണ്ടിനുണ്ടു്. അതിനെ സംബന്ധിച്ചു പല തവണയും ഗൗരവമായ ആക്ഷേപങ്ങൾ ഉണ്ടായിട്ടും യാതൊരു സമാധാനമൊ അന്വേഷണമൊ ഉണ്ടായിട്ടില്ല. അനീതി ക്രമേണ വർദ്ധിച്ചു വർദ്ധിച്ചുതന്നെയാണു വരുന്നതു്. ഇതിന്റെ പരമാർത്ഥം അറിയുവാൻ ഒരു കമ്മറിയെ നിയമിച്ചു് അന്വേഷണം നടത്തി അവരുടെ റിപ്പോർട്ടു വരുത്തി നോക്കിയാൽ ഗവൺമെൻറിനു നല്ലവിധത്തിൽ അറിയുവാൻ സാധിയ്ക്കും. അതിനുവേണ്ടിയാണു് ഞാൻ ഈ റസല്യൂഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അധഃകൃതർക്കു വിദ്യാഭ്യാസ സംബന്ധമായി പല ഗുണങ്ങളും ഗവൺമെൻറിൽനിന്നും ചെയ്യുന്നുണ്ടു്. എന്നാൽ വിദ്യാർത്ഥികൾക്കു ചെയ്യുന്ന ആ സഹായങ്ങൾ ന്യായമായും സമയത്തിനും കിട്ടുന്നില്ലെന്നു് ധാരാളം പരാതികളും ഉണ്ടാകുന്നുണ്ടു്. ഇങ്ങിനെയുള്ള പരാതികൾ വർദ്ധിയ്ക്കുവാൻ കാരണം പ്രധാനമായി ഈ വക സാധനങ്ങളെല്ലാം വിതരണം ചെയ്യുവാനായിട്ടു് ഏർപ്പാടു ചെയ്തിട്ടുള്ളതു് സംരക്ഷണഡിപ്പാർട്ട്മെൻറു മേലധ്യക്ഷന്റെ ചില സ്നേഹിതന്മാരേയും ബന്ധുക്കളേയും മാത്രമായതുകൊണ്ടാണു്. അവരെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അവർക്കു തന്നെ കൊടുത്തുവരുന്നതു്. ബ്രഹ്മാവിന്റെ സഹായമുണ്ടായാൽ ആയുസ്സിനു പ്രയാസമില്ലല്ലൊ. പണ്ടൊരിയ്ക്കൽ ഒരു അധഃകൃതവിദ്യാർത്ഥിയ്ക്കു കൊടുത്ത ഒരു വസ്തുവും ഞാൻ തന്നെ ദിവാൻജിയവർകളെ കൊണ്ടുവന്നു കാണിക്കുകയുണ്ടായിട്ടുണ്ടു്. അദ്ദേഹം (സംരക്ഷകൻ) അന്നു് അതിനു് ഒരുവിധം സൂത്രത്തിലുള്ള സമാധാനം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു കഴിച്ചുകൂട്ടി. ഒരുവഷ്ത്തിൽ രണ്ടു വസ്തുക്കളാണ് ഒരു അധഃകൃത വിദ്യാർത്ഥിയ്ക്കു കൊടുക്കുക പതിവുള്ളതു്. ഒരു ഉറുപ്പിക യാണു് ഈ വക കാര്യത്തിനു ഒരു വിദ്യാർത്ഥിയ്ക്കു് ഗവമ്മെൻറിൽ നിന്നും അനുവദിച്ചിട്ടുള്ളതെന്നാണു് ഞാൻ അറിയുന്നതു്. അന്നു ഞാൻ കൊണ്ടുവന്നു കാണിച്ച മുണ്ടു് ഏതു തരത്തിൽ ഉള്ളതാണെന്നു് സായ്പ് അവർകൾക്കു് നല്ലവണ്ണമറിയാം. അതിനു് ഒന്നരയണ മാത്രമേ വിലയുള്ളു. അന്നത്തെ കണക്കുപ്രകാരം പതിനായിരം അധഃകൃതവിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്തുവരുന്നുണ്ടു്. ഈ വകയ്ക്കായി ഗവമ്മെണ്ടിൽനിന്നും പതിനായിരം ഉറുപ്പികയാണു് അനുവദിച്ചിട്ടുള്ളതു്. ഈ നിലയിൽ ഞാൻ കൊണ്ടുവന്നുകാണിച്ച വസ്തുവും ഉയർന്ന ക്ലാസ്സുകളിൽപഠിക്കുന്ന കുട്ടികൾക്കു കൊടുക്കുന്ന വസ്തുത്തിന്റെ വിലയും തമ്മിൽതാരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ ആചരേജ് ഒരുവസ്തുത്തിനു ർ ണ. വിലനില്ലും. അതു അധികമായ ഒരു കണക്കാണു്. പരമാർത്ഥത്തിൽ കൂട്ടിച്ചു് ഇതിനു് ഒരു ഏഴായിരം ഉറുപ്പിക വിലവരും. ബാക്കി ൫,൦൦൦ ക.യാണു് ആ ഒരു തുകയിൽലാഭം. ഇങ്ങനെ ഈവക കാര്യങ്ങളിൽ നടക്കുന്ന പരമരഹസ്യത്തെ ഒന്നുനേഷിച്ചറിയേണ്ടതുതന്നെയാണു്. ഈമാതിരിയുള്ള കാര്യങ്ങളെക്കുറിച്ചു പലതവണയും നേരിട്ടു പറഞ്ഞിട്ടും അനുഭവപ്പെടുത്തീട്ടും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഇതിനെസംബന്ധിച്ചു ദിവാൻജി അവർകൾക്കുതന്നെ പല ആവലാതികളും ഹർജികളും പലരും പലസ്ഥലത്തുനിന്നും അയച്ചിട്ടുണ്ടല്ലൊ- ഇവിടത്തെ ഹൈസ്കൂളിൽനിന്നുതന്നെ വിദ്യാർത്ഥികൾ ഹർജികൾ അയച്ചിട്ടുണ്ടു്. എന്നിട്ടും ഇതിനൊരുപരിഹാരം ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ശരിയായി നടത്തുന്നതിനുള്ള അധികാരം അവിടവിടെയുള്ള അധഃകൃതസംഘങ്ങൾക്കുതന്നെ വിട്ടുകൊടുക്കുകയാണെങ്കിൽ അതിൽനിന്നുള്ള ആദായം അധഃകൃതർക്കുതന്നെകിട്ടും. സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലെ കൺട്രാക്ടുകളെല്ലാം ടെണ്ടർ വിളിക്കാതെ കൊടുത്തുവരുന്നതിനെപ്പറ്റി പറയുമ്പോൾ ടെണ്ടർവിളിച്ചാണു കൊടുക്കാറുള്ളതെന്നു് ഗവമ്മെണ്ടിൽനിന്നും പലപ്പോഴും മറുപടി പറയാറുണ്ടു്. പരമാർത്ഥത്തിൽ ടെണ്ടർവിളിച്ചല്ല കൊടുക്കുന്നതെന്നും സംരക്ഷകന്റെ സ്വന്തം ആളുകൾക്കും സ്നേഹിതന്മാർക്കും കൊടുക്കുവാൻവേണ്ടി ടെണ്ടർ വിളിക്കുന്നില്ലെന്നും മറുമായി ഇതിനെപ്പറ്റി പരാതി പറയുമ്പോൾ കോളനികളിലെ വർദ്ധൻന്മാർക്കാണു് കൺട്രാക്ടു് കൊടുത്തിട്ടുള്ളതെന്നും മറുപടി പറഞ്ഞിട്ടുണ്ടു്. ഈ വാർദ്ധന്മാർക്കു പത്തുറുപ്പിക അലവൻസുകൊടുക്കുകയും ഗവമ്മെണ്ടിൽനിന്നു അവരെതന്നെ ഈ കൺട്രാക്ടറുംകൂടി ഏല്പിക്കുകയുമാണുചെയ്യുന്നതു്. കൺട്രാക്ടിലുള്ള ആദായം ആരെടുക്കുന്നു എന്നു് അന്വേഷിച്ചാലറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൊണ്ടുതന്നെ ഇതിനുള്ളിൽ എന്തോ രഹസ്യമുണ്ടെന്നു ആക്ഷേപമുണ്ടായാൽ അറിയാവുന്നതാണു്. ഇതിൽനിന്നുള്ള ആദായങ്ങളിൽ യാതൊന്നും യാതൊരു അധഃകൃതനും ലഭിക്കുന്നില്ല. ഗവർമ്മെണ്ടിൽനിന്നും പോകുന്നുമുണ്ടു്. സാധുക്കളുടെ പേരും പറഞ്ഞു് ഗവർമ്മെണ്ടിൽനിന്നും ചിലവാടുന്നസംഖ്യ സാധുക്കൾക്കു ലഭിക്കുന്നില്ലെന്നുള്ള പരാതി വരുമ്പോൾ യാതൊരന്വേഷണവും നടത്താതെയിരിക്കുന്നതിലാണു് സങ്കടം. അധഃകൃതർക്കു ചിലഭജനമഠങ്ങൾ ഉണ്ടാക്കികൊടുത്തിട്ടുണ്ടു്. അവയെല്ലാം അതാതു സമുദായക്കാരെ ഉപേക്ഷിച്ചു് ഏതെങ്കിലും വ്യക്തിയുടെ ഗുണത്തിനായിട്ടുമാത്രമാണു് ഏല്പിച്ചു കൊടുക്കുന്നതു്. ഞാൻ എന്റെ സ്വന്ത അനുഭവമാണു് ഇവിടെ പറയുന്നതു്. മുളവുകാടുതന്നെ ഒരു സ്ഥലം അകപ്രയർചെയ്തിട്ടുണ്ടു്; അവിടെ ഒരു മാവുണ്ടു്, പത്തുനാല്പതു തെങ്ങുണ്ടു്, ഒരു പീടികയുണ്ടു്. ഇതിൽ സംഘക്കാരുടെ കണക്കുംപ്രകാരം മാസംഏഴുറുപ്പികവീതമാണു് വരുമാനം കാണുന്നതു്. ഈ സംഗതിയെകുറിച്ചു് ഞാൻ ഈ കൌൺസിലിൽ ഒരു ചോദ്യം ചോദിച്ചപ്പോൾ ഒരു വർഷത്തിൽ അഞ്ചുറുപ്പിക നിശ്ചയിച്ചു് ഒരു വ്യക്തിക്കുവേണ്ടി കൊടുത്തിട്ടുള്ളതായിട്ടാണു് മറുപടി പറഞ്ഞിട്ടുള്ളതു്. സമുദായത്തെയല്ല, ഒരു വ്യക്തിയെയാണു് ഏല്പിച്ചിരിക്കുന്നതു്. ഇതിൽനിന്നു എന്തൊക്കെ രഹസ്യങ്ങളുണ്ടെന്നു മനസ്സിലാക്കാം. ഒരു വ്യക്തിയെ സഹായിക്കുവാൻവേണ്ടി ഒരു സമുദായത്തിന്റെ അവകാശം അവഗണിക്കുവാൻ ഒരു യഥാർത്ഥ സംരക്ഷകനും പാടുണ്ടോ? ഇങ്ങിനെ ഓരോ വ്യക്തികൾക്കുമാത്രം തിരിച്ചുകൊടുക്കുന്നതുകൊണ്ടു് സമുദായാംഗങ്ങളുടെയിടയിൽ തമ്മിൽ തമ്മിൽ വഴക്കിനുകൂടി കാരണമാകുന്നുണ്ടു്. ഇമ്മാതിരി ചെയ്യുന്നതുകൊണ്ടു് അധഃകൃതർ നന്നാകുകയല്ല ചെയ്യുന്നതു്; കൂടുതൽ അധഃപതിക്കുന്നതായിട്ടാണു് കാണപ്പെടുന്നതെന്നുള്ളതു ഗവർമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ചോദ്യനം ജനമഠത്തെസംബന്ധിച്ചു പറയുകയാണെങ്കിൽ അതിൽനിന്നുള്ള ആദായങ്ങളുംമറ്റും എല്ലാം ഒരു കള്ളുകുടിയനായ ഒരുവനെ ഏല്പിച്ചു കൊടുക്കുകയാണു ചെയ്തിട്ടുള്ളതു്. അയാൾ കള്ളുകുടിച്ചതിനുശേഷം ബാക്കിയുള്ളതു് സംരക്ഷകന്റെ വീട്ടിൽ കൊണ്ടുപോയികൊടുക്കും.

ഡാക്ടർ എ. ജി മേനോൻ,—എവിടെയാണു് കൊണ്ടുചെന്നു കൊടുക്കുന്നതു്?

മിസ്റ്റർ കെ. പി. വള്ളോൻ.—ഡിപ്പാർട്ട്മെന്റു് മേലദ്ധ്യക്ഷന്റെ വീട്ടിൽ (എറണാകുളത്തു്). ഇങ്ങിനെയായാൽ അധഃകൃതസമുദായം എങ്ങിനെ നന്നാകും? അധഃകൃത ഉന്നമനത്തിനു് എന്നും പറഞ്ഞു് ഡിപ്പാർട്ട്മെന്റു വച്ചുകൊണ്ടു് വാസ്തവത്തിൽ അധഃകൃതരെ ഉപദ്രവിക്കുകയാണു ചെയ്യുന്നതു്. അധഃകൃതർക്കു ഒന്ന

LIBRARY ARCHIVES Kerala Legislative Assembly

രമ്മൈൽ അകലെയായി ഓരോക്ഷേത്രങ്ങൾ വച്ചുകൊടുത്തിട്ടുണ്ട്. ഇതുകൊണ്ട് അധഃകൃതക്ക് വരുന്നദോഷങ്ങൾ ചില്ലറയൊന്നുമല്ല. പത്തോ അമ്പതോ അംഗങ്ങൾ ഉള്ള ഓരോ സംഘത്തിനുവേണ്ടിയാണ് ഓരോഭജനമഠം വച്ചുകൊടുത്തിരിക്കുന്നത്. അവർ ഉത്സവങ്ങളിലും മറ്റുംവളരെ ആഗ്രഹമുള്ള ആളുകളാണ്. അവരുടെ കയ്യിൽനിന്നും സംഖ്യ പിരിച്ചെടുത്തിട്ടാണ് ഈവക ആഘോഷങ്ങൾ നടത്തിവരുന്നത്. അന്നന്നുവേലചെയ്തു ദിവസം കഴിക്കുന്നവർ ഇങ്ങനെചെയ്താൽ ഒരു തരത്തിലും അധഃകൃതക്ക് തലപൊക്കുവാൻ സാധിക്കയില്ല. ഈമാതിരി അധഃകൃതരെ നശിപ്പിക്കുവാനുള്ള പലസംഗതികളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതൊക്കെ ഗവർമ്മെണ്ടാണ് സാധുക്കളെ പഠിപ്പിക്കുന്നത്.

ഈഴവ സമുദായത്തിന്റെ സ്ഥിതി പറയാം. ഈഴവ സമുദായക്കാർക്ക് പലസ്ഥലങ്ങളിലും ക്ഷേത്രങ്ങളുണ്ട്. അണ്ടിക്കടവുമുതൽ കൊച്ചിവരെയുള്ള ഈഴവക്കു പള്ളിരുത്തിയിൽ ഒരുക്ഷേത്രമുണ്ട്. വയ്പ്പുമുതൽ പള്ളിപ്പുറംവരെയുള്ള വക്കു ചെറായിയിലാണ് ഒരു ക്ഷേത്രമുള്ളത്. അതുപോലെതന്നെ അധഃകൃതരുടെയിടയിലും നാല്പതു കരയോഗക്കാർക്കു കൂടി ഒരു ക്ഷേത്രം സ്ഥാപിക്കയാണെങ്കിൽ ന്യായമായ നിലയിൽ അധഃകൃതരെ നന്നാക്കുവാൻ സാധിക്കുന്നതാണ്.

ഈയിടെ ആനന്ദപുരം കോളനിയിൽ നിന്നും എനിക്കു ഒരാൾ ഒരു കത്തയച്ചിരിക്കുന്നു. അവിടെ കൊല്ലന്തോറും ഗവർമ്മെണ്ടിൽ നിന്നാണ് ഉത്സവം കഴിച്ചുകൊടുത്തുവരുന്നത്. അപ്രകാരം ഉത്സവം കഴിച്ചുകൊടുത്തതായി കണക്കിൽ കാണുന്നുണ്ടെങ്കിലും ഉത്സവം നടന്നിട്ടില്ല. മുൻകൊല്ലങ്ങളിൽ നടന്നിട്ടുള്ള ഉത്സവത്തിനു വീണ കാണിക്ക മുതലായതു സംരക്ഷകൻ കൊണ്ടുപോകയാണു ചെയ്യുന്നതെന്നാണ് എനിയ്ക്കു കിട്ടീട്ടുള്ള അറിവു്. ഇതുകൊണ്ടു് അധഃകൃതക്കു് എന്താണു് രക്ഷയുള്ളതു്? പത്തോ നാല്പതോ ഉറുപ്പിക അനുവദിച്ചിട്ടുണ്ടെങ്കിലും അതു കൊടുക്കുന്നില്ല. അതിലേയ്ക്കു് വെടിപ്പുരകൾ എഴുതി വാങ്ങിക്കുന്നതായി അറിയാം. ഈ നിലയിൽ തുക മാത്രം കണക്കിൽ കാണിച്ചിട്ടു സംഖ്യ സംരക്ഷകൻ ഏട്ടുക്കുകയാണു ചെയ്യുന്നതു് എന്നാണു് അറിയുന്നതു്. അധഃകൃതക്കു വേണ്ടി ചിലവിനു് ആവശ്യമുള്ള പണം ഗവർമ്മെണ്ടു അനുവദിച്ചിട്ടുണ്ടെങ്കിലും അതു മുഴുവൻ ശരിയായി അവർക്കു കിട്ടാതെ വന്നാൽ പിന്നെ എന്താണു് അധഃകൃതക്കു ഒരു രക്ഷയുള്ളതു്? ഇങ്ങിനെയാണോ സംരക്ഷിക്കുന്നതു്?

ഇനി കോളനി ഭരണത്തെ കുറിച്ചു് അല്പം പറയുവാനുണ്ടു്. മൃഗങ്ങളെ കൂട്ടിലിട്ടു രക്ഷിക്കുന്നതു പോലെയാണു് കോളനികൾ ഉണ്ടാക്കി കൊടുത്തു് അധഃകൃതരെ സംരക്ഷിക്കുന്നതു്. അവിടെ അവർക്കു യാതൊരു വിധ സ്വാതന്ത്ര്യവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി കോളനിയിൽ തന്നെ എത്രായിരം ഉരുപ്പികയാണ് ചിലവു ചെയ്തിട്ടുള്ളതെന്നു ഗവമ്മെണ്ടു കണക്കു നോക്കിയാൽ അറിയാം. വെറുതെ അഴിമുഖത്തു കൊണ്ടുപോയി കെട്ടിയിടുന്നതുപോലെയാണ് അവിടെ ചിലവാക്കുന്നതു്. ഇതുകൊണ്ടു പരമാത്ഥത്തിൽ അധഃകൃതക്കു യാതൊരു നന്മയും ലഭിക്കുന്നില്ല. ചില ഉദ്യോഗസ്ഥന്മാരും അവരുടെ കൂട്ടുകാരുമാണ് ഈയ്യുക ഭക്ഷിക്കുന്നതു്. അധഃകൃതരുടെപേരും പറഞ്ഞിട്ടു കൊണ്ടുപോയി തിന്നുന്ന ആളുകൾ വേറെയാണ്, അധഃകൃതസംരക്ഷണത്തിനെന്നും പറഞ്ഞ് ഓരോ ഉദ്യോഗസ്ഥന്മാരെ കൊണ്ടു വച്ചിട്ട് അധഃകൃതക്കു നാശങ്ങളുണ്ടാക്കുകയാണ് ചെയ്യുന്നതു്.

കുന്ദംകുളത്തുള്ള ഒരു ഭജനമഠത്തിൽ ഒരീഴവനെയാണ് വാർഡനായി വച്ചിട്ടുള്ളതു്. നിങ്ങൾ ഇരെ നില്ക്കണം; പുലയക്കു അടുത്തു വരുവാൻ പാടില്ല എന്നാണ് അയാൾ പറയുന്നതു്. നിങ്ങൾ വേല ചെയ്തുണ്ടാക്കിയ വൃക്ഷങ്ങളിൽ ഉണ്ടാകുന്നതു് എന്തു ചെയ്യുന്നു എന്നു ചോദിച്ചതിൽ അതു കൊണ്ടുപോയി സംരക്ഷണാപ്പീസ്സിൽ ഏല്പിച്ചുകൊള്ളുന്നു എന്നാണ് ആ വാർഡൻ പറയുന്നതു്.

ഇതിനും പുമെ അരനാട്ടുകര കാളനിയെ സംബന്ധിച്ചു ഒരു സംഗതി പറയാനുണ്ടു്. സംരക്ഷകൻ അവിടെ ചെന്നിട്ടു കൊ-ഓപ്പറേറീവ് സൊസൈറ്റി സെക്രട്ടേറിയെ എങ്ങിനെയോ കൈവശമാക്കി അവിടത്തെ സീൽ തന്റെ ആഫീസിലേയ്ക്കു കൊണ്ടുപോയി. പ്രത്യേകിച്ചു കുറെ റസലൂഷൻസു തയ്യാറാക്കി ആഫീസു് സീൽ വച്ചു് ഗവമ്മെണ്ടിലേക്കും ദിവാൻജി അവർകൾക്കും മഹാരാജാവു തിരുമനസ്സിലേയ്ക്കും അയച്ചിരിക്കുന്നു. റസലൂഷൻ ഇങ്ങിനെയാണ്. ക്ഷ ക്ഷ ഠ വ മിഥുനം ക ങ-ാംനു- പുതുതായി കെട്ടിയുണ്ടാക്കിയ സംഘം ആഫീസിൽ വെച്ചു കൂടിയ അരനാട്ടുകര വേട്ടുവ പരസ്പരസഹായസംഘത്തിന്റെ തീർപ്പുകൾ.

ക സംഘം ആഫീസിനു ഡിപ്പാർട്ടുമെണ്ടിൽ നിന്നും അനുവദിച്ചു തന്നിട്ടുള്ള കെട്ടിടം ഓടു ഇട്ടു തരുവാൻ ഈ യോഗം അഭ്യർത്ഥിക്കുന്നു.

൨. അധഃകൃതരുടെ ഉന്നമനത്തിനു സാമുദായികമായും ധനസംബന്ധമായും ഇരവുപകൽ അത്യധികം സന്തോഷത്തോടും ഉത്സാഹത്തോടും കൂടി സ്ഥിരപ്രയത്നം ചെയ്യുന്ന മഹാമനസ്സനായ നമ്മുടെ ഇപ്പോഴത്തെ സംരക്ഷകൻ അവർകളെ അധഃകൃത പ്രതിനിധിയായിരിക്കുന്ന കെ. പി. വള്ളോൻ അവാസ്ഥവമായും അകാരണമായും പരസ്യമായും ഹാസ്യമായും മനഃപൂർവ്വമായും കൊള്ളരുതായ്മ പറഞ്ഞു ആക്ഷേപിക്കുന്നതിൽ ഈ യോഗം അത്യധികം വ്യസനിക്കുന്നു. (ഇതൊക്കെ സംരക്ഷകൻ സൂത്രത്തിൽ അവരെ പിടിച്ചു വച്ചുകൊണ്ടു ചെയ്യിച്ചിരിക്കുകയാണ്)

LIBRARY ARCHIVES Kerala Legislative Assembly

ന. വള്ളോൻ പറയുന്നതു സകലതും തെറ്റാണെന്നും യാതൊരു ന്യായവും സത്യവും അയാൾ പറയുന്നതിൽ ഇല്ലെന്നും വെറുതെ ഞങ്ങൾക്ക് സ്വൽഗുണങ്ങളും കണ്ടറിഞ്ഞു ചെയ്യുന്ന ഞങ്ങളുടെ സംരക്ഷകനെ അയാൾ അപമാനിക്കുകയാണെന്നും മേലാൽ ഇയാളുടെ അഭിപ്രായങ്ങൾ സത്യമായി കണക്കാക്കാൻ പാടില്ലെന്നും എന്നാൽ അതിനെല്ലാം ഈ സംഘം ഉത്തരവാദിയാണെന്നും ഈ യോഗം തീരുമാനിക്കുന്നു. ഇതിന്റെ ഒരു കാപ്പി മഹാരാജാവു തിരുമനസ്സിലേയ്ക്കും മറെറാന്നു ദിവാൻജി അവർകൾക്കും അയച്ചുകൊടുപ്പാൻ യോഗം സിക്രട്ടറിയെ ഭരമേല്പിച്ചുകൊള്ളുന്നു.

ഇതു് സംഘാംഗങ്ങളാരും അറിഞ്ഞിട്ടില്ല. സംരക്ഷകനും സിക്രട്ടറിയും കൂടി ചെയ്തിട്ടുള്ളതാണെന്നു് അവിടത്തെ ഒരു ആൾ എനിക്ക് എഴുതിയിരിക്കുന്നു.

മിസ്റ്റർ കെ. ജി. നായർ.—അതിനു പകരമാണോ ഈ റസലൂഷൻ കൊണ്ടുവന്നിട്ടുള്ളതു?

മിസ്റ്റർ കെ. പി. വള്ളോൻ.—അതു അന്വേഷിപ്പിച്ചാൽ അറിയാവുന്നതാണു്. ഇങ്ങനെ സംരക്ഷകൻ സൂത്രത്തിൽ അയച്ചുകൊടുപ്പിച്ചിട്ടുള്ള റസലൂഷന്റെ ഒരു കാപ്പിയാണിതു്. യാതൊരു മീറ്റിംഗും കൂടാതെയാണു് ഈ റസലൂഷൻ ഉണ്ടാക്കി അയപ്പിച്ചിട്ടുള്ളതു്.

ഇനി തുല്യവേതനമുള്ള ഒരു അധഃകൃത ഹോസ്റ്റലിനെപ്പറ്റി ചിലതു പറയുവാനുണ്ടു്. ഈ ഹോസ്റ്റലിൽ വാർഡനായി നിയമിച്ചിട്ടുള്ളതു് സംരക്ഷകന്റെ ബന്ധുകുടുംബത്തിൽപെട്ട കേശവൻ എന്ന ഒരാളെയാണു്. അദ്ദേഹം അവിടത്തെ ഒരു വിദ്യാർത്ഥിയും കൂടിയാണു്. തന്റെ ബന്ധുവർഗ്ഗത്തിൽപെട്ട ഒരു വിദ്യാർത്ഥിക്കു് പത്തു പതിനഞ്ചുറുപ്പികയും അലവൻസു കൊടുക്കുന്നുണ്ടു്. ആ സഹായത്തോടു കൂടി പഠിക്കുകയും ചെയ്യാമെല്ലോ എന്നുദ്ദേശിച്ചാണു് അദ്ദേഹം വച്ചിരിക്കുന്നതു്. ആ വാർഡനെകൊണ്ടു അവിടത്തെ അധഃകൃത വിദ്യാർത്ഥികൾക്കു് വളരെ ഉപദ്രവം ഉണ്ടാകുന്നുണ്ടെന്നാണു് അവർ എനിക്ക് എഴുതി അയച്ചിരിക്കുന്നതു. അധഃകൃതർ അവരുടെ കുടിലുകളിൽ താമസിക്കുന്നതിനേക്കാൾഎത്രയോ നികൃഷ്ടമായിട്ടാണു് ആ വിദ്യാർത്ഥികൾ അവിടെ താമസിക്കുന്നതു്. ഈ ഹോസ്റ്റലിലേയ്ക്കും ഗവൺമെൻറു വലിയ ഒരു തുക ചിലവു ചെയ്യുന്നതായി കണക്കുകൊണ്ടു കാണുന്നുണ്ടു്. എന്നുമാത്രമല്ലാ ഏഴു രൂപാ, എട്ടുരൂപാ, ഒമ്പതു രൂപാ എന്നിങ്ങിനെ ഓരോ വിദ്യാർത്ഥികൾക്കും സ്റ്റൈപൻറു് കൊടുത്തുവരുന്നുണ്ടു്. ഇതു വാങ്ങിച്ചുകൊണ്ടാണു് ആ ഹോസ്റ്റൽ നടത്തുന്നതു". ഗവൺമെൻറു ഇതിലേയ്ക്കു് അനുവദിച്ചിട്ടുള്ള തുക എന്തു ചെയ്യുന്നു എന്നു് അ

LIBRARY ARCHIVES Kerala Legislative Assembly

നേഷിച്ചുനോക്കിയാൽ ഇതിന്റെ പരമാർത്ഥം അറിയാവുന്നതാണു്.

പിന്നെ അധഃകൃതരെ മർദ്ദിക്കുന്നതായിട്ടു് പല സ്ഥലത്തും പല പരാതികളും കേൾക്കുന്നുണ്ടു്. ഇടയ്ക്കിടെ ആരോ ഒരുത്തൻ ചെറായിയിൽ വെച്ചു് ഒരു അധഃകൃതനെ മർദ്ദിക്കുകയും ആ വിവരം പോലീസു കമ്മിഷണർ അവർകൾ അറിഞ്ഞു് ആർഡർ കൊടുത്തു് ഡിപ്പാർട്ട്മെന്റിൽ നിന്നും ആളുകളെ അയച്ചു് അന്വേഷിപ്പിച്ചു ചാർജ്ജു ചെയ്കയും ചെയ്തതായി എനിക്കറിയാം. എന്നാൽ സംരക്ഷകൻ അവിടെ സക്കീട്ടു് ചെന്നപ്പോഴേക്കും തല്ലിയ ആളേയും തല്ലുകൊണ്ട ആളേയുംവിളിച്ചു് തമ്മിൽ തീർപ്പിക്കുകയാണു് ഉണ്ടായതു്. ഇതിനെ സംബന്ധിച്ചു് ഒരീഴവ പത്രത്തിൽ എഴുതിയിട്ടുമുണ്ടായിരുന്നു. ഈ സ്ഥിതിയിലാണു് അധഃകൃത സംരക്ഷകൻ ഇന്നപ്രവൃത്തിക്കുന്നതെങ്കിൽ അദ്ദേഹം ഒരു അധഃകൃതസംരക്ഷകനല്ല, അധഃകൃത ക്ഷകനാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ചിലക്കില്ലാം അധഃകൃതസംരക്ഷണ ഡിപ്പാർട്ട്മെന്റിൽനിന്നും കൺടാക്ടു് കൊടുത്തിട്ടു പണം കൊടുക്കാതെയിരിക്കുന്നു. അവർ പണം കിട്ടുന്നതുകാണ്മിവും പറഞ്ഞു് ഗവർമ്മെൻറിനു വല്ല ഹർജ്ജിയും കൊടുത്തിട്ടുണ്ടെന്നുവരികിൽ അതു വെച്ചുകൊണ്ടു് ഇപ്പോഴും അധഃകൃതസംരക്ഷകൻ അവരെ പലവിധത്തിൽ ദ്രോഹിക്കുകയും ചെയ്യുന്നുണ്ടു്. എന്റെ അനുഭവത്തിൽപെട്ട ഒരു സംഗതി ഞാൻ ഇവിടെ പറയാം. അരനാട്ടുകര കോളനിയിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന കായി എന്നു പേരായ ഒരു ആൾക്കു് കൺടാക്ടു് നടത്തിയതിൽ സംഖ്യ കിട്ടീട്ടില്ലെന്നു ഹർജ്ജി കൊടുത്ത കാരണത്താൽ അയാളെ പല സ്ഥലങ്ങളിലും വെച്ചു പലതരത്തിലും നേരിട്ടു തല്ലുവാനും ഉപദ്രവിക്കുവാനും ഒരുങ്ങീട്ടുള്ളതായി എനിക്കറിയാം. ഇതുപോലെ പലസ്ഥലങ്ങളിലും പലർക്കും പണം കൊടുക്കുവാനുണ്ടു്. ശ്രീമതി സദാനന്ദൻ എന്നു പേരായ ഒരാൾക്കു് കുറെ പണം കൊടുക്കുവാനുള്ളതായിട്ടു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അവർകൾക്കു് ഹർജ്ജി സമർപ്പിക്കുകയുണ്ടായി.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—മറുപടി വല്ലതും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ കെ. പി. വള്ളോൻ.—പറഞ്ഞിട്ടുണ്ടു്. അവർകൾക്കു് സാധിക്കയില്ലെന്നു മറുപടിയുള്ളതായും കേട്ടു.

ഈ സ്ഥിതിയിൽ ഞങ്ങൾക്കൊരു ഡിപ്പാർട്ട്മെന്റുണ്ടാക്കിവെച്ചുകൊണ്ടു് ഈ മാതിരിയുള്ള ഞങ്ങളുടെ സ്വാതന്ത്ര്യത്തെ കെടുത്തുന്നതു് വലിയ കഷ്ടമാണു്. ഇതിനെ സംബന്ധിച്ചു് ഇവിടെ പല തവണയും പലവിധത്തിലും കേൾക്കുന്ന പരാതികൾ വാസ്തവമാണെന്നു് എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഗവമ്മെൻറിൽനിന്നും ഞങ്ങൾക്കു ചിലവാക്കുന്ന സംഖ്യ ഞങ്ങൾക്ക് കിട്ടുന്നുണ്ടോ എന്നും സംരക്ഷണ ഡിപ്പാർട്ടുമെൻറിൽ നിന്നും ആ വക സംഖ്യകൾ ശരിയായി ചിലവുചെയ്യുന്നുണ്ടോ എന്നും അന്വേഷിച്ചറിയുവാൻ ഒരു കമ്മിറ്റിയെ നിയമിക്കുവാൻവേണ്ടിയാണ് ഞാൻ ഈ റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളത്. ഇതിനെ ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ സംഗതിയിൽ മാന്യ മെമ്പർമാരാരും എതിർക്കുകയില്ലെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. ഗവമ്മെൻറു് ഇതിനെ സഹകരിക്കുമെന്നാണ് എൻറെ പൂർണ്ണമായ വിശ്വാസം.

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാൻ ഈ നിശ്ചയത്തെ പിന്താങ്ങുന്നു. സംരക്ഷണ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയുള്ള പരാതികൾ ഈ കൌൺസിലിലും പത്രങ്ങളിലും ഗവമ്മെൻറിൻെറ അടുത്തും വരുവാൻ തുടങ്ങിയിട്ടു കാലം വളരെയായി. ഈ പരാതികളിൽ കുറെ അതിശയോക്തിയുണ്ടായിരിക്കാം. എല്ലാം വാസ്തവമായിരുന്നില്ലെന്നു വരാം. പക്ഷെ ഗവമ്മെൻറു് ഇതിനെസംബന്ധിച്ചിട്ടുള്ളവരുന്ന നയം സംരക്ഷകനും അധഃകൃത സമുദായത്തിനും ഗവമ്മെൻറിനും ഗുണകരമായിട്ടുള്ളതാണെന്നു തോന്നുന്നില്ല. ഈ വക ആക്ഷേപങ്ങൾ ഇല്ലാത്തവയാണെന്നും അതിശയോക്തിയാണെന്നും വിചാരിക്കുന്നുണ്ടെങ്കിൽ അതു് ജനങ്ങൾക്കും ഈ കൌൺസിലിനും മനസ്സിലാക്കികൊടുക്കുവാൻ വേണ്ടി എന്തെങ്കിലും ഗവമ്മെൻറു് ഒരു അന്വേഷണം നടത്തേണ്ടതു് ആവശ്യമാണ്. ഇന്നു ഇവിടെ അധഃകൃത സംരക്ഷകനെ സംബന്ധിച്ചുണ്ടായ ചോദ്യത്തിനു പറഞ്ഞിരിക്കുന്ന മറുപടി നേരല്ലെന്നു ഞങ്ങളിൽ പലർക്കും നേരിട്ടറിയാം. ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷന്മാരെപ്പറ്റിയുള്ള ചോദ്യങ്ങൾക്കു അവർ എഴുതി അയക്കുന്ന മറുപടി ഇവിടെ കൊണ്ടുവന്നു വായിക്കുക എന്ന നയം ഏറ്റവും ഒടുക്കുന്നതു നന്നായിരിക്കയില്ല. അതു പരാതികൾക്കു ശരിയായ സമാധാനമാകയില്ല.

ഞാൻ ഈ നിശ്ചയത്തെ പിന്താങ്ങുന്നതു പ്രധാനമായി അധഃകൃത സംരക്ഷകൻെറ രക്ഷക്കുതന്നെ വേണ്ടിയാണ്. അദ്ദേഹത്തെപ്പറ്റിയുള്ള പരാതികളെപ്പറ്റി അന്വേഷിച്ചു അതുകൾ ശരിയല്ലെന്നു തെളിയിച്ചാൽ അതു അദ്ദേഹത്തിനു തന്നെ രക്ഷയായിരിക്കുമെന്നുള്ളതിനു സംശയമില്ല. അന്വേഷണം നടത്തുവാൻ വേണ്ടതരത്തിലുള്ള പരാതികളാണ് അധഃകൃത മെമ്പർ പറയുന്നതു്.

മിസ്റ്റർ എ. ശങ്കരപുത്തുവാൻ.—ഞാൻ ഈ പ്രമേയത്തെ ബലമായി എതിർക്കുന്നു. രണ്ടു കാരണങ്ങൾ കൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. ഒന്നാമതു് ഇതു് ഭരണശാസ്ത്ര സിദ്ധാന്തത്തിനു് തീരെ വിരുദ്ധമായ ഒരു വിഷയമായതുകൊണ്ടാണ്. രണ്ടാമ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തു് ഒരു ഡിപ്പാർട്ട്മെണ്ടിനെ കുറിച്ചു പറയുവാൻ വേണ്ടി അതിലെ മേലധികാരിയുടെ നടപടികളെപ്പറ്റി അന്വേഷിക്കുവാൻ ഉദ്യോഗസ്ഥന്മാരും അന്വേഷണോദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു ആവശ്യപ്പെടുവാൻവേണ്ടി ഒരു പ്രമേയംകൊണ്ടു വന്നിട്ടുള്ളതുതന്നെ അത്രയേറെ ഗൗരവതരമായ ഒരു പ്രവൃത്തിയാണെന്നു് എനിക്കു തോന്നുന്നില്ല. അധഃകൃത സംരക്ഷണ വകുപ്പിൽ പ്രൊട്ടക്ടരും, അദ്ദേഹത്തിന്റെ കീഴിൽ ഒരു ലേബർ ഇൻസ്പെക്ടരും ഒരു കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടരും ഇങ്ങിനെ രണ്ടു ഇൻസ്പെക്ടർമാരുമുണ്ടു്. ഈ സ്ഥിതിക്കു് ഡിപ്പാർട്ട്മെണ്ടിന്റെ ഭരണമൊന്നും ശരിയാകുന്നില്ല എന്നു പറഞ്ഞു പ്രൊട്ടക്ടരെ പ്രത്യേകം ദുഷിച്ചു് ഒരു പ്രസംഗം ചെയ്തതു് നിഷ്പക്ഷപാതികളായ ആളുകൾക്കു കേൾക്കുവാൻ അത്ര സുഖമായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ഈ അധഃകൃത ഡിപ്പാർട്ട്മെണ്ടു് വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിൽ നിന്നും വിഭജിച്ചിട്ടു സുമാർ രണ്ടു കൊല്ലമേ ആയിട്ടുള്ളൂ. ഇപ്പോഴത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൊണ്ടു തന്നെ മുമ്പുണ്ടായിരുന്ന "അലോട്ടുമെണ്ടു" കുറഞ്ഞു കുറഞ്ഞു വരുന്നതായിട്ടാണു് കാണുന്നതു്. ഇപ്പോൾ തൊണ്ണൂറെണ്ണായിരം ഉറുപ്പികയാണു് ഉള്ളതെന്നാണു് എന്റെ ഓർമ്മ. ഇതിൽ പകുതി സംഖ്യയോളം എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിലേക്കു പോകുന്നു. ബാക്കി സംഖ്യകൊണ്ടാണു് ഇതിലെ സാധാരണ ചിലവുകളും പരിഷ്ക്കാരങ്ങളുമൊക്കെ ചെയ്യുന്നതു്. ഇങ്ങിനെയുള്ള ഒരു കായ്ക്കുന്നതിൽ അധഃകൃത ഡിപ്പാർട്ട്മെണ്ടിന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം ഇതിലും കൂടുതൽ പരിഷ്ക്കാരങ്ങൾ എന്തെങ്കിലും സാധിക്കാമെന്നു തോന്നുന്നുണ്ടെങ്കിൽ ഗവർമ്മെണ്ടിലേയ്ക്കോ ഡിപ്പാർട്ട്മെണ്ടിലേയ്ക്കോ രേഖാമൂലമായ അറിവു കൊടുക്കുകയല്ലാതെ ആ ഡിപ്പാർട്ട്മെണ്ടു് മേലധികാരിയുടെ പേരിൽ ഏതെങ്കിലും വ്യക്തിപരമായ വിരോധം വച്ചുകൊണ്ടു ആക്ഷേപിക്കുന്നതു് തീരെ ശരിയായിട്ടുള്ളതല്ല. മേലുദ്യോഗസ്ഥനെ കുറച്ചെടുത്തണമെന്നോ കീഴുദ്യോഗസ്ഥന്മാരെ കളയണമെന്നോ ഉള്ള എന്തെങ്കിലും ഒരുദ്ദേശം വച്ചുകൊണ്ടു ഡിപ്പാർട്ട്മെണ്ടിന്റെ പ്രവൃത്തികളെപ്പറ്റി എൻക്വയർ ചെയ്യണമെന്നു പറയുന്നതും ശരിയല്ല.

പ്രൊട്ടക്ടർ പറയുന്നതൊന്നും ശരിയല്ല, നുണയാണു് എന്നൊരു അഭിപ്രായം ഇവിടെ പറയുകയുണ്ടായി. അതു് പരമാർത്ഥമാണെന്നു് ഗവർമ്മെണ്ടിനു് ബോദ്ധ്യം വന്നാലും ആ ഡിപ്പാർട്ട്മെന്റിന്റെ നടപടികളെക്കുറിച്ചു അന്വേഷണം നടത്തുവാൻ വേണ്ടി ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും കൂടിയുള്ള ഒരു കമ്മിറ്റി വേണമെന്നു പറയുന്നതിൽ ഒരു അടിസ്ഥാനവുമില്ല. ഇന്നു ഈ വിധത്തിലായതിനാലെ ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെണ്ടിനും ഒരു

കമ്മിറ്റി വേണമെന്നു പറയും. മെഡിക്കലിനു് ഒരു കമ്മിറ്റി, പോലീസിനു് ഒരു കമ്മിറ്റി ഇങ്ങനെ എല്ലാറ്റിനും ഓരോ കമ്മിറ്റി വേണമെന്നു പറഞ്ഞു കഴിഞ്ഞാൽ പിന്നെ ഗവൺമെണ്ടിന്റെ ആവശ്യംതന്നെയില്ല. ഞാൻ ഇവിടെ കേട്ടിടത്തോളമുള്ള പ്രസംഗങ്ങളിൽനിന്നും ഒരു കമ്മിറ്റി മുഖാന്തിരം അന്വേഷണം നടത്തുവാനായിട്ടുള്ള യാതൊരു സംഗതിയും ഈ വിഷയത്തിലുണ്ടെന്നു് എനിക്കു തോന്നുന്നില്ല. എന്നാൽ ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തികളിൽ അധികഭാഗവും പ്രൊട്ടക്ടർക്കു ഗവൺമെണ്ടിന്റെ അനുവാദം കൂടാതെ ചെയ്യുവാൻ സാധിക്കുകയില്ല. അങ്ങിനെയിരിക്കെ ആ മേലധികാരിയുടെ പ്രവൃത്തികളെക്കുറിച്ചു് അന്വേഷിക്കുവാൻ ദിവാൻജിയുടെ ഉഷ്ടിയിൽ. ഒരു കമ്മിറ്റിയെ വയ്ക്കണമെന്നു പറഞ്ഞാൽ അതിന്റെ സ്ഥിതിയെന്താണു്? വളരെ ഗൌരവത്തരങ്ങളായ കാര്യങ്ങളെ സംബന്ധിച്ചു പറയുവാനുള്ളപ്പോൾ ഈ മാതിരി ശിഥിലതരങ്ങളായ കാര്യങ്ങൾക്കുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചു് അന്വേഷണം നടത്തണം എന്നു പറയുന്നതു തന്നെ ഗവൺമെണ്ടിന്റെ ഗൌരവത്തിനു വളരെ പോരായ്മയാണു്. അതുകൊണ്ടു് ഒന്നാമതായിട്ടു് ഈ സംഗതിയെ ഞാൻ ബലമായി എതിർക്കുന്നു.

രണ്ടാമതു് ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി ഇവിടെ പറഞ്ഞിട്ടുള്ള സംഗതികളൊന്നും ശരിയായിട്ടുള്ളതാണെന്നു് എനിക്കു തോന്നുന്നില്ല. ഈ ഡിപ്പാർട്ടുമെണ്ടിൽ മുമ്പിലത്തേക്കാൾ വളരെ അധികം പരിഷ്കാരങ്ങൾ ഇപ്പോൾ വന്നു കഴിഞ്ഞിട്ടുണ്ടു്. മുമ്പു നാലു കാളനികളുണ്ടായിരുന്നതു് ഇപ്പോൾ അറുപത്തിനാലു കാളനികളായിട്ടുണ്ടു്. കൂടാതെ വീടുകൾ, കിണറുകൾ മുതലായ കാര്യങ്ങളിലും വളരെ അധികം സഹായങ്ങൾ ചെയ്തുവരുന്നുണ്ടു്. ഇനിയും കൂടുതലായ പരിഷ്കാരം നടപ്പാക്കുവാൻ കഴിയുമായിരിയ്ക്കാം.

ഈ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചു പല പ്രാവശ്യവും പല വിധത്തിലും അനേകം കാര്യങ്ങൾ ഗവൺമെണ്ടിനെ ധരിപ്പിച്ചിട്ടും ഗവൺമെണ്ടു് അതിലേക്കു വേണ്ടി ഒന്നും ചെയ്യാത്തതുകൊണ്ടാണു് ഇപ്രകാരം ഉദ്യോഗാന്വേഷികളായിരിക്കുന്ന ഓരോ കമ്മിറ്റി ഏർപ്പെടുത്തുവാനാവശ്യപ്പെടുന്നതു് എന്നു പറയുന്നതും ശരിയല്ല. ഇപ്പോൾ തന്നെ പ്രൊട്ടക്ടർ പറയുന്നതോ മെമ്പർ പറയുന്നതോ ഏതാണു് ശരിയെന്നു നോക്കിയാൽ വെറുതെ തമ്മിൽ തമ്മിലുള്ള വൈരാഗ്യംകൊണ്ടോ, അസൂയകൊണ്ടോ, ഈ കൌൺസിലിൽ ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നിട്ടുള്ളതാണെന്നു കാണാം. ഇതു് ഏറ്റവും പരിതാപകരമായിട്ടുള്ള ഒരു പ്രവൃത്തിയാണു്. ആ മെമ്പർ ഈ കൌൺസിലിൽ ഇല്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല. അദ്ദേഹത്തിന്റെ അഭിപ്രായം മുഴുവനും തുറന്നുപറയുവാനും അദ്ദേഹത്തിനു് സാധിക്കയില്ല. ഗവണ്മെന്റു് സിക്രട്ടറിയൊ പേഷ്കാർ അവർകളൊ അദ്ദേഹത്തിനുവേണ്ടി അറിവുള്ളതു പറയുമായിരിക്കും. ഇങ്ങിനെ ഏകപക്ഷമായിട്ടനിന്നു് ഒരു കക്ഷിയുടെ മേൽ കുറ്റം ആരോപിക്കുന്നതു് ഒരിക്കലും ന്യായമായിട്ടുള്ളതൊ നല്ലതായിട്ടുള്ളതൊ അല്ലെന്നാണു് എന്റെ അഭിപ്രായം. അതിനാൽ അധഃകൃത പ്രതിനിധി ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിന്റെ അനൌചിത്യം ആലോചിച്ചിട്ടും ഈ കൌൺസിലിൽ ഒരിയ്ക്കലും ഇതു് അനുവദിക്കുവാൻ പാടുള്ളതല്ലെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ പി. കൃഷ്ണമേനോൻ.—ഈ പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചതു് ശരിയായിട്ടുള്ളതാണെങ്കിലും അല്ലെങ്കിലും പ്ലേഗുഷ്പ്രസ്ഥാവനകൾക്കും ഇടയാക്കിയതിൽവെച്ചു് ഞാൻ അത്യന്തം വ്യസനിക്കുന്നു. വളരെക്കാലമായിട്ടു് ഈ ആക്ഷേപങ്ങൾ കേൾക്കാറുണ്ടെന്നു് മെമ്പർമാക്കെല്ലാവർക്കും അറിയാം. അതിനും പുറമെ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ള ആൾതന്നെ ഗവണ്മെന്റിനു് ഒരു സർട്ടിഫിക്കറും കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. അതു് എന്താണെന്നുവച്ചാൽ —അദ്ദേഹത്തിന്റെ വാക്കു് ഉപയോഗിക്കുകയാണെങ്കിൽ— "ഒരുവിധം സമാധാനം പറഞ്ഞു" ഗവണ്മെന്റു് കഴിച്ചുകൂട്ടുക എന്നാണു്". എന്റേയും മറ്റുള്ള ആളുകളുടേയും ആവലാതികൾ ഒക്കെ ഉണ്ടായിട്ടും ഗവണ്മെന്റു് പറയുന്ന മറുപടി ഇങ്ങിനെയാണെന്നുപറയുമ്പോൾ എനിയ്ക്കു തോന്നുന്നതു് ഇതു് സംരക്ഷകനെ സംബന്ധിച്ചുള്ള ഒരു റസല്യൂഷൻ അല്ലെന്നാണു്. അനവധി പ്രാവശ്യം ഗവണ്മെണ്ടിന്റെ അടുക്കൽ ആവലാതിപ്പെട്ടിട്ടും ഗവണ്മെന്റു് യാതൊന്നും ചെയ്യാത്തതുകൊണ്ടു് ഗവണ്മെന്റിന്റെ നടപടികളെ കുറിച്ചു് അന്വേഷിക്കുവാൻ വേണ്ടിയാണു് ഇങ്ങിനെ ഒരു കമ്മറിയെ നിയമിക്കണം എന്നു പറയുന്നതിന്റെ ആവശ്യം നേരിട്ടിട്ടുള്ളതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. അല്ലാതെ ഇങ്ങിനെ ഗവണ്മെന്റിന്റെ അടുക്കൽ പറഞ്ഞിട്ടു യാതൊരു സമാധാനവും ഉണ്ടായിട്ടില്ലെന്നു പറയുമ്പോൾ, ഇതിൽ അധികം നിന്ദനത പറയിയിരിക്കുന്നതു് ഗവണ്മെന്റിനൊ സംരക്ഷകനൊ എന്നു് ആലോചിച്ചാൽ മനസ്സിലാക്കുവാൻ പ്രയാസമില്ല. അങ്ങിനെയുള്ള ഒരു ഗവണ്മെന്റിന്റെ നടപടിയെക്കുറിച്ചു് അന്വേഷിയ്ക്കണമെന്നാണു് അവതാരകനു് ഉദ്ദേശമുള്ളതെന്നും സംശയിക്കേണ്ടിവന്നിരിക്കുന്നു.

തെക്കെ ഇംഗ്ലണ്ടിനെ എനിയ്ക്കു പല കാര്യങ്ങളിലും വളരെ ബഹുമാനമുണ്ടു്. പ്രത്യേകിച്ചും ഇന്നു വിശേഷവിധിയായിട്ടുള്ള ഒരു ബഹുമാനവും കൂടി എനിയ്ക്കു് അദ്ദേഹത്തോടുണ്ടു്. അതു് എന്താണെന്നുവച്ചാൽ ഇവിടെ പറഞ്ഞിരിക്കുന്ന സംഗതിക

LIBRARY ARCHIVES Kerala Legislative Assembly

ള്ളൊക്കെ അനേഷിയ്ക്കാനായിട്ട് ഒരു കമ്മറ്റിയെ നിയമിക്കണം. അതു് പ്രത്യേകിച്ചും സംരക്ഷകന്റെ രക്ഷയ്ക്കുവേണ്ടി, എന്നു് അഭിപ്രായപ്പെട്ടതുകൊണ്ടാണു്. ഇതിനേക്കുറിച്ചും വേറേയും ആക്ഷേപങ്ങൾ പലതും ഇവിടെ പറഞ്ഞിട്ടുണ്ടെങ്കിലും അവയെ ഓരോന്നായി എടുത്തു പറയുവാൻ ഞാൻ ശ്രമിക്കുന്നില്ല. എന്നാൽ ഒരു കാര്യം പറയാതെ കഴികയില്ല. ഇത്രവളരെ ആക്ഷേപങ്ങൾ ഈ വിഷയത്തിൽ പറഞ്ഞുകേൾക്കുന്നുണ്ടു്. അതെല്ലാം വെറും അതിശയോക്തിയും ബാക്കിയുള്ള ആളുകൾ പറയുന്നതു് മുഴുവൻ വാസ്തവവുമാണെങ്കിൽ ഇതിനെക്കുറിച്ചൊന്നും ഗവൺമെൻറിനെ ഇത്രവരെ ബോദ്ധ്യപ്പെടുത്താതിരിക്കുവാനുള്ള കാരണമെന്താണു്? (ഹീയർ, ഹീയർ) എത്രവളരെക്കാലമായിട്ടു പറയുന്നു, വർത്തമാനപ്പത്രങ്ങളിലും പറയുന്നുണ്ടു്, അനേകം ഹർജികളും വരുന്നുണ്ടു്. ഇതൊക്കെയായിട്ടും ഗവൺമെൻറിനു് കുസലില്ലേ? ഇങ്ങിനെ ഇതിനെപ്പറ്റി ആലോചിക്കാതേയും ശ്രമിക്കാതേയും ഇരിക്കുന്നതു് ശരിയാണെന്നാണോ വിശ്വസിയ്ക്കേണ്ടതു്. അങ്ങിനെയുള്ള ഒരു ഗവൺമെൻറിന്റെ കീഴിലാണോ നാം ഇരിക്കേണ്ടതു്? നിശ്ചയമായും കൊച്ചീ ഗവൺമെൻറു് അതിൽ പെടുമെന്നു വിചാരിക്കുവാൻ ഞാൻ തയ്യാറില്ല.

പിന്നെ പുസ്തകം സ്റ്റോറു് മുതലായ കാര്യങ്ങളിലും ആക്ഷേപങ്ങൾ ഉണ്ടാകുന്നുണ്ടു്. അധഃകൃത മെമ്പർ പറയുന്നതു് ആ ഡിപ്പാർട്ടുമെണ്ടിലേക്കു നീക്കിവെച്ചിട്ടുള്ള ധനം ഞങ്ങൾക്കുതന്നെ കിട്ടണമെന്നാണു്. നിശ്ചയമായും അങ്ങിനെതന്നെയാണു വേണ്ടതു്. ഇതു് ആദ്യം ലക്ഷത്തിൽ തുടങ്ങിയിട്ടു് ഇപ്പോൾ തൊണ്ണൂറിലെത്തിലേയ്ക്കു വന്നിട്ടുണ്ടു്. ഏതായാലും ഈ പറഞ്ഞിട്ടുള്ളതിൽ ഒരു ചില്ലിപോലും കളയാതെ അധഃകൃതരുടെ തലയിലൊ അവരുടെ വയറിലൊ ആക്കിയാൽ കൊള്ളാമെന്നാണു് എനിയ്ക്കുള്ള മോഹം. അവരുടെ തലയിൽ ആക്കുവാൻ സാധിച്ചില്ലെങ്കിലും വയറിനുള്ളിലാക്കിയാലെങ്കിലും മതിയാകും. അതുകൊണ്ടു് ഈ സ്റ്റൈപ്പെൻറു് എങ്കിലും അവർക്കു ശരിയായിട്ടു കിട്ടുന്നുണ്ടൊ എന്നനേഷിയ്ക്കേണ്ടതാണു്. ഇതിനെ സംബന്ധിച്ചു് എനിയ്ക്കു നേരിട്ടറിയുവാൻ സാധിച്ചിട്ടുള്ള ഒരു സംഗതി ഇവിടെ പറയാം. എന്റെ അനേഷണത്തിൽ ഒരു സ്കൂളുണ്ടു്. അവിടെയുള്ള കുട്ടികൾക്കു ശരിയായി സ്റ്റൈപ്പൻറു് കിട്ടുന്നുണ്ടൊ എന്നു ഞാൻ അനേഷിച്ചിട്ടുണ്ടു്. ഒരിയ്ക്കൽ സ്റ്റൈപ്പൻറു് കിട്ടിയിട്ടില്ലെന്നുള്ള തെറ്റിദ്ധാരണയ്ക്കിടയായി. ആ തെറ്റിദ്ധാരണ വച്ചുകൊണ്ടു് ഞാൻതന്നെ ഈ കൌൺസിലിൽ ഒരു ചോദ്യം അയച്ചിട്ടുണ്ടു്. എന്നാൽ അപ്പോൾ ഞാൻ വിചാരിച്ചിരുന്നതു മാത്രമായില്ല അതിനെത്രയോ മുമ്പുതന്നെ അതു കൊടുത്തുകഴിഞ്ഞിരിക്കുന്നു എന്നാണു് പിന്നീടു് അറിവുകിട്ടിയതു്. അവർക്കു കൊടുക്കാനായി വസ്തു

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ കൊണ്ടുവന്നപ്പോൾ അതു് എന്നെ കാണിച്ചില്ലാതെ ഡിസ്റ്റ്റിബ്യൂട്ട് ചെയ്യുവാൻ പാടില്ലെന്നാണു് ഞാൻ പറഞ്ഞതു്. അതു് വിലയെപ്പറ്റി നിശ്ചയിക്കുവാനൊ എവിടെനിന്നു്വാങ്ങി എന്നറിയുവാനൊ വേണ്ടി അല്ല. കുട്ടികളുടെ ആവശ്യത്തിനു് ഉപയോഗിക്കുവാൻ ധാരാളം മതിയായ സ്റ്റോക്കുണ്ടായിരിക്കുമൊ എന്നറിയുവാൻമാത്രമാണു്. എന്നാൽ അതു് ഞാൻ ഉദ്ദേശിച്ച രീതിയിലും അവക്കു ഉപയോഗിക്കത്തക്ക രീതിയിലും കൊടുത്തിട്ടുണ്ടു്.

മുളവുകാടു ഭജനമഠത്തെക്കുറിച്ചു് ഇവിടെ പറയുകയുണ്ടായി. അതിലും എനിയ്ക്കു് കുറെ ബന്ധമുണ്ടു്. ആ ഭജനമഠത്തിനു് സ്ഥലമെടുത്തതു് എന്റെ അടുക്കൽ നിന്നായിരുന്നു. ഞാനായിരുന്നു ആ സ്ഥലത്തിന്റെ ഉടമസ്ഥൻ. അവിടെ ഞാൻ വേറെ ചില കാര്യങ്ങൾക്കായി ഇടക്കിടെ പോകയും ഭജനമഠം കാണുകയും ചെയ്തിട്ടുണ്ടു്. ആ സ്ഥലം ഇപ്പോൾ പാട്ടത്തിനു കൊടുത്തിരിക്കുന്നുവെന്നും അഞ്ചൊ ഏഴൊ ഉറുപ്പിക വർഷത്തിൽ കിട്ടിവരുന്നുണ്ടെന്നും പറയുന്നു. അതു പോകട്ടെ. ഈ ഭജനമഠം ഉണ്ടാക്കിയതാരാണെന്നു നോക്കിയാൽ വേറെ ഒരാൾ കയ്യിൽനിന്നും ചിലവുചെയ്തു് കെട്ടിയുണ്ടാക്കിയതാണു്. എന്നാൽ ആ ആൾക്കു് എത്ര ചിലവായി എന്നതു് രൂപ, അണ, പൈസ, എന്ന നിലയിൽ കൃത്യമായി പറയുവാൻ ഞാൻ തയ്യാറല്ല. ഇതിലേക്കു് നാനൂററുപ്പിലധികം ഉറുപ്പിക ചിലവായി എന്നു കേൾക്കുന്നു. ആ പറമ്പു് ഒരു മുരുങ്ങിയ പാട്ടത്തിനാണു് ഗവർമ്മെൻറു് ആ ആളെ ഏല്പിച്ചിരിക്കുന്നതു്. ഈ ഭജന മഠം കെട്ടിയുണ്ടാക്കിയ ആൾക്കു് അയാളുടെ ചിലവായ സംഖ്യക്കനുസരിച്ചുള്ള യാതൊരു പ്രതിഫലവും കിട്ടിവരുന്നില്ല. കുറെ ആദായം വന്നാൽ കൂടിയും അയാൾക്കു അതിൽ ധാരാളം നഷ്ടമുണ്ടു്.

ഈ വക കാര്യങ്ങൾ ഈ കൌൺസിലിൽ വന്നു് പറഞ്ഞു നിലവിളിക്കുന്നതിന്റെ കാര്യവും ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട അവതാരകൻതന്നെ ഇവിടെ പറഞ്ഞതു് അദ്ദേഹത്തിന്റെ മനസ്സിൽ അദ്ദ്വേഷം തരക്കേടുകളൊന്നും വച്ചുകൊണ്ടല്ല പറഞ്ഞിട്ടുള്ളതു് എന്നാണു്. ഇങ്ങിനെയുള്ള ഒരാൾ കൊണ്ടുവന്നിട്ടുള്ള ആവലാതികളിൽ ഒന്നെങ്കിലും ബോദ്ധ്യപ്പെട്ടുത്തികൊടുക്കുവാൻ ആക്കെങ്കിലും കഴിഞ്ഞിട്ടുണ്ടൊ?

ഈ സംരക്ഷകനെ ഈ ഉദ്യോഗത്തിൽ വയ്ക്കുവാൻ തീരുമാനിച്ച കാലത്തുതന്നെ ഇങ്ങിനെയുള്ള ഹർജികളും മറ്റും കിട്ടീട്ടുണ്ടു്. അദ്ദേഹത്തെ എന്നു നിയമിച്ചുവൊ അന്നു മുതൽ അദ്ദേഹത്തിനു് ദുഷപ്പിഴയുംഉണ്ടു്. എന്റെ അഭിപ്രായത്തിൽ ഈ വക കാര്യങ്ങളെ കുറിച്ചു ഒരു വാദപ്രതിവാദം ഈ കൌൺസിലിൽ കൊണ്ടുവന്നു് വെറുതെ സമയം കളയുന്നതു ഭംഗിയല്ലെന്നാണു് തോന്നുന്നതു്. അവയ്ക്കു വേണ്ടി അനുവദിച്ചിട്ടുള്ള ഒരു പൈ പോലും അവക്കുതന്നെ കിട്ടണമെന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

എന്റേയും താല്പര്യം. അതിലേയ്ക്കാവശ്യമുള്ള ഒത്താശകളെല്ലാം ഈ കൌൺസിലിൽ എല്ലാവരും ചെയ്യുവരുന്നുമുണ്ട്. ഇതു് ഒരാളെപ്പറ്റി—ഈ കൌൺസിലിൽ സ്വാതന്ത്ര്യമായി പറയുവാൻ സാധിക്കാത്ത ഒരു വ്യക്തിയെപ്പറ്റി—കൊണ്ടുവന്നിട്ടുള്ള ഒരു വിഷയമാണു്. പൊതുവായം അവർകളും പറഞ്ഞതുപോലെ വേറൊരുവഴിക്കു മൂന്നാമതായി ഒരാളെ ഉണ്ടാക്കിയിട്ടുവേണം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും ഇവിടെ അറിയിക്കുവാൻ. പ്രൊട്ടക്ടരുടെ അടുക്കൽനിന്നു ചോദിക്കുന്ന ചോദ്യങ്ങൾക്കു മാത്രമുള്ള മറുപടി അറിഞ്ഞാണു് സിക്രട്ടറി അവർകൾ ഇവിടെപറയുന്നതു്. ചോദിക്കുന്ന ചോദ്യത്തിനു് സമാധാനം മാത്രമല്ലാതെ തന്റെ അഭിപ്രായങ്ങളും മുഴുവനും തുറന്നുപറയുവാൻ പ്രൊട്ടക്ടർക്കു സാധിക്കയില്ല. ഇങ്ങിനെ രണ്ടു ഒരാൾ വഴിക്കു് ചോദിച്ചു പറയുന്നതിൽ ഭേദം അദ്ദേഹത്തിനുതന്നെ ഇവിടെവന്നു പറയുവാൻ അനുവദിച്ചുകൂടേ? അതല്ലാതെ സ്ഥിതിയ്ക്കു് ഇങ്ങനെ ഒരു നാടകം നടത്തണമെന്നുപറയുമ്പോൾ ഇന്നു വൈകുന്നേരത്തെ വണ്ടിക്കു തന്നെ റസ്റ്റുരാൽനിന്നു" പുറപ്പെടുകയല്ലേ വേണ്ടതു"? വെറുതെ കണ്ടാക്ടുകൂടുന്നതിനേക്കാൾ ഒരാൾക്കു കൊടുത്തു എന്നു പറഞ്ഞിട്ടു് സമയം കളയുകയല്ല വേണ്ടതു". ഇതിനെസംബന്ധിച്ചുള്ള ചില ദുഷ്ടാന്തങ്ങൾ ഈ കൌൺസിൽ മുഖാന്തിരം ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽപെടുത്തുകഴിഞ്ഞിട്ടുണ്ടു". ആ സ്ഥിതിക്കു ഇതിലേയ്ക്കു് ഒരു കമ്മിറ്റിയെ നിയമിക്കുകയല്ലേ വേണ്ടതു"? അതുകൊണ്ടു് ഇതിലേയ്ക്കു് ദീർഘമായ ഒരന്വേഷണം ഗവർമ്മെൻറിൽനിന്നും നടത്തേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഇതിന്റെ അവതാരകനോടു" ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചാൽ കൊള്ളാമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. രാമരമേനോൻ—ഈ പ്രമേയത്തെ ഞാനും എതിർക്കുന്നു. ഇവിടെ പറഞ്ഞ ചില ആക്ഷേപങ്ങൾക്കു വല്ല അടിസ്ഥാനമുണ്ടായിരിയ്ക്കാം. എന്നാൽ അധികഭാഗത്തിനും യാതൊരു അടിസ്ഥാനവുമില്ലെന്നാണു് എന്റെ അനുഭവത്തിൽ അറിയുന്നതു്. സംരക്ഷകനു് അനുകൂലമായിട്ടു് ഒരു കക്ഷിയും പ്രതികൂലമായിട്ടു് ഒരു കക്ഷിയും ഉണ്ടെന്നുള്ള പ്രത്യക്ഷമാണു്. രക്ഷകന്റെ മുഖത്തു കഴയുന്നതും കരുതേക്കണമെന്നാണു് ആ വിരോധകക്ഷിയുടെ ആഗ്രഹം എന്നു് കഴിഞ്ഞ മീറ്റിംഗിൽ ചോദിച്ച ഒരു ചോദ്യം നോക്കിയാൽ കാണാം. ആ ചോദ്യത്തെ സംബന്ധിച്ചു" ഞാൻ വളരെ അത്ഭുതപ്പെട്ടു. ഈ പ്രമേയത്തെ അനുകൂലിച്ചു പിൻതാങ്ങിയ മെമ്പർ കൂടി ആക്ഷേപങ്ങൾക്കു് എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ എന്നു് എനിക്കു അറിഞ്ഞുകൂടെന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ വക കാരണങ്ങൾകൊണ്ടു് ഈ പ്രമേയത്തെ അനുകൂലിയ്ക്കുവാൻ യാതൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജാഫ്ഫു ചാകുമാമുറി.—ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു. ഇതിനോടുകൂടി ഒരു സംഗതി എനിക്കു ബഹുമാനപ്പെട്ട മെമ്പറോടു പറയുവാനുണ്ടു്. ഇപ്പോൾ ഗവൺമെന്റിൽനിന്നു ഒമ്പതിനായിരം ഉറുപ്പികയ്ക്കു മേൽ അധഃകൃതക്കായിട്ടു് ചിലവു ചെയ്തുവരുന്നുണ്ടു്. അതു ബഹുമാനപ്പെട്ട ഗവൺമെന്റിനു് അധഃകൃതസമുദായത്തോടു പ്രത്യേകം അനുകൂലമുള്ളതുകൊണ്ടാണു് ചിലവാക്കിവരുന്നതു്. സാധുക്കളായ ആളുകൾ അധഃകൃതസമുദായത്തിൽ മാത്രമല്ലല്ലോ സ്ഥാനികളുടെ ഇടയിലും നായന്മാരുടെ ഇടയിലും പട്ടന്മാരുടെ ഇടയിലും ധാരാളം കാണുന്നുണ്ടു്. അവയ്ക്കൊന്നും ഈ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാതെ നിങ്ങൾക്കുമാത്രം പ്രത്യേകമായിട്ടു് ഇപ്രകാരം ഒരു ഒമ്പതിനായിരം ഉറുപ്പിക അനുവദിച്ചുതന്നിരിക്കുമ്പോൾ അതുവെച്ചുകൊണ്ടു് നിങ്ങൾതമ്മിൽ യോജിച്ചു പ്രവൃത്തിക്കാതെ പത്രങ്ങളിലും ഈ കൌൺസിലിലും ഇങ്ങിനെയുള്ള കുപ്രചാരകളും പരാതികളും ഉണ്ടാക്കിതീർക്കുന്നതു വളരെ കഷ്ടമാണു്. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറോടു എനിക്കു പറയാനുള്ളതു് നിങ്ങൾ തമ്മിൽ യോജിച്ചു് ഈ മാതിരിയുള്ള പരാതികൾക്കൊന്നും ഇടവരാത്ത നിലയിൽ നിങ്ങൾക്കുവേണ്ടി ചിലവാക്കുന്ന സംഖ്യ നിങ്ങൾക്കുതന്നെ കിട്ടത്തക്കവണ്ണം ഗവണ്മെന്റു് ആലോചിച്ചു പ്രവൃത്തിക്കുകയല്ലാതെ വേറെ ഇവിടെവന്നു പരാതിപറഞ്ഞിട്ടു യാതൊരു കാര്യവും ഇല്ല. ബഹുമാനപ്പെട്ടതെക്കെ ഈഴവമെമ്പർ പറഞ്ഞതുപോലെ ഈ മാതിരി പരാതികൾ ഉണ്ടാകുന്നതിനു് ഒരാൾ വിചാരിച്ചാൽ മതി; ഇതിനേക്കാൾ നാലുകൂടി പരാതികളുണ്ടാക്കുവാൻ പ്രയാസമില്ല. ഇതിനെസംബന്ധിച്ചു് വളരെ ഘോരങ്ങൾ ഘോരിച്ചിട്ടുമുണ്ടു്. അതിനെല്ലാം ഗവൺമെന്റു മറുപടി പറഞ്ഞിട്ടുമുണ്ടു്. ഈ മാതിരി സംഗതികൾ വളരെകാലമായി, ഈ കൌൺസിൽ തുടങ്ങിയകാലംമുതൽതന്നെ ഘോരങ്ങൾ വഴിയായി ഗവൺമെന്റിനെ അറിയിച്ചിട്ടും അതിലേക്കു ഗവൺമെന്റു പറഞ്ഞിട്ടുള്ള മറുപടികൊണ്ടു തൃപ്തിവരാഞ്ഞതുകൊണ്ടാണു് ഇപ്രകാരം ഒരു റസലൂഷൻ കൊണ്ടുവന്നിട്ടുള്ളതെന്നുതോന്നുന്നുണ്ടു്. ഇതിനെസംബന്ധിച്ചു പറയുന്ന പരാതികൾ എല്ലാം ഇല്ലാത്തതായിരിക്കയില്ല എങ്കിലും എന്റെ അറിവിൽപ്പെട്ടിടത്തോളം ഇതു് ഒരു പുരുഷപരമായ ദ്വേഷം കൂടിവെച്ചുകൊണ്ടു പറയുന്നതാണെന്നു് എനിക്കു തോന്നുന്നുണ്ടു്. കഴിഞ്ഞതവണതന്നെ പ്രൊട്ടക്ടരെപ്പറ്റിയുള്ള ഒരു ഘോരമുണ്ടായതിൽ അദ്ദേഹത്തെ അറസ്റ്റുചെയ്തിട്ടുണ്ടോ എന്നും മറ്റും ഘോരിച്ചിട്ടുണ്ടു്. അതും എത്രയോ മുമ്പു ഇങ്ങനെ ഒന്നുനടന്നിട്ടുണ്ടോ എന്നാണു് ഘോരിക്കുന്നതു്. അതല്ലാം പ്രത്യേകിച്ചു ഗവൺമെന്റിൽനിന്നും നിങ്ങൾക്കുവേണ്ടി ഈ ഒമ്പതിനായിരംഉറുപ്പിക പൊതുആളായത്തിൽനിന്നാണു് എടുത്തുചിലവാക്കുന്നതു്. അതിനെറ

LIBRARY ARCHIVES Kerala Legislative Assembly

വിലഎത്രയാണെന്ന്നിങ്ങൾ മനസ്സിലാക്കുന്നില്ല. ഇത്രയും സംഖ്യ നിങ്ങളുടെ ആവശ്യത്തിനുവേണ്ടി ചിലവാക്കുന്നതിൽ പലർക്കും പലതരം ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നുണ്ട്. ഇതുകൊണ്ടുതന്നെ അധ്യക്ഷതരെ നന്നാക്കുന്ന കാര്യത്തിൽ പലരും കഷ്ടപ്പെടേണ്ടിവരുന്നുണ്ടെന്നു് മനസ്സിലാകും.

ഇനി പോലീസുഡിപ്പാർട്ടുമെണ്ടുകാരുടെ കാര്യം നോക്കുകയാണെങ്കിൽ ഒരു അധ്യക്ഷതനെ ഒരു പോലീസുകാരൻചെന്നു വിളിച്ചാൽ നാളെ "അധ്യക്ഷതരെ മർദ്ദിച്ചു, ഡിപ്പാർട്ടുമെണ്ടു് മേലധികാരിയുടെ ശ്രദ്ധയില്ലായ്മ" എന്ന തലക്കെട്ടിൽ പത്രത്തിൽ എഴുതിവിടും. അതുപോലെ അധ്യക്ഷതർ മെഡിക്കൽ സർട്ടിഫിക്കറിനു ചെന്നാൽ സർട്ടിഫിക്കറു കൊടുക്കുന്നില്ല, എന്തൊരു നിഷ്ടുരനായ മേലധികാരിയാണു് എന്നെല്ലാം എഴുതിക്കാണും. ഇതെല്ലാം അധ്യക്ഷതരെ കുറപ്പെടുത്തി പറയുന്നതല്ല, പരമാർത്ഥം പറയുകയാണെങ്കിൽ അവർ നിമിത്തം ആക്ഷേപംതന്നെ പൊരുതിയില്ല; ഡിപ്പാർട്ടുമെണ്ടിനും ഗവർമ്മെണ്ടിനും ഗവർമ്മെണ്ടിനും കൂട്ടത്തോടെ പൊരുതിയില്ലാതാക്കുകയാണു് ചെയ്യുന്നതു്. ഈ കൌൺസിലിനും എപ്പോഴും പൊരുതിയില്ലാത്ത നിലവരുന്നുണ്ടു്. അതുകൊണ്ടു കഴിയുന്നതും ഇങ്ങിനെയുള്ള പരാതികൾ പറയുന്ന സ്വഭാവം കളഞ്ഞിട്ടു നിങ്ങൾക്കുവേണ്ടി ചിലവാക്കുന്ന പണം നിങ്ങൾക്കുതന്നെ ഉണപ്രദമായി തീരത്തക്കവണ്ണം ആലോചിച്ചു് പ്രവൃത്തിക്കുകയും മേലാലെങ്കിലും കുപ്രചാരകളുണ്ടാക്കാതെ സൂക്ഷിക്കുകയും ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—സർ, വടക്കാഞ്ചേരി മെമ്പർ അവർകൾ ഇവിടെ പറഞ്ഞതിൽനിന്നുതന്നെ ഈ അധ്യക്ഷതസംരക്ഷകനെ ഉദ്യോഗത്തിൽവെയ്ക്കാൻ തീരുമാനിച്ച കാലംമുതൽക്കു് ഇങ്ങിനെയുള്ള ആക്ഷേപങ്ങൾകേട്ടിക്കൊണ്ടാണിരിക്കുന്നതെന്നു തെളിയുന്നുണ്ടു്. വേറെ ഇതുപോലെയുള്ള ഒരുദ്യോഗസ്ഥനെപ്പറ്റി ഇത്രവ്യക്തവും ഭയങ്കരവുമായിട്ടുള്ള ആക്ഷേപങ്ങൾകേട്ടിട്ടില്ല. അത്രമാത്രം ഗംഭീരവമായ ആക്ഷേപങ്ങളാണു് പത്രങ്ങൾമുഖേനയും മറ്റു പലതരത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അതെല്ലാംപോകട്ടെ. ഈ കൌൺസിലിന്റെ ശ്രദ്ധയിൽതന്നെ പലപ്പോഴും ഈ ആക്ഷേപം കൊണ്ടുവന്നിട്ടുള്ളതാണു്. അപ്പോഴൊന്നും ഗവർമ്മെണ്ടു് അതിനെപ്പറ്റി അത്രത്തോളം ഗാഢമായി അന്വേഷിച്ചിട്ടില്ല. എത്രയെത്രയോ ദൈർഘവതരങ്ങളായ ചാജ്ജുകളാണു് ഇവിടെ എടുത്തുപറഞ്ഞിട്ടുള്ളതു്.

കാളനിർഭരണത്തെ സംബന്ധിച്ചു പറകയാണെങ്കിൽ അതിലേയ്ക്കു് മിലവഴിക്കേണ്ടപണം സംരക്ഷകൻതന്നെ വാങ്ങി അപഹരിച്ചുകൊടുക്കുന്നു എന്നാണു്. ഒന്നാമതായി പറയുന്നചാജ്ജു്. യാതൊരു ആവശ്യവുംകൂടാതെ വാർഡന്മാരെ പലസ്ഥലങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

5@534

നിയമച്ചു് അധ്യക്ഷതരുടെയിടയിൽ തമ്മിൽതല്ലുണ്ടാക്കി തിക്കുന്നു എന്നാണു് വേറൊരു ചാജ്ജു്. മൂന്നാമതു് പുലയർ ഇന്നഭാഗം വരെമാത്രമേ വരുവു; ഇന്നടിക്കിൽനില്ലുണം എന്നുംമറുമുള്ളനിശ്ചയങ്ങൾ സംരക്ഷകൻ ഉണ്ടാക്കുതീർക്കുന്നുവത്രെ. എന്നാൽ ഇതെല്ലാം വാസ്തവമാണൊ അല്ലയൊ എന്നുള്ളതിനെപ്പറ്റിയാണു് ഇവിടെ ചോദ്യംവരുന്നതു്. മാത്രമല്ല, ഇതു ഒരു ഡിപ്പാർട്ടുമെണ്ടുമേലദ്ധ്യക്ഷനെസംബന്ധിച്ചു കാര്യമായതുകൊണ്ടു് ഇതിനെപ്പറ്റി അന്വേഷിക്കേണ്ട ചുമതല ഗവമ്മെണ്ടിനുണ്ടു്. അപ്രകാരം ഒരന്വേഷണം നടത്തിയിട്ടു് ഈ പറയുന്ന പരാതികളൊന്നും വാസ്തവമല്ലെങ്കിൽ അതു് തെളിയിച്ചുകൊടുക്കുക. യാതൊരടിസ്ഥാനവുമില്ലാത്ത കാര്യമാണെങ്കിൽ അധ്യക്ഷതസംരക്ഷകനു് നിശ്ചയമായും മാനനഷ്ടക്കേസുകൊടുക്കുവാൻ കഴിയുന്നതാണു്. ഈമാതിരി ബ്രിട്ടീഷുഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെപേരിൽ കൊണ്ടുവരുന്ന ചാജ്ജുകളെ സംബന്ധിച്ചുമറും അന്വേഷണം നടത്തി ശരിയായിട്ടുള്ളതല്ലെന്നു കാണുന്നപക്ഷം മാനനഷ്ടക്കേസു കൊടുക്കുന്നതിനു് ഗവമ്മെണ്ടു് അവരെ നിർബ്ബന്ധിക്കാറുണ്ടു്.

മിസ്റ്റർ കെ. ജി. നായർ.—കൌൺസിലിൽനിന്നോ?

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—അല്ല. എന്നാൽ ഇങ്ങിനെ ഒരു മേലദ്ധ്യക്ഷനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ശരിയാണൊ അല്ലയൊ എന്നന്വേഷിച്ചു വേണ്ടതുചെയ്യുവാൻ ഈ കൌൺസിലിൽനിന്നും ഒരു കമ്മിറ്റിയെ നിശ്ചയിച്ചാൽ വിരോധമില്ലെന്നാണു് എന്റെ അഭിപ്രായം. യാതൊരടിസ്ഥാനവുംകൂടാതെ ദോഷാരോപണത്തിനുമാത്രമായി ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ കൊണ്ടുവന്നിട്ടുള്ളതാണെങ്കിൽ തീച്ചയായും മാനനഷ്ടക്കേസു കൊടുക്കുകയാണു വേണ്ടതു്. എന്നാൽ എന്തുകൊണ്ടാണു് അദ്ദേഹം അതു ചെയ്യാത്തതു്? ഇങ്ങിനെ മൌനാവലംബം കാണിക്കുന്നതിന്റെ അർത്ഥമെന്താണു്? ഇതിൽനിന്നുതന്നെ അധ്യക്ഷതസംരക്ഷകനു് യാതൊരു സമാധാനവും പറയുവാനില്ലെന്നും സംരക്ഷകന്റെ വാദങ്ങൾക്കു് യാതൊരടിസ്ഥാനവുമില്ലെന്നും തെളിയുന്നുണ്ടു്. അതുകൊണ്ടു് ഗവമ്മെണ്ടു് ഇതിനെസംബന്ധിച്ചു് ഒരന്വേഷണം നടത്തുന്നതു് സംരക്ഷകന്റെ രക്ഷയ്ക്കു് ആവശ്യമായിട്ടുള്ളതാണെന്നുള്ള തെക്കെഇഴവമെമ്പരുടെ അഭിപ്രായത്തോടു ഞാനും യോജിയ്ക്കുന്നു. നേരെമറിച്ചു് യാതൊരടിസ്ഥാനവുമില്ലാത്ത പരാതികളാണു പറയുന്നതെന്നു് അന്വേഷണത്തിൽതെളിയുന്നപക്ഷം ഈ ഉദ്യോഗസ്ഥനെ സംബന്ധിച്ചുള്ള ലഹളകൾ ഈ കൌൺസിലോടുകൂടി അവസാനിയ്ക്കുമെന്നും വിചാരിയ്ക്കുന്നതോ?

പിന്നെ അരണാട്ടുകര കാളിനായരിലെ റെസല്യൂഷനെപ്പറ്റി പറയുകയുണ്ടായി. ഞാൻ അവിടത്തെ സെക്രട്ടറിയായ കായി എ

LIBRARY ARCHIVES Kerala Legislative Assembly

ന്ന പേരുള്ള ആളോടു് ഇതിനെപ്പറ്റി ചോദിച്ചിട്ടുണ്ടു്. ഇവിടെ മിസ്റ്റർ വള്ളോൻ പറയുന്ന പരാതികൾ യഥാർത്ഥത്തിൽ നടക്കുന്നവയിൽ എത്രയോ കുറച്ചുമാത്രമേയുള്ളുവെന്നാണു് അയാൾ സമാധാനം പറഞ്ഞതു്. ആ സ്ഥിതിയ്ക്കു് ഇതിലും എത്രയോ കൂടുതലായ അഴിമതികൾ നടക്കുന്നുണ്ടെന്നു് അയാളിൽനിന്നും എനിയ്ക്കറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇതെല്ലാം വാസ്തവമാണെന്നുള്ളതിനു് വേറേയും പലതെളിവുകൾ അയാൾ പറയുകയുണ്ടായി. അതുകൊണ്ടു് ഇതെല്ലാം സംരക്ഷകൻ ദുഷ്പ്രായേ പറയുന്ന പരാതികളാണെന്നു വിചാരിയ്ക്കുവാൻ ന്യായം കാണുന്നില്ല. അതിനാൽ ഗവർമ്മെണ്ടിൽനിന്നും ഇതിലേയ്ക്കു് ഉദ്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റിയെ നിയമിച്ചായാലും, ഉദ്യോഗസ്ഥന്മാർ മാത്രമടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ചായാലും ഒരന്വേഷണം നടത്തേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ എം. കെ. രാമൻ.—ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്നാൽ ഈ പ്രമേയത്തെ കുറിച്ചു സംസാരിക്കുന്നതിനെനിക്കു കുറച്ചു സങ്കോചം ഇല്ലായ്കയില്ല. എങ്കിലും എനിക്കു തോന്നിയ അഭിപ്രായം ഇവിടെ പറയുകയാണു്. അധ്യക്ഷത മെമ്പർ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തിൽ ഒരു കമ്മിറ്റിയെ വക്കണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു. അതു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ചു അന്വേഷണം നടത്തണമെന്നാണു്. ഇതിനു അദ്ദേഹം പറഞ്ഞിട്ടുള്ള കാരണങ്ങൾ ഒക്കെ കളവാണെന്നോ, സംരക്ഷകൻ പറയുന്നതെല്ലാം പരമാർത്ഥമാണെന്നോ പറവാൻ സാധിക്കയില്ല. രണ്ടു കൂട്ടരിലും പരമാർത്ഥവും അവാസ്തവും ഉണ്ടായിരിക്കാമെന്നു വേറെ ചില മെമ്പർമാർ ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുമുണ്ടു്. എന്നാൽ ഈ വക സംഗതികളെല്ലാം കൊച്ചി രാജ്യത്തെ ഭരിക്കുന്ന തലവനായ ദിവാൻജിയുടെ അടുക്കൽ ചെന്നു കാര്യകാരണസഹിതം പറഞ്ഞു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി അദ്ദേഹം മുഖാന്തിരം ഗവർമ്മെണ്ടിനെക്കൊണ്ടു അന്വേഷിപ്പിക്കുകയാണു് വേണ്ടതു. അല്ലാതെകണ്ടു ബഹുമാനപ്പെട്ട തുല്യവേതനർ മെമ്പർ പറഞ്ഞതുപോലെ ഒരു ഉദ്യോഗസ്ഥന്റെ നടപടികളെപ്പറ്റി അന്വേഷിക്കുവാൻ വേണ്ടി ഇങ്ങിനെ ഒരു കമ്മിറ്റിയേ നിയമിക്കണമെന്നു പറയുന്നതുകൊണ്ടു യാതൊരു കാര്യവുമില്ല. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും കൂടി ചേർന്നു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു പറയുന്നതു തീരെ ന്യായമല്ല. അനുദ്യോഗസ്ഥന്മാർക്കു ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരുടെ കുറ്റങ്ങൾ വിധിക്കുവാനുള്ള ഒരു അവസരം ലഭിക്കണമെന്നേ ഇതിനർത്ഥമുള്ളു. അനുദ്യോഗസ്ഥന്മാരല്ല ഈ വക കാര്യങ്ങൾ തീരുമാനം ചെയ്യേണ്ടതു. അവർക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട തെളിവുകൾ കൊടുക്കുക. മേലുദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരാണ് കീഴുദ്യോഗസ്ഥന്മാരുടെ നടപടിക്രമത്തെപ്പറ്റി അന്വേഷിച്ചു തീർപ്പു ചെയ്യേണ്ടതു്. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്നുള്ള ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു പറയുന്നതിൽ ന്യായമൊന്നും കാണുന്നില്ല. ഇവിടെ പറയുന്ന സംഗതികളെല്ലാം പരമാർത്ഥമാണോ അല്ലയോ എന്നറിയുവാൻ ഡിപ്പാർട്ടുമെണ്ടിനെ കുറിച്ചുള്ള ഈ വക ആവലാതികൾ വരുമ്പോൾ ഗവർമ്മെണ്ടിൽനിന്നും നേരിട്ടന്വേഷിക്കുകയാണ് വേണ്ടതു്.

ബഹുമാനപ്പെട്ട പള്ളിയറ മെമ്പർ പറഞ്ഞതുപോലെ വളരെ കാലമായിതിനെ സംബന്ധിച്ചു് ഈ സഭയിൽ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ഏതാണ് ഇതിൽ പരമാർത്ഥമായിട്ടുള്ളതെന്നു് ഇവിടെയുള്ളവരിൽ അധികം പേർക്കും നിശ്ചയമില്ല. ഏതായാലും ഇങ്ങിനെ ഒരു കമ്മിറ്റി വേണമെന്നുള്ള അഭിപ്രായത്തോടു ഞാൻ തീരെ യോജിക്കുന്നില്ല. ഞാൻ ഈ പ്രമേയത്തെ പ്രതികൂലിക്കുന്നതു വേറൊന്നുകൊണ്ടുമല്ല. ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ എന്തു തോന്ന്യവാസങ്ങളും ചെയ്തുകൊള്ളട്ടെ എന്നു വെച്ചിട്ടല്ല; ഈ പ്രമേയത്തിന്റെ രൂപം ശരിയായിട്ടില്ലാത്തതുകൊണ്ടാണു്. ആവലാധികൾ അന്വേഷിക്കേണ്ടതു് അധ്യക്ഷനെന്നു. അതുകൊണ്ടു് ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരെ കൂട്ടിച്ചേർത്തു് ഒരു കമ്മിറ്റി വക്കേണ്ടതാണെന്നുള്ള ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മിസ്റ്റർ കെ. ജി. നായർ.—ബഹുമാനപ്പെട്ട കാട്ടൂർ മെമ്പർ അവർകൾ ഇന്നു പ്രസംഗം ചെയ്തിട്ടുള്ള കാര്യം ആലോചിക്കുമ്പോൾ ഇതിനെ അനുസരിച്ചു് ഇനി ഇങ്ങിനെ പല കാര്യങ്ങളും ഈ സഭ മുമ്പാകെ വരുന്നപക്ഷം എല്ലാകാര്യത്തിനും ഈ സഭയെ ബോധ്യപ്പെടുത്തി മാനനഷ്ടക്കേസു കൊടുക്കുവാൻ സഹായിക്കുന്ന ഒരു വകുപ്പു ഉണ്ടാക്കാമെന്നു ഗവർമ്മെണ്ടു തീർച്ചയാക്കുകയാണെങ്കിൽ എങ്ങിനെയാണ് ഒരു രാജ്യഭരണം ശരിയായി നടത്തുവാൻ സാധിക്കുന്നതെന്നു ഗാന്ധിജിയായി ആലോചിക്കേണ്ട ഒരു കാര്യമാണ്. ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ള മെമ്പറുടെ ഉദ്ദേശവും ഇതിനെ പിന്താങ്ങി പ്രസംഗിച്ചിട്ടുള്ള ആളുകളുടെ ഉദ്ദേശവും പ്രത്യേകമായി എടുത്തു നോക്കിയാൽ ഏതെങ്കിലും ഒരാളെപ്പറ്റി ദുഷിച്ചു പറയുവാൻ ഒരവസരം കിട്ടണമെന്നു് ആഗ്രഹമുള്ളതായി മാത്രമേ ഈ പ്രമേയംകൊണ്ടു കാണുന്നുള്ളു.

മിസ്റ്റർ കെ. അയ്യപ്പൻ.—താങ്ങുന്നവർക്കും താങ്ങാത്തവർക്കും ഓരോ ഉദ്ദേശമുണ്ടായിരിക്കും.

മിസ്റ്റർ കെ. ജി. നായർ.—പ്രത്യേകിച്ചു് ഒരു വകുപ്പധ്യക്ഷനെ താങ്ങണമെന്നോ എതിർക്കണമെന്നോ എനിക്കുദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാനും അങ്ങിനെ ഉദ്ദേശിച്ചുകൊണ്ടു പറഞ്ഞിട്ടുള്ളതല്ല.

മിസ്റ്റർ കെ. ജി. നായർ.—എന്നാൽ നിങ്ങളുടെ ഉദ്ദേശം പ്രത്യക്ഷത്തിൽ കണ്ടില്ലല്ലൊ. നിങ്ങൾ ഇതിനെപ്പറ്റി യാതൊരു അന്വേഷണവും ചെയ്യാതെ കാര്യങ്ങൾ തെറ്റാണൊ ശരിയാണൊ എന്നു നിശ്ചയമില്ല എന്നാണ" പറഞ്ഞു കേട്ടതു". ഒരു വകുപ്പധ്യക്ഷന്റെ ഭരണത്തെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കാതെ സക്കാരിനോടൊ, കൌൺസിലിലോ വന്നു" ഇതിലേക്കു ഒരു കമ്മിറ്റിയെ നിയമിച്ചു അന്വേഷണം നടത്തണമെന്നു പറയുന്നതു" എത്രത്തോളം ശരിയാണു"? എന്നാൽ അന്വേഷണങ്ങൾ എല്ലാം നടത്തുകയാണെങ്കിൽ കൂടി ഇവിടെ കിട്ടീട്ടുള്ള സംഗതികൾ ഇപ്പോഴുമുള്ള ഒരു പരിപൂർണ്ണ ഭരണത്തിനും ആ ഭരണത്തിന്റെ തന്ത്രത്തിനും നീതിന്യായത്തിനും അനുസരിച്ചിരിക്കുമൊ എന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടൊ? ഇത്ര നേരം പറഞ്ഞ കാര്യങ്ങൾ ആലോചിച്ചാൽ എന്നൊരു മില്ലിറ കാര്യത്തിനു വേണ്ടി വകുപ്പധ്യക്ഷൻ ചിലരുടെ അവശ്യപ്രകാരം വല്ലതും ചെയ്തിരുന്നാൽ കൂടി അതിലേയ്ക്കു" ഉദ്യോഗസ്ഥകമ്മിറ്റിയെന്നൊ അനുദ്യോഗസ്ഥ കമ്മിറ്റിയെന്നൊ ഗവമ്മെണ്ടു തീച്ചപ്പെടുത്തി കഴിഞ്ഞാൽ പിന്നെ ഈ ഗവമ്മെണ്ടെ എന്തിനിരിക്കുന്നു; ഈ നിയമസഭ എന്താവശ്യത്തിനു"? ഈ നിയമസഭയിൽ ഇപ്രകാരമുള്ള ഒരു പ്രമേയം കൊണ്ടുവന്നു വെറുതെ സമയം കളയുന്നതിനേക്കാൾ വേറെ ആവശ്യമായ കാര്യങ്ങളെക്കുറിച്ചു" ചിന്തിക്കുന്നതാണൊ നല്ലതു" എന്നാണ" എനിക്കു ഈ സഭയെ ധരിപ്പിക്കുവാനുള്ളതു". ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുള്ള ഒരൊറ്റ സംഗതി മാത്രമേ കുറെ ഗൌരവമായി എനിക്കു തോന്നിട്ടുള്ളു. അധ്യക്ഷത മെമ്പർ മിസ്റ്റർ വള്ളോൻ പറയുന്ന അനവധി സംഗതികൾ അവരുടെ ഉദ്ധാരണത്തിനു" വേണ്ടി പറഞ്ഞിട്ടുള്ളവയാണെങ്കിലും ഉദ്ദേശം അതിൽ കുറെയെല്ലാം അവരുടെ ഉദ്ധാരണത്തിനു" ഉപകരിക്കാതേയും ഗുണത്തെ ചിന്തിക്കാതേയും ആവശ്യത്തിനു" വേണ്ടുന്നതു കരുതാതേയും വേറെ വിധത്തിലായിട്ടുണ്ടെന്നു കാണാം. പ്രത്യക്ഷത്തിൽ പറയുന്നതായാൽ പ്രൊടക്ടരുടെ പേരിൽ കൈക്കൂലിക്കുറ്റം ചുമത്തിയെന്നാണ" മനസ്സിലാകുന്നതു". ആക്ഷം ആരേയും എന്തും പറയാമെന്നാണോ? വേറൊ ഒരാളെപ്പറ്റി കൈക്കൂലി വാങ്ങിയെന്നൊ മറ്റൊ പറയുന്നുണ്ടെങ്കിൽ അതിനും പ്രത്യക്ഷത്തിൽ തെളിവും ഭാരവാഹിത്വവും വേണ്ടതാണ". എന്നെങ്കിലും ഒരു പ്രമേയത്തിന്റെ ആവശ്യത്തിനു വേണ്ടി വെറുതെ വകുപ്പധ്യക്ഷൻ കൈക്കൂലി വാങ്ങിക്കുന്നു എന്നോ അവർ വാസ്തവം മറച്ചു വച്ചുകൊണ്ടു പ്രവൃത്തിക്കുന്നു എന്നോ പറയുന്നതു തീരെ തെറ്റാണു". ഈ വിഷയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വള്ളോൻ അപ്പർകളോടു എനിക്കു പറയുവാനുള്ളതു് കാര്യങ്ങളുടെ പരമാർത്ഥത്തെപ്പറ്റി അനേപക്ഷിക്കാതേയും ചിന്തിക്കാതേയും അവനവന്റെ ആവശ്യത്തിനു വേണ്ടി ഒരാളെ ദുഷിക്കണമെന്നുണ്ടെങ്കിൽ ഭേണ തന്നുക്കായ്ങ്ങളെക്കുറിച്ചു ആലോചിക്കുന്നതായ ഈ നിയമസഭയിൽ വച്ചു പറയുവാൻ പാടില്ല എന്നാണു്. ഇതിലേയ്ക്കു് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ വേറെ വിധത്തിൽ തേടാതെ പൊതുജനങ്ങൾക്കും ഭരണയന്ത്ര പ്രവർത്തനത്തിനും ആവശ്യമായ കാര്യങ്ങളെക്കുറിച്ചു ആലോചിക്കുന്ന ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ ഉടനെ പിൻവലിക്കേണ്ടതാണെന്നും ഞാൻ അദ്ദേഹത്തോടു് അപേക്ഷിക്കുന്നു.

മിസ്റ്റർ പി കുഞ്ഞിരാമൻനെഴത്തച്ഛൻ.—സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ഫാമാണ്ടു് ഈ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തെക്കുറിച്ചു് നമ്മൾ പ്രസ്താവം ചെയ്ത ഭരണ ഡിപ്പാർട്ടിന്റെ ഈ വകുപ്പു് എത്തെല്ലാം കാര്യങ്ങളിലാണു് പ്രവൃത്തിച്ചു വന്നിട്ടുള്ളത എന്നു വിശദമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അവ ഏതെല്ലാമെന്നു ഞാൻ പ്രസ്തുത റിപ്പോർട്ടിൽ നിന്നു് ഇവിടെ ഉദ്ധരിപ്പിക്കട്ടെ:—

1. Organisation and running of Schools for the special benefit of the Depressed Classes.
2. Award of Scholarships and Stipends both literary and industrial for the promotion of their education.
3. Grant of special facilities for Collegiate education.
4. Provision of feeding and supply of School requisites and cloths.
5. Running of Hostels for their students.
6. Provision of house sites for the purpose of freeing the Depressed Classes from oppression by land lords.
7. Building up ofColonies or Settlements.
8. Provision of good water for drinking and bathing purposes by sinking wells and tanks and repairing them.
9. Provisions of pathways, burial grounds and Sanitary requirements.
10. Construction of Bhajana Mutts for religious worship.
11. Organisation and running of Co-operative Societies for the Depressed Classes.
12. Safeguarding the interests of Depressed Class labour.

മേൽ പറഞ്ഞ ഓരോ സംഗതികളിലും ഡിപ്പാർട്ടുമെണ്ടിന്റെ പരിശ്രമങ്ങളും നേട്ടങ്ങളും എന്തെല്ലാമാണെന്നു വിശദമായി വിവരിച്ചു് ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷന്റെ ഭരണറിപ്പോർട്ടു് കുലങ്കഷമായി പരിശോധിച്ചു് എഴുതിയ തീപ്പെന്നാണെന്നും ഒന്നു നോക്കുക. ആ തീപ്പു് ഞാനിവിടെ വായിക്കാം.

Read Protector ofthe Depressed Classes' letter Pr. No. 19/08, dated 10th December 1932.

Recorded.

2. Till 1st Kumbham 1107 the Department was administered by the Director of Public Instruction who was then also the Ex-officio Protector of the Depressed Classes. Since 1st Kumbham 1107 the Department has been under the indepeident charge of Mr. V. R. M. Chohan.

LIBRARY ARCHIVES Kerala Legislative Assembly

3. The Department directed its attention mainly to the opening of Colonies and Bhajana Mutts, to the organisation of Co-operative Societies and Labour Unions, and also to the conduct of educative propaganda work among the Depressed Classes. Government are glad to note that these activities of the Department have had a salutary effect on the Depressed Classes.

4. From Rs. 72,874 in 1106 the expenditure of this Department rose to Rs. 98,355 in 1107.

ഇതാണ് ശവമ്മെണ്ടിൽ നിന്നു ഈ റിപ്പോർട്ടിന്മേൽ പാസാക്കീട്ടുള്ള ഉത്തരവ്. പ്രമേയ അവതാരകൻ വാദിക്കുന്ന മാതിരി ഇപ്പോൾ ഡിപ്പാർട്ട്മെണ്ടു ഭരണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രവൃത്തിയിൽ പ്രവേശിച്ചതു മുതൽ ഇന്നേവരെയും അദ്ദേഹം പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുന്ന മാതിരിയുള്ള അഴിമതികൾ നടത്തി അധഃകൃത സംരക്ഷകൻ എന്നതിനു പകരം അധഃകൃത തക്ഷകൻ എന്ന പേരർഹിക്കത്തക്ക വിധത്തിലാണ് പ്രവൃത്തിച്ചിട്ടുള്ളതെങ്കിൽ മേൽ പറഞ്ഞ മാതിരി ഒരു ശവമ്മെണ്ട് ഉത്തരവിനു് ഒരിക്കലും ഇടയാകുന്നതല്ല.

പിന്നെ ഇതിന്റെ അവതാരകൻ ചെയ്ത പ്രസംഗത്തിൽ ഏതൊ ഒരു കൊ-ഓപ്പറേറീവ് സൊസൈറ്റിയിൽ നിന്നും പാസാക്കി അയച്ച ചില പ്രമേയങ്ങളെ കുറിച്ചു പറയുകയുണ്ടായി. എന്നാൽ അതിനെ സംബന്ധിച്ച് സൊസൈറ്റി മെമ്പർമാക്കും യാതൊരറിവും ഇല്ലെന്നാണ് അദ്ദേഹം പറയുന്നതു്. ഡിപ്പാർട്ട്മെണ്ട് മേലധ്യക്ഷൻ സിക്രട്ടറിയെ വിളിച്ച് ആപ്പീസ് സീലും എടുപ്പിച്ച് മേലധ്യക്ഷന്റെ ആഫീസ്സിൽ കൊണ്ടുപോയി പ്രമേയം എഴുതി ഉണ്ടാക്കി അയച്ചതാണെന്നു പറയുന്നതിൽ യാതൊരു വാസ്തവവും ഇല്ലന്നല്ലാതെ വിചാരിപ്പാൻ തരമില്ല. എന്നാൽ ഞാൻ അതിന്റെ ഗുണദോഷത്തെ പറ്റിയൊന്നും പറയുവാൻ വിചാരിയ്ക്കുന്നില്ല. ഇപ്പോടെ കഴിഞ്ഞ മീനം സെഷനിൽ ബഹുമാനപ്പെട്ട തുപ്പുണിത്തുറ മെമ്പർ ചോദിച്ച ഒരു ചോദ്യം ഞാൻ വായിയ്ക്കാം.

Mr. P. Raman Menon—Whether the Government have received a copy of the resolutions passed at the Depressed Class Conference held at Trichur under the Presidency of Mr. E. Ikkanda Warriar, M. L. C., on Dhanu 9th last.

If so, will the Government be pleased to place on the table a copy of all the resolutions passed therein?

Answer.—The Protector of the Depressed Classes received a copy of the resolutions

Copy of the resolutions is appended (Appendix.

ന്യൂ ക്ലാസ്സ് നമ്പർ ചോദ്യവും അതിന്റെ ഉത്തരവുമാണിതു്. അടുത്തു് ന്യൂ ക്ലാസ്സ് നമ്പറായി തന്നെ അധഃകൃത പ്രതിനിധിയുടെ ചോദ്യം ചേർത്തിട്ടുണ്ട്. ന്യൂ ക്ലാസ്സ് ചോദ്യം ചോദിച്ചപ്പോൾ അതിലേയ്ക്കു കൊടുത്തിട്ടുള്ള അനുബന്ധത്തെ സംബന്ധിച്ച മിസ്റ്റർ വള്ളോന്റെ ഉപചോദ്യങ്ങളൊന്നും ചോദിച്ചുകാണാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് സബ്ജക്ട് നമ്പർ ചോദ്യത്തിനുത്തരമായി ചേർത്ത (*Appenaix XPIII*)ൽ പറയുന്ന പ്രമേയങ്ങളെല്ലാം വാസ്തവമാണെന്നാണ് ഉദ്ദേശ്യപ്പെടുന്നതു്. അതു പരമാർത്ഥമല്ലായിരുന്നുവെങ്കിൽ അന്നു് അദ്ദേഹം അതിനെപ്പറ്റിയുള്ള ഉപചോദ്യങ്ങൾ ചോദിച്ചിരിയ്ക്കുമായിരുന്നു. അതുകൊണ്ടു് ക്ര. ന. 3 മതായ അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രമേയങ്ങളെ അദ്ദേഹം ഒപ്പുവെച്ചതായി സമ്മതിയ്ക്കയാണു ചെയ്തിട്ടുള്ളതു്. താഴെപറയുന്നവ മിസ്റ്റർ ഇക്കണ്ടവാര്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ചു പാസാക്കിയ നിശ്ചയങ്ങളാണു്.

(ക) അധഃകൃതോദ്ധാരണത്തിനുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടു് ഏർപ്പെടുത്തി ഒരു പ്രത്യേക സംരക്ഷകനെ നിശ്ചയിച്ചു് സാധുക്കളായ അധഃകൃതരുടെ അവശതകൾക്കും മറ്റും നിവാരണമാർഗ്ഗമുണ്ടാക്കി തന്നതിനു് കൊച്ചി ഗവൺമെൻറിനോടു് ഈ യോഗത്തിനുള്ള നിഷ്കളങ്കവും ഹൃദയപൂർവ്വകവുമായ ഭക്തിബഹുമാനങ്ങളെ രേഖപ്പെടുത്തിക്കൊള്ളുന്നു.

(ഖ) കിടപ്പാൻ ഇടവും കുടിപ്പാൻ ജലവും ഇല്ലാതിരുന്ന അധഃകൃതർക്കു് അവിടവിടെയായി അവരുടെ ആവശ്യം അറിഞ്ഞു പുതുവൽ പതിച്ചുകൊടുത്തതിനു് സ്ഥലവും, കാളനികം സ്ഥാപിച്ചു കിടപ്പിടവും മറ്റും നിർമ്മിച്ചുതന്ന അധഃകൃതരുടെ സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ അഭിവൃദ്ധിയെ ആസ്പദീകരിച്ചു് അശ്രാന്തപരിശ്രമംചെയ്തുപോരുന്ന ഇപ്പോഴത്തെ സംരക്ഷകനോടു് ഈ യോഗത്തിനുള്ള അതിരറ്റ നന്ദിയേയും ബഹുമതിയേയും രേഖപ്പെടുത്തുകയും അദ്ദേഹത്തിനു് ഒരു മംഗളപത്രം നൽകുവാനും അതിനു് കൊച്ചി ഗവൺമെണ്ടിനോടപേക്ഷിച്ചു് അനുമതി വാങ്ങുവാനും ഈ യോഗം തീരുമാനിയ്ക്കയും ചെയ്തുകൊള്ളുന്നു.

(ന) അധഃകൃത സമുദായത്തിനു പൊതുവിൽ ഗവൺമെൻറിൽനിന്നും പൂർവ്വാധികം അനുകൂല്യങ്ങൾ കിട്ടിവരുന്നുണ്ടെങ്കിലും അധഃകൃത പ്രതിനിധി മിസ്റ്റർ കെ. പി. വള്ളോൻ (M. L. C.) നിയമസഭയിലും മറ്റും സതാവസ്ഥക്കു വിരോധമായി പ്രസ്താവനകൾചെയ്തുപോരുന്നതായി അറിഞ്ഞു് ഈ യോഗം വ്യസനിയ്ക്കുകയും ആയതു് മിസ്റ്റർ വള്ളോൻറെ സ്വന്തനിലയിലുള്ള അഭിപ്രായങ്ങൾ മാത്രമല്ലാതെ സമുദായത്തെ പ്രതിനിധീകരിയ്ക്കുന്നതല്ലെന്നു് ഈ യോഗം ഗവൺമെൻറിനെ ബഹുമാനപുരസ്സരം ഉൽബോധിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് മൂന്നാമത്തെ റസല്യൂഷനാണു്. ഈ യോഗത്തേയും അവിടെ നടന്ന നടപടികളേയും പറ്റി മുൻപറഞ്ഞമാതിരി ആക്ഷേപങ്ങൾ ബഹുമാനപ്പെട്ട അവതാരകൻ പറയുവാൻ മുതിരുമെന്നു തോന്നുന്നില്ല. അങ്ങിനെ മുതിർകയാണെങ്കിൽ അദ്ദേഹത്തിൻ ബഹുമാനപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ട്ട ഉത്തരകം മെമ്പർ മറുപടി പറയുകയും ചെയ്യും. അതുകൊണ്ട് ഇതു് കള്ള തരത്തിൽ ഉണ്ടാക്കീട്ടുള്ള പ്രമേയങ്ങളല്ലെന്നു തെളിയുന്നുണ്ടു്. ഇതു ശരിയായി നടന്നിട്ടുള്ള ഒരു യോഗത്തിൽ പാസ്സാക്കീട്ടുള്ളതായ പ്രമേയങ്ങളാണെന്നുള്ളതു സത്യമാണു്. ആസ്ഥിതിയ്ക്കു് ഇങ്ങിനെ ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതും വ്യക്തിപരമായിട്ടുള്ള ദ്വേഷംകൊണ്ടാണെന്നൂഹിക്കുവാൻ ധാരാളം വഴിയുണ്ടു്.

കൺട്രാക്ടുകാർക്കു പണംകൊടുക്കുന്നില്ല എന്നിവിടെ പറയുകയുണ്ടായി. അതിനു തെളിവായിട്ടു് സംരക്ഷകന്റെ ജാതിയിൽപെട്ട ഒരു സ്വാമികൾ അയച്ച ഹർജിയും അതിനു കിട്ടിയ മറുപടിയും അവതാരകനെ കാണിക്കുകയുണ്ടായി എന്നു പറഞ്ഞു. അദ്ദേഹം എങ്ങിനെയോ എന്റെ അടുക്കലും വന്നുകൂടി. ഞാൻ ആ മനുഷ്യനെ അപ്പോൾ ആദ്യമായിട്ടാണു കണ്ടതു്. ഇന്നയാൾ പറഞ്ഞയച്ചിട്ടാണു് ഞാൻ ഇവിടെ വന്നതെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. ആളുടെ പേർ ഞാൻ പറയുന്നില്ല. എല്ലാംകൂടി നോക്കുമ്പോൾ ഈ പ്രമേയത്തിനും അതിനെ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞ ചാഞ്ചല്യകാരണങ്ങൾക്കും പിന്നിൽ എന്തൊ ഒരു യന്ത്രം കിടന്നു കളിക്കുന്നതുപോലെ കാണുന്നുണ്ടു്. കഴിഞ്ഞ യോഗത്തിൽ അധഃകൃതസംരക്ഷകൻ മുമ്പു ക്രിമിനൽ കേസ്സിൽ അറസ്റ്റചെയ്യപ്പെട്ടിട്ടുണ്ടോ എന്നു അധഃകൃത പ്രതിനിധി ചോദിക്കുകയും അറസ്റ്റ ചെയ്തിട്ടില്ല എന്നു ഗവർമ്മെണ്ടിൽനിന്നു മറുപടി പറയുകയും ചെയ്തു. അതിനെപ്പറ്റി തുടർന്നുള്ള ചോദ്യങ്ങളും ഈ കൌൺസിലിലും ഉണ്ടെന്നാണു് എന്റെ അറിവു്. ചോദ്യം വരുമ്പോൾ അറിയാം അതിന്റെ യോഗ്യതകൾ. ഇതിൽനിന്നെല്ലാം മറുവക ചോദ്യങ്ങളുടേയും മറു പ്രമേയത്തിന്റേയും പിന്നിൽ ഒരു ഗൂഢശക്തി കിടന്നു കളിക്കുന്നുണ്ടെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. "അധഃകൃതസംരക്ഷകൻ അധഃകൃത ഭക്ഷകനായിതീർന്നിരിക്കുന്നു" എന്നു അവതാരകൻ പറയുകയുണ്ടായി. ഈ മാതിരിയുള്ള സംഗതികൾ കൊണ്ടു ഒരാളെ വെറുതെയെങ്കിലും ആക്ഷേപിക്കുവാനായിട്ടു് കൊണ്ടുവന്നിട്ടുള്ള നിശ്ചയത്തെ വളരെ ശക്തയായി എതിർക്കാതെയാതൊരു നിവൃത്തിയുമില്ല. ഞാൻ സംരക്ഷകനു് വേണ്ടി സംസാരിക്കുകയാണെന്നു് നിങ്ങളാരും തെറ്റിദ്ധരിക്കേണ്ട ആവശ്യമില്ല. ഈ വിഷയത്തെ സംബന്ധിച്ചു ഈ കൌൺസിലിൽ കുറെക്കാലമായി പല ചോദ്യങ്ങളും വന്നുകൊണ്ടിരിക്കുന്നുണ്ടു്. അവയെല്ലാം ഗവർമ്മെണ്ടിൽനിന്നും മറുപടിയും നൽകുന്നുണ്ടു്. ആ മറുപടികളെല്ലാം ശരിയല്ലെന്നവിചാരിച്ചു്, സംരക്ഷകനോടുള്ള ദ്വേഷം വെച്ചുകൊണ്ടു് ഇങ്ങനെ ഒരു പ്രമേയം ഇവിടെകൊണ്ടുവന്നിട്ടുള്ളതാണെന്നു് ഞാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട നെമ്മാറ മെമ്പർ അവർകൾ ആവശ്യപ്പെട്ടപ്രകാരം അധഃകൃത മെമ്പർ അവർകൾ ഇവിടെ കൊണ്ടുവന്ന വളരെ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഈ പ്രമേയത്തെ പിൻവലിക്കണമെന്നു ഞാൻ അദ്ദേഹത്തോടു സ്നേഹപൂർവ്വം അപേക്ഷിച്ചുകൊണ്ട് ഈ പ്രമേയത്തെ എതിർക്കുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—സാർ, എനിയ്ക്ക് ഈ വിഷയത്തെപ്പറ്റി അധികമൊന്നും സംസാരിയ്ക്കുവാനില്ല. ഈ അധഃകൃത സംരക്ഷകനോടുകൂടി ചില സംഗതികളിലെല്ലാം സഹകരിച്ചു പ്രവൃത്തിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എനിയ്ക്ക് അദ്ദേഹത്തെക്കൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എന്തെങ്കിലും ഒരു സംഗതി ആവശ്യമാണെന്നു പറഞ്ഞാൽ സംരക്ഷകൻ അതു് ചെയ്തുകൊടുത്തിട്ടുള്ളതായി എനിയ്ക്കറിയാം. ഒരിയ്ക്കൽ ഒരു സ്ത്രീയുടെ ഭർത്താവു മരിച്ചപ്പോൾ അവൾക്ക് താമസിയ്ക്കുവാൻ സ്ഥലമില്ലെന്നു പറഞ്ഞ അവസരത്തിൽ അതിനു വേണ്ട എല്ലാടകം അധഃകൃത സംരക്ഷകൻ ചെയ്തുകൊടുത്തിട്ടുള്ളതായി എനിയ്ക്കറിയാം. അതുപോലെതന്നെ കുറെ ആളുകൾക്ക് പകൽ സമയങ്ങളിൽ ജോലിക്കു പോകേണ്ടിവരുന്നതുകൊണ്ട് അങ്ങിനെയുള്ളവർക്കു പഠിയ്ക്കുവാൻ വേണ്ടി ഒരു നൈറ്റ് സ്കൂൾ തുടങ്ങണമെന്നു് ആവശ്യപ്പെട്ടപ്പോൾ സംരക്ഷകൻ വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. കൂടാതെ ഒരു കാളനായിൽ ചെന്നു് എന്തെങ്കിലും അശുചിയായിട്ടുള്ള അവസ്ഥ കാണുകയോ, അല്ലാത്തപക്ഷം ഇന്നയിന്ന കാര്യങ്ങൾ ഞങ്ങളുടെ സൌകര്യത്തിനുവേണ്ടി കൂടുതലായി ചെയ്തതാൽ തരക്കേടില്ലെന്നു് അവർ ആവശ്യപ്പെടുകയോ ചെയ്താൽ അദ്ദേഹം അതു് ഉടനടി ചെയ്തു കൊടുത്തിട്ടുള്ളതായും എനിക്കറിവുണ്ട്. പക്ഷെ എനിയ്ക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളതു് രണ്ടോ മൂന്നോ കോളനികളെ സംബന്ധിച്ചു മാത്രമേയുള്ളൂ. അങ്ങിനെ എന്റെ അറിവിൽ പെട്ടിടത്തോളമുള്ള സംഗതികളിൽ യാതൊരാക്ഷേപങ്ങളും അദ്ദേഹത്തെപ്പറ്റി പറയുവാൻ സാധിക്കാത്തതരത്തിലാണ കണ്ടിട്ടുള്ളതു. ഈ സംഗതികളെ സംബന്ധിച്ച് ഇത്രവളരെ പരാതികൾ പറയുന്ന ഈ അവസരത്തിൽ വെറുതെ അതെല്ലാം മിണ്ടാതെ കേട്ടിരുന്നുകൊണ്ട് ഞാൻ ഈ റസല്യൂഷനെ എതിർത്തു വോട്ടുചെയ്താൽതന്നെ ഞാൻ ഈ വിഷയത്തിൽ ഡിപ്പാർട്ടുമെണ്ടിനോടു കാണിക്കേണ്ട കടമ ശരിയായി നിർവ്വഹിച്ചില്ലെന്നുവന്നേക്കാം എന്നുള്ള ഭയം കൊണ്ടാണ് എന്റെ അറിവിൽ പെട്ടിടത്തോളമുള്ള ഒന്നുരണ്ടു സംഗതികളെപ്പറ്റി പറയുവാൻ എഴുനേറ്റതു്. അദ്ദേഹത്തിനു് യാതൊരു ദോഷവും ഇല്ലെന്നോ ഉണ്ടെന്നോ പറയുവാൻ ഞാൻ തയ്യാറില്ല. ഈ റസല്യൂഷൻ വായിച്ചപ്പോൾ ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി എന്റെ അറിവിൽ പെട്ടിടത്തോളമുള്ള സംഗതികൾകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ പറഞ്ഞേക്കാമെന്നാണ് ഞാൻ ഉദ്ദേശിച്ചതു്. എന്റെ അഭിപ്രായത്തിൽനിന്നും ഈ പ്രമേയത്തെ സംബന്ധിച്ചു് സംസാരിയ്ക്കുന്ന ആളുകൾക്കു കൂടുതലായി എന്തെങ്കിലും അഭിപ്രായം പറയുവാനോ അധഃകൃത സംരക്ഷകനെ സംബന്ധിച്ചു് കൂടുതലായി വല്ല ആശയങ്ങളും സമ്പാദിക്കുവാനോ സാധിക്കുമെന്നാണ് എനിയ്ക്കു തോന്നുന്നതു്. ഇന്നത്തെ റസല്യൂഷൻതന്നെ ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തെ സംബന്ധിച്ചു് ഒരന്വേഷണം നടത്തണമെന്നു് അപേക്ഷിക്കുവാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണു്. ഇപ്പോൾ അടുത്തകാലത്തുതന്നെ ഗവൺമെൻറു് കൊ-ഓപ്പറേറീവു് ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തെ സംബന്ധിച്ചോ അതിൽ നടക്കുന്ന പോളിസിയെ സംബന്ധിച്ചോ അതിനെ വേറൊരു വിധത്തിൽ നന്നാക്കുവാൻ വേണ്ടിയുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കുവാനോ ഒരു കമ്മറിയെ ഏർപ്പെടുത്തിയിട്ടുണ്ടു്. ആവശ്യപ്പെട്ട കൂട്ടത്തിൽ ഈ ഡിപ്പാർട്ടുമെൻറിന്റെ പോളിസിയെപ്പറ്റി ഇപ്പോഴത്തെ നയം നന്നാകുന്നില്ലെന്നും ഇതിലും കൂടുതലായി അഭിവൃദ്ധി വരുത്തത്തക്ക വിധത്തിൽ ഒരു നയം ഗവൺമെൻറു് സ്വീകരിച്ചാൽ നന്നായിരിക്കുമെന്നും ഉൽബോധിപ്പിക്കുവാൻ വേണ്ടി ഇങ്ങനെ ഒരു റസല്യൂഷൻ കൊണ്ടുവന്നതാണെന്നാണു് ഞാൻ അഭിപ്രായം ധരിച്ചിരുന്നതു്. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള അവതാരകന്റെ പ്രസംഗം കേട്ടപ്പോൾ ആകപ്പാടെ അധഃകൃത സംരക്ഷകനെ പറ്റിയും അദ്ദേഹത്തിന്റെ പ്രവൃത്തികളെപ്പറ്റിയും അന്വേഷണം നടത്തുവാനുള്ള ഒരു കമ്മറിയെ നിയമിക്കണമെന്നുള്ള ഉദ്ദേശമാണു് കാണുന്നതു്. പക്ഷെ അതിനായിൽ ഒരു പ്രമേയം കൊണ്ടുവന്നാൽ ഗവൺമെൻറു് അതു് ഡിസ്സ്പ്രൂവു് ചെയ്യുവാൻ ഇടയാകുമെന്നുദ്ദേശിച്ചാണു് ഇങ്ങനെ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ തരത്തിൽ ഒരാളെ സംബന്ധിച്ചോ ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചോ ഉള്ള ആക്ഷേപങ്ങളുടെ അന്വേഷണത്തിനായി ഒരു കമ്മിറിയെ നിയമിക്കുന്നതുകൊണ്ടു് യാതൊരു സമാധാനവുമുണ്ടാകുമെന്നു തോന്നുന്നില്ല. ഇവിടെ പറഞ്ഞതിൽ എല്ലാ ആക്ഷേപങ്ങളും ശരിയായിട്ടുള്ളതാണെന്നു് എനിക്കു തോന്നുന്നില്ല. കുറച്ചു കുറച്ചു ആക്ഷേപങ്ങൾ അതിലുണ്ടായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഇതിനെ സംബന്ധിച്ചു പലപ്പോഴും ധാരാളം ആക്ഷേപങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. കൂടുതൽ കൂടുതൽ പോരായ്മകൾ ഈ കൌൺസിലിൽതന്നെ വന്നുകൊണ്ടിരിക്കുന്നുണ്ടു്. അതിനെല്ലാം ഗവൺമെണ്ടു മറുപടിയും പറയുന്നുണ്ടു്. ആ സ്ഥിതിക്കു് ഇങ്ങനെയുള്ള ഒരുകാര്യത്തിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിറിയെ നിയമിക്കണമെന്നു പറയുന്നതു് ആരണ്ടുകൂട്ടർക്കും ഗവൺമെണ്ടിനും തീരെ നല്ലതല്ലെന്നാണു് എനിയ്ക്കു തോന്നുന്നതു്. വളരെക്കാ

LIBRARY ARCHIVES Kerala Legislative Assembly

ലം ഇങ്ങനെ ഈവിഷയത്തെപ്പറ്റി ഗവമ്മെണ്ടിൽ നിന്നും അ
നേഷ്ണംനടത്തി മറുപടിപറഞ്ഞിട്ടും ഗവമ്മെണ്ടിന്റെ അഭി
പ്രായം മാറിക്കാണാത്തതുകൊണ്ടു് ഇപ്പോഴത്തേതിലും കൂടുതലാ
യിട്ടുള്ള ഒരുനിലയിൽ ഡിപ്രാട്ട്മെണ്ടു മേലദ്ധ്യക്ഷനെപ്പറ്റി അ
നേഷിയ്ക്കേണ്ട ഘട്ടം വന്നിട്ടുണ്ടെന്നു് എനിക്കു തോന്നുന്നി
ല്ല. ഈ പ്രമേയത്തെ സംബന്ധിച്ചു് എനിക്കു ബലമായ അഭി
പ്രായവ്യത്യാസമുണ്ടു്. യഥാർത്ഥത്തെ മറച്ചുവച്ചുകൊണ്ടു് ഈ വി
ഷയത്തെസംബന്ധിച്ചു് ഒരു പ്രമേയം കൊണ്ടുവന്നിട്ടുള്ളതാണെ
ന്നാണു് എന്റെ അഭിപ്രായം. ഇവിടെ മറ്റുചില മെമ്പർമാർ
പറഞ്ഞതുപോലെ ഈ റസല്യൂഷൻ പിൻവലിക്കുവാൻ അനുവദിക്കു
കയല്ല വോട്ടിനിട്ടുകൂടി തള്ളിക്കളയണമെന്നാണു് എനിക്കുള്ള ബ
ലമായ അഭിപ്രായം. അങ്ങനെ ചെയ്യാത്തപക്ഷം നിങ്ങൾ ഈ
റസല്യൂഷൻ ഇവിടെ പാസ്സാക്കുകയാണു വേണ്ടതു്. ബഹുമാനപ്പെ
ട്ട നെമ്മാറമെമ്പർ അവർകൾ പറഞ്ഞ ഒരു സംഗതിയെക്കുറിച്ചു കൂ
ടി സംക്ഷിപ്തം പറയുവാനുണ്ടു്. അദ്ദേഹം വളരെ ഗൌരവമായിപറ
ഞ്ഞ ഒരു വിഷയം ഏതെങ്കിലും ഒരുദ്യോഗസ്ഥനെപ്പറ്റി പരസ്യ
മായ ഒരു സ്ഥലത്തുവെച്ചു് അദ്ദേഹം കോഴമേടിക്കുന്നു എന്നോ പ
ണം അപഹരിച്ചുഎന്നോ വ്യക്തമായിപറഞ്ഞാൽ അങ്ങനെയുള്ള
ചാർജ്ജുകളെപ്പറ്റി ഗവമ്മെണ്ടു പ്രത്യേകമായി അനേഷിക്കേണ്ട
താണു് എന്നാണു്. ഏതൊരുദ്യോഗസ്ഥനും കോഴ വാങ്ങിക്കുന്ന
തായി സംശയം തോന്നുന്നുണ്ടെങ്കിൽതന്നെയും അങ്ങനെയുള്ള
കാര്യങ്ങളും പബ്ലിക്കായ ഒരു സ്ഥലത്തുവെച്ചു് ഇപ്രകാരം തുറന്നുപ
റഞ്ഞാൽ അതിനെപ്പറ്റി അനേഷിക്കേണ്ടുമതല ഗവമ്മെണ്ടിനു
ണ്ടു്. ഞാൻ പ്രത്യേകിച്ചും ഒരു ഡിപ്രാട്ട്മെണ്ടു മേലദ്ധ്യക്ഷനെ
പ്പറ്റി പറയുകയല്ല. ഏതൊരു ഡിപ്രാട്ട്മെണ്ടുദ്യോഗസ്ഥനാ
യാലുംവേണ്ടതില്ല ഒരാൾ അങ്ങനെയായാൽ ബാക്കിയുള്ളവരും
അതുപോലെയാണെന്നവിശ്വസിക്കാനെ തരമുള്ളു. എന്നാൽ ന
മ്മുടെ ഭാഗ്യവശാൽ ബഹുമാനപ്പെട്ട കൊച്ചിഗവമ്മെണ്ടിന്റെ
ഡിപ്രാട്ട്മെണ്ടു മേലദ്ധ്യക്ഷന്മാരെപ്പറ്റി ഈവക ആക്ഷേപങ്ങ
ളൊന്നും കേൾക്കുന്നില്ല. അതു വളരെ ഭാഗ്യമായിട്ടാണു് ഞാൻ
കരുതിവരുന്നതു്. ഒരുദ്യോഗസ്ഥൻ തന്റെ സ്വന്തം ആളുകൾക്കു്
ഉദ്യോഗം കൊടുത്തുവെന്നോ ശുപാർശചെയ്തുവെന്നോ മറ്റോ
വന്നുപോകുന്നതു മനുഷ്യസ്വഭാവം കൊണ്ടാണു്. ചിലക്കു്
അങ്ങനെ വന്നുഎന്നും വന്നില്ലെന്നും വരാം. എന്നാൽ ഏ
തെങ്കിലും ഒരു ഉദ്യോഗസ്ഥൻ പണസംബന്ധമായ കാര്യങ്ങളിൽ
സത്യമായി പെരുമാറുന്നില്ലെന്നു് അറിഞ്ഞു കഴിഞ്ഞാൽ അതിൽ
വാസ്തവമുണ്ടായിരുന്നാലും ഇല്ലെങ്കിലും ഗവമ്മെണ്ടു് അതിന്റെ
വാസ്തവസംഗതികളെപ്പറ്റി അനേഷണം നടത്തേണ്ടതു് അ
ത്യാവശ്യമാണു്. ഇത്രത്തോളം ബലമായ ചാർജ്ജുകൾ ഈ സഭ
യുടെ മുമ്പാകെകൊണ്ടുവന്നിട്ടുള്ളസ്ഥിതിയ്ക്കു് ഈ പ്രമേയം തള്ളി

LIBRARY ARCHIVES Kerala Legislative Assembly

പ്പോയാൽപോലും ഗവൺമെണ്ടിൽനിന്നും ഈമാതിരി ഗൌരവതരങ്ങളായ കാര്യങ്ങളെക്കുറിച്ചു പ്രതേകിച്ചനേഷിക്കേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മിസ്റ്റർ എം. എ. ചാക്കോ.—ഈ പ്രമേയത്തെ എതിർത്തു രണ്ടുവാക്കു പറയാനാണു് ഞാൻ എഴുനേറ്റതു്. ഒന്നാമതായിട്ടു ഈ പ്രമേയത്തിൽ പരാതികൾ പലതുമുണ്ടെന്നും ആ പരാതികളെല്ലാം ശരിയാണെന്നോ അല്ലെന്നോ ബോദ്ധ്യമില്ലെന്നും അതു ബോദ്ധ്യപ്പെടുവാൻവേണ്ടി ഒരു ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷനെക്കുറിച്ചു അനേഷണം നടത്തണമെന്നും പറഞ്ഞിട്ടുള്ളതുകൊണ്ടു തനിച്ചു നോക്കിയാൽ ഇതിനെ പിന്താങ്ങുകയോ അനുകരിക്കുകയോ ചെയ്യേണ്ടതുണ്ടെന്നു തോന്നുന്നില്ല.

രണ്ടാമതായി വടക്കാഞ്ചേരി മെമ്പർ അവർകൾ ഒന്നരണ്ടു സംഗതികൾ ഇവിടെ പറയുകയുണ്ടായി. അതായതു മറ്റു പരാതികളെക്കുറിച്ചു് കണ്ടറിയുന്നതിനാവശ്യമുള്ള അവസരം കിട്ടീട്ടില്ലാത്തതുകൊണ്ടു് അനേഷിച്ചിട്ടില്ലാ എന്നും പ്രസ്താവിക്കുകയുണ്ടായി. ബോദ്ധ്യം വന്ന രണ്ടു സംഗതികൾകൊണ്ടുതന്നെ ഇവിടെ കൊണ്ടുവന്നിട്ടുള്ള ചില പരാതികൾ അടിസ്ഥാനരഹിതങ്ങളാണെന്നുമാത്രമല്ല വ്യക്തിപരമായ വിദ്വേഷവുംകൂടിയുണ്ടെന്നു് വിശദമാകുന്നുണ്ടു്. എനിക്കുണ്ടായിട്ടുള്ള ഒരു സംഗതി ഈ സഭമുമ്പാകെ പ്രസ്താവിച്ചു മനസ്സിലാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഞാൻ എഴുനേറ്റതു്. ചെറായിയിൽ കായി എന്നുപേരായ ഒരു പുലയനെ അധഃകൃതനല്ലാത്തതായ ഒരാൾ മർദ്ദിച്ചുവെന്നും, അതിലേയ്ക്കു പോലീസുകമ്മീഷണർ അവർകൾ വളരെ ശ്രദ്ധയോടുകൂടി കീഴ് സിൽബന്ധികളായ പോലീസുകാരെ അയച്ചു വേണ്ടപോലെ അനേഷണം നടത്തി ചാർജ്ജുചെയ്തുവെന്നും, ഒടുവിൽ അക്കായ്മും പ്രൊട്ടക്ടർ എങ്ങിനെയൊ അറിഞ്ഞു് അതിനുവേണ്ട ഏർപ്പാടുകൾചെയ്തു് യാതൊരു രക്ഷയ്ക്കും ഇടയാകാത്തവിധത്തിൽ പ്രവൃത്തിച്ചു എന്നും, അതു് ഒരു വലിയ അന്യായമായ ആക്ഷേപമായിട്ടുണ്ടെന്നും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ആ ആക്ഷേപം ശരിയാണോ അല്ലയോ എന്നു് ഞാൻ വിമർശിക്കുന്നില്ല. അതിനെക്കുറിച്ചു് ബഹുമാനപ്പെട്ട പള്ളിരുത്തിമെമ്പർ കുറെ സഹനശക്തിയും സഹിഷ്ണുതയുമൊക്കെ വേണ്ടതാണെന്നു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് അതിനെ ഒന്നുകൂടി എടുത്തുപറയുവാൻ ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട അധഃകൃതമെമ്പർ അവർകൾതന്നെ ചെറായിയിലെ ഈകായ്മും ഏതുവിധത്തിലും തമ്മിൽതീർത്തുകളയുവാനാണു് താൻ ശ്രമിക്കുന്നതെന്നു് ഒരിക്കൽ എന്നെ അടുക്കൽപറയുകയും, അതാണുനല്ലതെന്നും കഴിയുന്നതും വഴക്കുകൂടാതെ കഴിക്കുകയാണു് വേണ്ടതെന്നും ഞാൻ മറുപടിപറയുകയുമുണ്ടായി. അതിനുശേഷം ആപ്രവൃത്തിതന്നെ പ്രൊ

LIBRARY ARCHIVES Kerala Legislative Assembly

ട്ടക്ടർ ചെയ്യ് ഈ കേസ് ശിക്ഷകൂടാത്തവിധത്തിൽ തീർത്തുവെന്നു കണ്ടപ്പോൾ അയാൾ ഒരു തെറ്റുചെയ്തതായി അദ്ദേഹത്തെ ആക്ഷേപിച്ചു പറയുന്നതു് കേവലം മനഃസാക്ഷിക്കു ശരിയായിട്ടുള്ളതാണോ എന്നു് എനിക്കു സംശയമാണു്. ഞാൻ അങ്ങോട്ടു് അവശ്യപ്പെടാതെതന്നെ ഇങ്ങോട്ടുവന്നുപറഞ്ഞു് എന്നെ ബോദ്ധ്യപ്പെടുത്തിയതിനുശേഷം ഈസഭയിൽവന്നിട്ടു് പ്രൊട്ടക്ടർ അതുചെയ്തതു തെറ്റായിപ്പോയി എന്നു വീണ്ടുംപറഞ്ഞിട്ടുള്ളതുതന്നെ അധഃകൃതർക്കു വളരെ തരക്കേടായി. തീർന്നിട്ടുണ്ടു്. ഇതുപോലെ അധഃകൃതസമുദായത്തിന്റെ പ്രൊട്ടക്ടരായി. നിയമിച്ചിരിക്കുന്ന ഒരാളെ—അവരുടെ ഉദ്ധാരണത്തിനു പരിശ്രമിക്കുവാൻവേണ്ടി ഗവമ്മെണ്ടിൽനിന്നു നിയമിച്ചിട്ടുള്ള ഒരുദ്യോഗസ്ഥനെ—അദ്ദേഹം സംരക്ഷകനല്ല, ഭക്ഷകനാണു് എന്നുംമറ്റും മനഃസാക്ഷിക്കു ചേർന്നതവണ്ണം പറഞ്ഞിട്ടുള്ളതിൽനിന്നു് വ്യക്തമായ വിരോധം സ്ഥലിക്കുന്നുണ്ടു്. ഇങ്ങിനെയുള്ള കാര്യങ്ങളും ഈസഭയിൽ വന്നുപറഞ്ഞു സമയം കളയുന്നതുകൊണ്ടു് സഭയ്ക്കു അവകളെക്കുറിച്ചു സാമാന്യമായ വിലകൂടിയില്ലാതെ ആകുന്നതാണു്. ആ സ്ഥിതിയ്ക്കു് എന്തിനാണു് ഈവിഷയത്തിൽ എതിർത്തു രണ്ടുവാക്കു പറയാതിരിക്കുവാൻ നിവൃത്തിയില്ല. അധഃകൃതരുടെ ഉദ്ധാരണത്തിനുവേണ്ടി ഗവമ്മെണ്ടിൽനിന്നുംപരിശ്രമം ചെയ്തുതുടങ്ങുന്നതിനുമുമ്പുതന്നെ—പ്രൊട്ടക്ടരുടെ നിയമനത്തിനു മുമ്പുതന്നെ—ആ പരിഷകളിൽപെട്ടവർക്കു വല്ല സങ്കടങ്ങളോ ആക്ഷേപങ്ങളോ ഉണ്ടായാൽ അവ തങ്ങളാൽകഴിയുന്നവിധം കൊണ്ടുവരുവാനും പുലർത്തുവാനുംഏറക്കുറെ യത്നിച്ചിട്ടുള്ളവരാണു് ഈയുള്ളവർ. ആ യത്നങ്ങളും മുഴുവൻ സഫലീഭവിച്ചു എന്നു പറയുന്നില്ല. എന്നാൽ ആ സംഗതിവളരെ കേമമായും ആകാംക്ഷയോടുകൂടിയും ഗവമ്മെണ്ടു ഏറെറടുത്തു നടത്തുന്നതിൽ പ്രത്യേകിച്ചും അനുമോദിക്കുകയാണു വേണ്ടതെന്നു് ഞാൻ അധഃകൃത പ്രതിനിധിയെ ധരിപ്പിക്കുന്നു. മറുള്ളവരുടെമേലിൽ കയറണമെന്നല്ല മറുള്ളവരോടുകൂടി ഉയരണമെന്നുള്ള മനസ്ഥിതി തങ്ങൾക്കുണ്ടായിരുന്നാൽ അവർക്കു പ്രൊട്ടക്ടരോടുകൂടി സഹകരിച്ചുപോകുവാനും ഈ ഒച്ചപ്പാടുകളെല്ലാം ഇല്ലാതെയാകുവാനും സാധിക്കും. പ്രൊട്ടക്ടരുടെ പ്രവൃത്തികളെസംബന്ധിച്ചു ദുഷിക്കുന്ന ആളുകളുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. അതിനു കാരണം മതിയായില്ല എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഞാനും ഈ പ്രമേയത്തെ എതിർക്കുന്നു. അവതാരകന്റെ ആക്ഷേപങ്ങളിൽ പെട്ട ഒരു സംഗതിയെപ്പറ്റി ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ഇവിടെ മറുപടി പറയുകയുണ്ടായി. ആതിനെ സംബന്ധിച്ചു് എനിക്കുള്ള അറിവിനേയുംഞാൻ ഇവിടെ പ്രസ്ഥാവിച്ചുകൊള്ളുന്നു. ഒരു സ

LIBRARY ARCHIVES Kerala Legislative Assembly

നാസി കൺട്രാക്ടർക്ക് പണം കൊടുത്തിട്ടില്ലെന്നും മറും ചില കടലാസുകളിൽ പ്രസ്താവിച്ചു കാണുകയുണ്ടായി. ആ മനുഷ്യൻ ഇന്നലെവരെ ചില കടലാസുകളുംകൊണ്ട് എന്റെ അടുക്കൽ വരികയുണ്ടായി. കടലാസുകളും ഞാൻ പരിശോധിച്ചു; ആ മനുഷ്യനു പറയാനുള്ളതു് എല്ലാം കേട്ടു. ഫ ഫ ഠ -ൽ ഈ മനുഷ്യനു ഒരു കരാർ കൊടുത്തു. പണിത പണി അളന്നു പണവും കൊടുത്തു. അതു് ഒരു കിണർ പണിയായിരുന്നു. ഫ ഫ ഠവ -ൽ ആ കിണറിലുണ്ടായിരുന്ന കരിങ്കല്ലുപാറ വെടിവെക്കുന്നതിനു് എസ്റ്റിമേറു തയ്യാറാക്കി. വേറെ ഒരാളെ പണി ഏല്പിച്ചു നടത്തി സംഖ്യ കൊടുത്തതായി കാണുന്നു. ഈ മനുഷ്യനെ ഫ ഫ ഠവ -ൽ പണി ഏല്പിച്ചതായോ പണി നടത്തിയതായോ യാതൊരു റിക്കാർഡും ഇല്ല. അങ്ങിനെ ഫ ഫ ഠവ -ൽ പാറ വെടിവെച്ചിട്ടുള്ളതിന്റെ സംഖ്യയാണു് ഈ മനുഷ്യൻ ആവശ്യപ്പെടുന്നതു്. ദിവാൻജി അവർകൾ പ്രത്യേകം അന്വേഷിക്കാൻ കാരണം കാണുന്നില്ലെന്നു് ഇയ്യാൾക്കു ഫർജികൾ മറുപടിയും കൊടുത്തിട്ടുണ്ടു്. സർക്കാർ വക പണി നടക്കുമ്പോൾ അതിന്റെ സമീപത്തു പോയവർക്കു പണം കൊടുക്കാത്തതു് മിസ്റ്റർ മാമൻചോഹന്റെ പേരിൽ ഒരു തെറ്റാണെങ്കിൽ നിശ്ചയമായും അദ്ദേഹം ഇതിൽ കുറ്റക്കാരനാണു്. എന്നാൽ അങ്ങിനെ ഒരു നടപടി ഈ രാജ്യത്തു് ഉണ്ടെന്നു തോന്നുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഇത്തരത്തിൽ മിസ്റ്റർ മാമൻ ചോഹന്റെ അടുക്കൽനിന്നും പണം കിട്ടുന്നില്ലെന്നു പറഞ്ഞു പല ആളുകളും സങ്കടപ്പെടുന്നുണ്ടു്. അധ്യക്ഷത മെമ്പർ പറയുന്നതു് ഗവർമ്മെണ്ടിൽ നിന്നും ഞങ്ങൾക്കുവേണ്ടി ചിലവിടുന്ന സംഖ്യ ഞങ്ങൾക്കുതന്നെ തന്നാലുള്ളതുകൊണ്ടു് യാതൊരു ആക്ഷേപവും ഉണ്ടാകയില്ലെന്നാണു്. പ്രൊട്ടക്ടറുടെ ശമ്പളംതന്നെ ഞങ്ങൾക്കു പങ്കിട്ടുതന്നു കഴിഞ്ഞാൽ യാതൊരു ആക്ഷേപവും പ്രൊട്ടക്ടറുടെ പേരിൽ ഞങ്ങൾക്കില്ല. എന്ന മാതിരിയിലാണു പറയുന്നതു്. എന്നാൽ കടലാസിലും മറും നോക്കിയാൽ ഈ പ്രൊട്ടക്ടറെപോലെ യോഗ്യനായ ഒരു ആൾ വേറെയില്ല എന്നും കാണുന്നുണ്ടു്. അതുകൊണ്ടു് എനിക്കു ഗവർമ്മെണ്ടിനോടു പറയുവാനുള്ളതു് ഈ വക ആക്ഷേപങ്ങൾക്കു വേണ്ടി ഒരു പ്രമേയംതന്നെ ഈ കൌൺസിലിൽ കൊണ്ടുവരുവാൻ അനുവദിച്ചതു ശരിയല്ല എന്നാണു്. ഒരു ഉദ്യോഗസ്ഥനെപ്പറ്റി ഈ മാതിരി ആക്ഷേപങ്ങൾ നേരിട്ടു ദിവാൻജി അവർകളെ അറിയിക്കയും അദ്ദേഹം മുഖാന്തിരം ആ ഉദ്യോഗസ്ഥന്റെ തെറ്റുകളെക്കുറിച്ചു ശരിയായ അന്വേഷണം നടത്തുകയും ചെയ്താൽ നന്നായിരുന്നു എന്നാണു് എന്റെ അഭിപ്രായം. പ്രൊട്ടക്ടർ ഇവിടത്തെ ഒരു മെമ്പറല്ല. അദ്ദേഹത്തിനു ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി എഴുതി അയക്കുവാൻ അധികാരമുണ്ടെന്നല്ലാതെ നേരിട്ടു് ഒന്നും പറയുവാൻ തരമില്ല. ഓരോ എം. എൽ. സി. മാരുടേയും അടുക്കൽ ഓടിനടന്നു് അവരെ കാര്യം മനസിലാക്കി അവരെ

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടു് ശരിയായ കാര്യം പറയിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നതു്.

മിസ്റ്റർ മാമൻ ചോഹൻ ഇവിടെ വക്കീൽ പണിയിൽ വന്ന കാലം മുതല്ലേ അദ്ദേഹം എന്റെ ഒരു മാന്യ സ്നേഹിതനാണ്. ആ കാലം മുതല്ലേ അദ്ദേഹത്തെ ദ്രോഹിക്കുവാനുള്ള പല പണികളും നടന്നുവന്നിട്ടുള്ളതായി പലർക്കും അറിയാം. എന്റെ അറിവിൽ പെട്ടിടത്തോളം ഇതും ആ തരത്തിലുള്ള ഒന്നാണെന്നു വിചാരിക്കാതെ തരമില്ല. അദ്ദേഹത്തിനു് ഒരു നല്ല ശമ്പളവും കിട്ടി ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷവും മുമ്പിലത്തെതിനെ തുടർന്നു പണം പങ്കിട്ടെടുക്കുന്നു എന്നും മറ്റുമുള്ള ആക്ഷേപങ്ങൾ കേട്ടവരുന്നുണ്ട്. എന്നാൽ ആദ്യത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് നോക്കിയാൽ അദ്ദേഹത്തിനു ആ ഡിപ്പാർട്ട്മെണ്ടിലുള്ള മേൽനോട്ടം കുറവല്ലെന്നും അതു് ആവശ്യപ്രകാരം വർദ്ധിച്ചുവരുകയും പലതും കുറഞ്ഞുപോയിട്ടുണ്ടെന്നും കാണാവുന്നതാണ്.

പള്ളരുത്തിമെമ്പർ പറഞ്ഞ മാതിരി ഈ അധഃകൃതർ എന്നു കൂട്ടർ വലിയ അപകടമുള്ള ഒരു തരക്കാരാണ്. മറ്റുള്ളവരെല്ലാം അധഃകൃതരാകണമെന്നും അവരെല്ലാം മേൽകൃതരാകണമെന്നുമാണ് അവരുടെ ആഗ്രഹം. ആ ഉദ്ദേശം തീരെ നല്ലതല്ല. അധഃകൃതർ നന്നാകുന്നതിൽ ആക്ഷേപമില്ലാ. ഒരു ഈഴവനെ എന്തിനാണ് അധഃകൃത പ്രൊട്ടക്ടറായിട്ടു വച്ചതു്, അധഃകൃതക്കു് ഉദ്യോഗമൊന്നും ഇല്ലല്ലോ എന്നും മറ്റുമാണ് പല ചാർജ്ജുകളും ഇവിടെ പറഞ്ഞു കാണുന്നതു്. അതിനെ സംബന്ധിച്ചൊന്നും ഞാൻ ഇവിടെ വിവരിച്ചു പറയുന്നില്ല.

ഭജനമഠം ഞങ്ങൾക്കു് ഒന്നര മൈൽ അകലെയകലെയാണു വച്ചിട്ടുള്ളതു്. ഈഴവക്കു് ആറു നാഴികയകലെ ഒരു ക്ഷേത്രമുണ്ട്. ആ സ്ഥിതിക്കു് ഒന്നരമൈൽ അകലത്തിൽ അമ്പലം വച്ചിട്ടു ഞങ്ങളെ കുറേക്കൂടി കിഴ്പോട്ടു താഴ്ത്തുകയല്ലേ ചെയ്യുന്നതു് എന്നും മറ്റുമുള്ള ആക്ഷേപങ്ങൾ ശരിയല്ല. അതുകൊണ്ടു് ഉദ്യോഗം മെമ്പർ പറഞ്ഞമാതിരിയാതൊരു ആക്ഷേപവും കൂടാതെ ഇതിന്റെ അവതാരകൻ ഈ കൌൺസിലിൽനിന്നും ഈ പ്രമേയത്തെ പിൻവലിക്കണമെന്നാണ് അദ്ദേഹത്തോടു എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ.—സാർ, അധഃകൃത മെമ്പർ ഇങ്ങിനെ ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നതിനു് പല ആവലാതികളും പല മെമ്പർമാരും പറയുകയുണ്ടായി. നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറുദ്യോഗസ്ഥന്മാരെ പുച്ഛിയ്ക്കുവാൻവേണ്ടിയാണ് ഇങ്ങിനെ ഒരു പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നു പറഞ്ഞു് അവർ പരിതപിയ്ക്കുകയുണ്ടായി. പക്ഷെ ഈ മാതിരിയുള്ള സംഗതികൾ എന്തെങ്കിലും നേരിട്ടിരുന്നാൽതന്നെയും അവയെ മേലധികാരിയുടെ അടുക്കൽ ബോധിപ്പിച്ചു് അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരെകൊണ്ട് അന്വേഷണംനടത്തി കാര്യങ്ങൾ അവസാനിപ്പിക്കുകയല്ലാതെ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുവാൻ പാടില്ലെന്നാണ് അഭിപ്രായപ്പെട്ടുകാണുന്നത്. അധഃകൃതസംരക്ഷകനെസംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പല പ്രാവശ്യവും ചോദ്യങ്ങൾ മുഖാന്തിരമായും മറ്റും ഈ കൌൺസിലിന്റെ ശ്രദ്ധയ്ക്കു കൊണ്ടുവന്നുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടൊന്നും യാതൊരു ഫലവും കാണായ്കയാലാണ് അവസാനമായി ഇപ്രകാരം ഒരു റസല്യൂഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തീട്ടും യാതൊരു പ്രകാരവുമുണ്ടായില്ല. മാത്രമല്ല ദിവാൻജിയുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചിട്ടും പ്രയോജനമൊന്നും കിട്ടീട്ടില്ലെന്നാണ പറയുന്നതു്. ഇതു് എത്ര ലഘുവായ ഒരു കാര്യമായിരുന്നാൽതന്നെയും, കൌൺസിലിൽ ചോദ്യങ്ങൾ ചോദിച്ചും, വർത്തമാനപത്രങ്ങളിലെഴുതിച്ചും, ദിവാൻജിയോടു നേരിട്ടു സങ്കടം ബോധിപ്പിച്ചിട്ടുകൂടിയും കാര്യത്തിനു യാതൊരു ഗുണവും കിട്ടാത്തതുകൊണ്ടു് ഇപ്രകാരം ഒരു റസല്യൂഷൻ കൊണ്ടുവന്നുകൂടാ എന്നു പറയുന്നതിന്റെ അർത്ഥം എനിയ്ക്കു മനസ്സിലാകുന്നില്ല. ഇങ്ങിനെയുള്ള സംഗതികൾ ഇവിടെ കൊണ്ടുവരുവാൻ പാടില്ലാത്തതാണെന്നുണ്ടെങ്കിൽ പിന്നെ എന്തുവേണമെന്നു പറയുവാനാണ് ഈ സഹോദരന്മാർ ഇവിടെ വന്നിരിയ്ക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. അവനവനെ സംബന്ധിക്കുന്ന കാര്യങ്ങൾക്കു് ഒരു ഗുണംകിട്ടുവാൻ വേണ്ടി പലവഴിക്കും പരിശ്രമിച്ചിട്ടും ഫലം കിട്ടാതെവരുമ്പോൾ അതു് ഒരു പ്രമേയരൂപേണ ഈ കൌൺസിലിൽ കൊണ്ടുവന്നുകൂടായെന്നു വാദിക്കുന്നതിന്റെ അർത്ഥമെന്താണു്?

അവതാരകൻ പറയുന്നതുപോലെ സംരക്ഷകൻ ദോഷവാനാണെന്നോ അല്ലെന്നോ എനിക്കു നിശ്ചയമില്ല. അദ്ദേഹത്തെ എനിക്കു പരിചയംകൂടിയില്ല. സൂക്ഷ്മശരീരം ചാലക്കുടിയിൽ വച്ചുകൊണ്ടു് ഒടുവിൽ ഒരു സ്ഥൂലശരീരനായിട്ടു് നല്ലേപ്പിള്ളിയിൽ എത്തിയ ആൾ ആരായാലും അയാൾ ഒരു വലിയ വേദാന്തിയായ യോഗ്യൻതന്നെയാണു്. അതിനെസംബന്ധിച്ചു് ഇന്നുകാലത്തു ഗവർമ്മെൻറിനെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുമുണ്ടു്. ആ സംഗതി ഗവർമ്മെൻറിൽ നിന്നും അന്വേഷിക്കുമ്പോൾ അവതാരകൻ പറഞ്ഞുപോലുള്ള ദോഷങ്ങളും അദ്ദേഹത്തിനുണ്ടോ എന്നു തീരുമാനിക്കട്ടെ. ഏതായാലും ഇതിനെപ്പറ്റി അന്വേഷിക്കുവാനുള്ള ബാദ്ധ്യത ഗവർമ്മെൻറിനു നല്ലപോലെയുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ ആദ്യത്തിൽതന്നെ ഇതിനുമുമ്പു പല മെമ്പർമാരും ഈ പ്രമേയത്തെ എതിർത്തതുപോലെ എതിർത്തു സംസാരിക്കുന്നതിനോ അല്ലെങ്കിൽ പ്രമേയാവതാരകനെ ചില ഉപദേശങ്ങൾ കൊടുത്തു പിൻവലിപ്പിക്കുന്നതിനോ ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെക്കുറിച്ചു വിമർശിക്കുന്നതിനൊ അല്ല എഴുനേറ്റുനില്ക്കുന്നതെന്നു പറഞ്ഞുകൊള്ളട്ടെ. ഈ മൂന്നാമത്തെ നിയമസഭയിൽ അധഃകൃതമെമ്പറെ നോമിനേറ്റു ചെയ്തു വന്നതുമുതൽ അദ്ദേഹത്തിനു് ഇവിടെ കുറച്ചു പഴക്കം വരുന്നതുവരെ പണികൊം മനസ്സിലാക്കാതെ ഇരുന്നിട്ടുണ്ടാവാം. അതിനുശേഷമുള്ള കൌൺസിൽ പ്രൊസീഡിംഗ്സു എടുത്തുനോക്കിയാൽ ഒരൊറ്റ സ്പീച്ചിലെങ്കിലും അധഃകൃത സംരക്ഷണ ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയിട്ടോ അതിന്റെ മേലദ്ധ്യക്ഷനെപ്പറ്റിയിട്ടോ അദ്ദേഹത്തിന്റെ നടപടികളെപ്പറ്റിയിട്ടോചോദ്യങ്ങൾ മുഖാന്തരം ഗവൺമെൻറിന്റെ ദൃഷ്ടിയിൽ ധാരാളമായി കൊണ്ടുവരാതിരുന്നിട്ടില്ലെന്നു കാണാം. ഗവൺമെൻറിൽനിന്നു് ഓരോ അവസരത്തിലും പറഞ്ഞിട്ടുള്ള മറുപടിയിൽനിന്നും ഈ ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനു് ഡിപ്പാർട്ട്മെൻറ മേലദ്ധ്യക്ഷൻ എഴുതിഅയക്കുന്ന മറുപടികളെ മാത്രംവെച്ചുകൊണ്ടുംഗവൺമെൻറു് അതിനെപ്പറ്റി പൂർണ്ണമായി അന്വേഷിക്കാതേയും യാതൊരു തരത്തിലും ഡിപ്പാർട്ട്മെൻറ മേലദ്ധ്യക്ഷനിൽനിന്നും കിട്ടേണ്ട മറുപടിയിൽ കവിഞ്ഞ ഒരു മറുപടി വാങ്ങാതേയും ആണിരുന്നിട്ടുള്ളതെന്നു തെളിയുന്നുണ്ടു്. പ്രത്യേകിച്ചും ഒരു സമുദായത്തെ പ്രതിനിധീകരിക്കുവാൻ നോമിനേറ്റു ചെയ്തിട്ടുള്ള ഒരു മെമ്പർ അവരുടെ സമുദായത്തെ വേണ്ടപോലെ ഭരിച്ചു നടത്തുവാൻ വച്ചിട്ടുള്ള സംരക്ഷകനെപ്പറ്റി എന്തെങ്കിലും സംഗതികൊം ഈ സഭയിൽ കൊണ്ടുവരുമ്പോൊം അതിനെക്കുറിച്ചു വളരെ ഗൌരവമായി അന്വേഷിക്കേണ്ട ചുമതല ഗവൺമെൻറിനുണ്ടായിരുന്നു. അദ്ദേഹം കൊണ്ടുവന്ന കാര്യങ്ങൊം എത്ര നിസ്സാരമായിരുന്നാൽപോലും അതിനെപ്പറ്റി അന്വേഷിക്കാതിരിക്കുന്നുവെങ്കിൽ അദ്ദേഹത്തെ നോമിനേറ്റുചെയ്തതു തെറ്റാണെന്നാണു് ഞാൻ പറയുന്നതു്. അദ്ദേഹത്തെ ഒരു സമുദായത്തിലെ മെമ്പറായി ഗവൺമെണ്ടു് എപ്പോൾ നോമിനേറ്റു ചെയ്തുവൊ അതു മുതൽ മറ്റുള്ളവരെപ്പോലെ തന്നെ വിചാരിക്കേണ്ടതാണു്. അതു് നമ്മുടെ ഗവൺമെണ്ടിനു് ഇതുവരെ തോന്നിയിട്ടില്ല. ചില അവസരങ്ങളിൽ അദ്ദേഹം ചെയ്യിട്ടുള്ള ചോദ്യങ്ങളിൽ ഈ സംരക്ഷകനെ മാറ്റേണ്ടതാണെന്നു കൂടി പറഞ്ഞിട്ടുള്ളതായി പ്രൊസീഡിംഗ്സു് തന്നെ നോക്കിയാൽ അറിയാം. എന്നിട്ടും ഗവൺമെണ്ടു് ഇന്നുവരെ അക്കാര്യത്തിൽ ഒരു എൻക്വയറി നടത്തിയതായി എനിക്കറിവില്ല. ഗവൺമെണ്ടിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പറ്റി കഴിഞ്ഞ രണ്ടു മൂന്നു സ്പീച്ചുകളിലായി പല ആവലാതികളും ആ ഡിപ്പാർട്ട്മെണ്ടിനെ സംബന്ധിച്ചു നല്ലവണ്ണം അറിവുള്ള ഒരു മെമ്പർ പറയുമ്പോൊം അതിനെക്കുറിച്ചു ഗവൺമെണ്ടു് യാതൊന്നും പ്രവൃത്തിക്കാതെ ഇരിക്കുന്നുവെങ്കിൽ അതിൽ നിന്നും നമുക്കും അ

LIBRARY ARCHIVES Kerala Legislative Assembly

ലോചിക്കേണ്ടതെന്താണു"? ഞങ്ങൾക്കു ഈ പ്രമേയത്തിലെ അഭിപ്രായത്തോടു നല്ല യോജിപ്പു തോന്നിയിട്ടുണ്ടു്. അധഃകൃത ഡിപ്പാർട്ടുമെണ്ടിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ഈ സഭയിൽ കൊണ്ടുവരുമ്പോൾ അതു ശരിയായിട്ടുള്ളതാണു് എന്നു കണ്ടാൽ ഞങ്ങൾ അതിനെ സപ്പോർട്ടു ചെയ്യാറുമുണ്ടു്. ആ സമുദായത്തിനു പ്രത്യേകിച്ചു നിയമിച്ചിട്ടുള്ളവനും അവരുടെ അവശതകൾ നല്ലവണ്ണം കണ്ടറിഞ്ഞിട്ടുള്ളവനുമായ ഒരാൾ എന്തെങ്കിലും ഒരു സംഗതി അവരുടെ ഗുണത്തിനായി ഇവിടെ കൊണ്ടുവരുമ്പോൾ അതെല്ലാം പ്രത്യേകിച്ചു കണ്ടുപിടിക്കുവാൻ സാധിക്കാത്ത ഞങ്ങൾക്കു് അതു ശരിയാണെന്നാണു തോന്നുന്നതു്. അദ്ദേഹം ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതോടുകൂടി ചെയ്ത പ്രസംഗത്തിൽ നിന്നതന്നെ മറുചില ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ മാതിരി ഗവമ്മെണ്ടിനെ നേരിട്ടു ധരിപ്പിച്ചിട്ടുണ്ടായിരുന്നു എന്നു പറയുകയുണ്ടായി. ഒന്നര അണയൊ ഒനേകാലണയൊ വിലവരുന്ന ഒരു മുണ്ടു് അദ്ദേഹം ദിവാൻജിയുടെ അടുക്കൽ കൊണ്ടുപോയി കാണിച്ചതായി പറഞ്ഞു. ആ ഒരൊറ്റസംഗതിക്കു് നല്ല മനസ്ഥിതിയുള്ളവരാണെന്നു് അഭിമാനിക്കുന്ന പല മെമ്പർമാരും ദിവാൻജി അവർകളും എന്തുചെയ്യുവെന്നാണു് ഞാൻ ചോദിക്കുന്നതു്. ആ ഒരൊറ്റ കാരണം പോരെ ഇതിനു തെളിവായിട്ടു്? ആ സമുദായത്തെ പ്രതിനിധീകരിക്കുവാൻ വേണ്ടി ഗവമ്മെണ്ടിൽനിന്നും നോമിനേറു ചെയ്തിട്ടുള്ള ഒരു മെമ്പർ ദിവാൻജിയോടു നേരിട്ടു വിവരം ബോധിപ്പിച്ചിട്ടും എന്തു ഫലമാണുണ്ടായതു്? കഴുത്തു മുറിച്ചു കാണിച്ചു തന്നാലും വിശ്വസിക്കയില്ലെന്നാണോ അതിന്റെ അർത്ഥം? ഈ നിലയിൽ അദ്ദേഹത്തിന്റെ കായ്ക്കളെയൊക്കെ വളരെ വളരെ നിസ്സാരങ്ങളാക്കി തള്ളിക്കളയുവാൻ ഉദ്ദേശിക്കുന്ന നയം ഒട്ടുംതന്നെ നല്ലതല്ല.

ഒരു ഗവമ്മെണ്ടുദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നു എന്നൊരു വാക്കു ഒരു നിയമസഭയിൽ വെച്ചു ഒരു സാമാജികൻ പറയുന്നതു് വെറും നിസ്സാരമാക്കി തള്ളുന്നു എന്നാണോ? അദ്ദേഹത്തിനു് അതിലേക്കു ശക്തികിട്ടീട്ടില്ലെന്നോ; അദ്ദേഹം പറയുന്നതു് ഒന്നും വാസ്തവമല്ലെന്നോ; എന്താണു് ഇതിന്റെ അർത്ഥമെന്നു് എനിക്കു മനസ്സിലാകുന്നില്ല. നിയമസഭയിലുള്ള മെമ്പർമാർക്കു ഒരു മെമ്പർ എന്തെങ്കിലും കൊണ്ടുവരുന്നതു തെറ്റാണു് എന്നു പറയുവാനുള്ള അധികാരം എന്താണുള്ളതു്? ആ മനസ്ഥിതി ചിലരിൽ കാണാത്തതിലാണു് എനിക്കു് അത്ഭുതം തോന്നുന്നതു്. ഞാൻ ഈ റസലൂഷനെ വളരെ ഗൌരവമായ ഒന്നായിട്ടാണു വിചാരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചുള്ള ആവലാതികൾ പലപ്രകാരത്തിൽ ഗവമ്മെണ്ടിനെ ധരിപ്പിച്ചിട്ടും അവക്കൊന്നും യാതൊരു നിവാരണമാർഗ്ഗവും കിട്ടാത്തതുകൊണ്ടാണു് അവസാനമായി ഒരു കമ്മിറ്റിയെ വച്ചു അന്വേഷിക്കണമെന്നു ഇങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു പ്രമേയംകൊണ്ടു് ആവശ്യപ്പെട്ടിട്ടുള്ളതു്. ഇന്നു് അദ്ദേഹത്തിന്റെ സ്ഥാനത്തു ഞാനാണെങ്കിൽ, അദ്ദേഹത്തിനു ലഭിച്ച ഫലമാണു് എനിക്കും ലഭിച്ചതെങ്കിൽ ഞാനും ഇങ്ങനെയൊരു റസല്യൂഷൻ തന്നെയാണു് ഈ കൌൺസിലിൽ സമർപ്പിക്കുവാനിടയുള്ളതു്. അതുകൊണ്ടു് ഇങ്ങിനെയുള്ള ഒരു കാര്യത്തിൽ അദ്ദേഹത്തിനോടാനും അറിവില്ല; എനിക്കൊന്നും അറിവില്ല; നിങ്ങൾക്കൊന്നും അറിവില്ല; ആർക്കും ഒന്നും അറിവില്ല; എങ്ങിനെയെങ്കിലും പോകട്ടെ എന്നു വിചാരിച്ചു തള്ളിക്കളയുകയല്ല വേണ്ടതു്. അറിവില്ലാത്ത സംഗതികൾ അറിവുള്ളവർ പറയുന്നതു കേട്ടു് വിശ്വസിക്കുന്നതാണു് ശരി. എനിക്കിതിൽ യാതൊരു വിവരവുമില്ല; അതുകൊണ്ടു ഞാൻ അതു് സമ്മതിക്കുവാൻ തയ്യാറില്ല. എന്നു പറയുന്നതു് വെറും തെമ്മാടിത്തരമെന്നേ പറയേണ്ടു. അവതാരകൻ പറഞ്ഞ സംഗതിക്കു് എതിരായിട്ടു്. ആരെങ്കിലും ന്യായമായ ഒരു കാരണം ഇവിടെ പറഞ്ഞു കേട്ടില്ല. ഞാൻ വളരെ സ്ഥലത്തൊക്കെ അങ്ങിനെ കേട്ടിട്ടുണ്ടു്; ചെന്ന സ്ഥലങ്ങളിലൊക്കെ ഇങ്ങിനെയാണു കണ്ടതു്. ഞാനും സംരക്ഷകനും കൂടി ഒരു കാറിലാണു് പോയതു് .എന്നെല്ലാം പറഞ്ഞതല്ലാതെ ഈ പ്രമേയത്തിനു വന്നിട്ടുള്ള ദോഷമെന്താണെന്നു് ആരും പറഞ്ഞു കേട്ടില്ല. കൊച്ചീരാജ്യത്തു വളരെ നല്ല നല്ല പദവികളിൽ ഇരിക്കുന്ന ആളുകൾ ഏതെങ്കിലും ഒരു കോളനിയിൽ സംരക്ഷകനൊന്നിച്ചു പോയിട്ടു സംഗതികളെല്ലാം നല്ലപോലെ മനസ്സിലാക്കിയാണു് മറുപടി തരുന്നതെങ്കിൽ ഞങ്ങളെ അദ്ദേഹം ദ്രോഹിക്കുന്നുവെന്നു പറയുവാനോ അതിനെപ്പറ്റി മനസ്സിൽ കൂടി വിചാരിക്കുവാനോ ഞങ്ങൾ തയ്യാറില്ല. ഗവർമ്മെണ്ടു് ഒരിക്കലും ഇങ്ങിനെയുള്ള കാര്യങ്ങൾ നിസ്സാരമായി തള്ളിക്കളയുവാൻ പാടുള്ളതല്ല. അധഃകൃത സംരക്ഷകനോടോ അദ്ദേഹത്തിന്റെ നടപടികളേയോ സംബന്ധിച്ചു യാതൊരു വിവരവും എനിക്കുമില്ല; ഇതിനെ സംബന്ധിച്ചു പറഞ്ഞ ആളുകൾക്കുമില്ല. എങ്കിലും ഞാൻ അവരിൽ ഒട്ടും താഴെയല്ലെന്നുള്ള കരുതൽ എനിയ്ക്കുണ്ടു്. എന്നാൽ എനിക്കു് ഒരു സംഗതിയിൽ മാത്രം വളരെ സന്തോഷമുണ്ടു്. ഈ അവലാതികളെപ്പറ്റി അന്വേഷിക്കാനായിട്ടു് ഒരു കമ്മിറ്റി വേണമെന്നു് ഒരുമെമ്പർക്കു ഇവിടെ പറയുവാൻ അവകാശമുണ്ടു്. അദ്ദേഹം ഇതിനുമുമ്പു പല അവസരങ്ങളിലും ഇതിനെപ്പറ്റി അന്വേഷിക്കുവാൻ ധാരാളം സമയം തന്നിട്ടുണ്ടു്. പലതവണയും ഈമാതിരി അഴിമതികൾ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുമുണ്ടു്. അതുകൊണ്ടു് ഇനിയെങ്കിലും ഒരു സന്ദർഭവും സൌകര്യവും അദ്ദേഹത്തിനുണ്ടാക്കി കൊടുത്തില്ലെങ്കിൽ ഗവർമ്മെണ്ടു് അദ്ദേഹത്തോടു ഒരു വലിയ അപരാധമാണു് ചെയ്യുന്നതു. സാധാരണമായി പ്രമേയങ്ങളെല്ലാം വോട്ടിനിട്ടാണു പാസാക്കു

LIBRARY ARCHIVES Kerala Legislative Assembly

ക. ഗവമ്മെണ്ടിനു് എതുതരത്തിലും ഒരു റസലൂഷൻ പാസാക്കുവാനും തള്ളിവിടുനുമുള്ള ന്യായങ്ങളറിയാം; അതിനുള്ള ശക്തിയുമുണ്ടു്. മാത്രമല്ല, പാസാക്കാത്തതുകൂടി പാസാക്കിച്ചതുപോലെ ഗണിക്കുവാനുള്ള ന്യായങ്ങളുമറിയാം. ഇതുരണ്ടുമല്ലാത്ത വഴിയുമറിയാം; മൂന്നാമത്തതുമറിയാം, നാലാമത്തതുമറിയാം. ഇതിനെല്ലാറ്റിനുംപുറമെ മോറലായിട്ടുള്ള ഒരു റസ്പോൺസിബിലിറ്റിയും കൂടി ഗവമ്മെൻറിനുണ്ടു്. അതുകൊണ്ടു് ഇതിൽ എന്തൊക്കുറച്ചു ഗൌരവമായിട്ടുള്ള സംഗതിയുണ്ടെന്നുള്ള ബോദ്ധ്യം ഗവമ്മെണ്ടിനുണ്ടെങ്കിൽ ഈ പ്രമേയം അവതരിപ്പിച്ചതിൻെറ ഫലമുണ്ടാകുമെന്നാണു് എൻെറ വിശ്വാസം. ഇന്നു ഈ റസലൂഷനെ എതിർത്തു സംസാരിച്ചിട്ടുള്ള വക്കീല്ലാം ഇതിനകത്തുള്ള സത്യാവസ്ഥ എന്താണെന്നറിയാം. ഈ മാതിരി ആക്ഷേപങ്ങളില്ലാതെ വെറുതെ ഒരാളെപ്പറ്റി ദോഷം പറയുകയാണെങ്കിൽ അതു് ക്രിമിനൽ ഒഫൻസിനു കാരണമാകുന്നതുമാണു്. ഈമാതിരി വിഷയങ്ങളെപ്പറ്റി സംസാരിക്കുവാൻവേണ്ടി ഇവർ ഈ നിയമസഭയിലല്ലാതെവേറെ എവിടെയാണു ഹാജരാകേണ്ടതു്. ഈ മാതിരി സംഗതികളെക്കുറിച്ചു് ഈ സഭയിൽ സംസാരിക്കുവാൻ നിയമമില്ലെങ്കിൽ ഒരു നിയമം ഉണ്ടാക്കണം. വല്ല നിയമവും മാറണമെങ്കിൽ മാറിയിട്ടുകൂടി ചെയ്യുന്നതിനു വിരോധമില്ല.

ഈ സംഗതിയെക്കുറിച്ചു പറയുമ്പോൾ ഇതിനു മുമ്പൊരവസരത്തിൽ ഞാൻകൊണ്ടുവന്ന റിട്രഞ്ചുമെൻറു കമ്മിറ്റിയുടെകാര്യം എനിക്കു് ഓർമ്മവരുനുണ്ടു്. അന്നു അതിനുപറഞ്ഞ ബലമായ ഒരു ആവലാതി ഉദ്യോഗസ്ഥന്മാർ അതിൽ ഉൾപ്പെട്ടിട്ടില്ല എന്നാണു്. പിന്നെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും കൂടിയുള്ള ഒരു കമ്മിറ്റിയായി. ഒടുവിൽ അനുദ്യോഗസ്ഥന്മാർ ആരും വേണ്ടെന്നുംവെച്ചു. ഉദ്യോഗസ്ഥന്മാർ മാത്രമായി. അവസാനത്തിൽ കമ്മിറ്റി എന്ന കായ്യംതന്നെ എടുത്തുകളയുന്നതിനുകൂടി വിരോധമില്ല എനുള്ള സ്ഥിതിയിലായി. ഗവമ്മെണ്ടുദ്യോഗസ്ഥനായിട്ടുള്ള ഒരാളുടെ ആക്ഷേപത്തെസംബന്ധിച്ചുള്ള കടലാസുകൾ അയാളുടെ പക്കൽതന്നെയാണു് കെട്ടി അയക്കുക; അതായതു് അധഃകൃതസംരക്ഷകനെ സംബന്ധിച്ചുള്ള കടലാസുകൾ അധഃകൃത സംരക്ഷകനുതന്നെ കെട്ടിഅയക്കുക. ഇത്തരത്തിലായാൽ, യാതൊരു പ്രയോജനവുമുണ്ടാകയില്ല. ഗവമ്മെണ്ടിൽനിന്നു കമ്മിറ്റിയെ ഒച്ചാലും വച്ചില്ലെങ്കിലും ഏതെങ്കിലും തരത്തിൽ ഒരു എൻക്വയറി നടത്തുന്നതു് നല്ലതാണു്. ഇതിലേയ്ക്കു അനേഷണത്തിനു വേണ്ടി വയ്ക്കുന്നവർ തങ്ങളുടെ മനസ്ഥിതിയ്ക്കു് വിരോധംകൂടാതേയും ഗവമ്മെണ്ടിനു് വിരോധംകൂടാതേയും അനേഷിക്കുന്നായിട്ടുള്ള സാധാരണ സ്ഥിതിയിൽ ഉള്ളവരായിരിക്കണം. അതിനു് സാധിക്കുന്ന ആളുകൾ ഇന്നു് ഗ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വമ്മെണ്ടുദേ ാഗത്തിൽതന്നെ ധാരാളമുണ്ടു. ആ നിലയിൽ എ ന്തെങ്കിലും ഒരു എപ്പോടുവച്ചിട്ടു് ഇതിലേയ്ക്കു് ഒരു നിവാരണമു ണ്ടാക്കി കൊടുത്തു് മേലാൽ ഇങ്ങിനെയുള്ള സംഗതികൾ ഉ ണ്ടാകാതെ കഴിച്ചുകൂട്ടിയാൽകൊള്ളാമെന്നുമാത്രമേ എനിക്കു പറ യുവാനുള്ളു.

Mr. Barton Wright,—Sir, I rise to oppose this resolution. I am not going to speak at length on this subject, for it has been fully discussed on the floor of this House this morning in Malayalam.

രാമവമ്മതമ്പുരാൻ.—ഈവിഷയം നല്ലവണ്ണം ആലോചിച്ചു നോക്കിയതിൽ ഇതിനെക്കുറിച്ചു് അനേഷിക്കേണ്ട ആവശ്യത്തി നു് പ്രത്യേകിച്ചു് ഒരു കമ്മിറ്റി വേണമെന്നു് എനിക്കുതോന്നു ന്നില്ല. അതിഗംഭീരമായ ഒരു പോളിസിയെപ്പറ്റി ആലോ ചിക്കുവാനോ അല്ലെങ്കിൽ അതുപോലെയുള്ള വളരെ കഠിനമായ പ്രോബ്ലത്തെപ്പറ്റി ആലോചിക്കുവാനോ അനേകം പ്രോബ് ളംസു കൂട്ടിഘടിപ്പിച്ചിട്ടുള്ള ഒന്നിനെപ്പറ്റി ആലോചിക്കുവാനോ ആണു് സാധാരണമായി കമ്മിറ്റിയെ നിയമിക്കാറുള്ളതു്. ഏതെ ങ്കിലുംഒരു ഡിഫിക്കൽറ്റിമെന്തിൽ കുറെകണ്ടു എന്നുവിചാരിച്ചു് അതി ലേയ്ക്കു് ഒരു കമ്മിറ്റിയെ അപ്പോയിൻറു ചെയ്യണമെന്നുപറഞ്ഞാ ൽ ഗവമ്മെണ്ടിനു് അതു് അക്സപ്റ്റു ചെയ്യുവാൻ നിവൃത്തി യില്ല. അതുയുക്തമെന്നും ഈ വിഷയത്തിൽ കാണുന്നുമില്ല. ഇതു് എപ്പോഴെങ്കിലും ഏതു സമയത്തും ഗവമ്മെണ്ടിനു് അനേഷിക്കുവാനുള്ള സംഗതിയേയുള്ളു. ആവിധത്തിൽ ഇ തിനെസംബന്ധിച്ചു് കൌൺസിലിൽ കൊണ്ടുവരുന്ന ചോദ്യങ്ങ ൾക്കെല്ലാം മറുപടി പറയാറും ഉണ്ടു്. കൂടാതെ സപ്ലിമെൻറ റി ഗ്രാൻറു്, ഇൻകൺസിസ്റ്റൻസിയോ ഡിസ്ക്രിപൻസിയോ വ ല്ലതും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ ആ വിഷയൽസെല്ലാം ക്ലോസുചെ യ്യാതെ വെയ്ക്കാറുമുണ്ടു്, ഡിഫിക്കൽറ്റിമെന്തിനോടു് കപ്ലസ്റ്റ്യൻചെ യ്യാതെ നടപടി നടത്തിയിട്ടും ഉണ്ടു്. ഇന്നു് ഇപ്പോൾ അധ്യക്ഷത മെമ്പർ പറഞ്ഞ പലആക്ഷേപങ്ങളിൽ ഒരെണ്ണം ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽപെട്ട. അതു് ഒരു സനാസി കൺട്രാക്ടു് എടുത്തു, കി ണർകുത്തിയവകയിൽ കുറച്ചു പണം കിട്ടാനുള്ളതു് കിട്ടിയില്ല എ ന്നുള്ളതാണു്. വളരെ നാളായി ഇതിനെപ്പറ്റി പറഞ്ഞു തുട ങ്ങിയിട്ടു്. അപ്പോഴൊന്നും കൺട്രാക്ടിൻെറ റിപ്പോർട്ടു് വന്നിട്ടി ല്ലായിരുന്നു. ഏകദേശം പത്തുദിവസത്തിനുമുമ്പാണു് അതിലേ യ്ക്കു് ആർഡർ പാസാക്കിയതു്. പണംകൊടുത്തതായി വൌച്ച റും എഴുതി വാങ്ങിച്ചിട്ടുണ്ടു്. ഇവിടെ മിസ്റ്റർ കൃഷ്ണമേനോൻ പ റഞ്ഞതുപോലെഒരുകൊല്ലം രണ്ടുകൊല്ലം കൺട്രാക്ടു് എടുത്തിരു; അ യാൾ എഴുകോൽ, എഴരക്കോൽവരെ താഴ്ത്തി; അതിനുള്ള പ

ണവുംകൊടുത്തു. അതുപോലെ പിന്നത്തെകൊല്ലം രണ്ടു മൂന്നു കിണർ താഴ്ത്തി, അതിനുള്ള ബില്ലും പാസാക്കി പണവും കൊടുത്തു. അതിനിടയ്ക്ക് ഇയ്യാളാണ് ഈ കിണർ പണി നടത്തിയതെന്ന് ഒരു ഇൻകൺസിസ്റ്റൻസുവന്നു; അതു് ഏതെങ്കിലും പ്രകാരത്തിൽ സബ്സ്റ്റാൻഷിയേറീവ് ആണെന്നുണ്ടെങ്കിൽ അതിനെപ്പറ്റി റഗുലറായിട്ട് എൻക്വയർ ചെയ്യാം. ഒരു ഡിപ്പാർട്ടുമെണ്ടിൽ ഏതെങ്കിലും ഒരു ന്യൂനതകണ്ടാൽ വേറെ ഒരാഫീസറെക്കൊണ്ടു അന്വേഷിപ്പിയ്ക്കുവാൻ പ്രയാസമില്ല. എന്നാൽ ഒരു ഗവർമ്മെന്റിലും അങ്ങിനെ നടക്കുന്നില്ല. അങ്ങിനെയാണെങ്കിൽ ആ ആഫീസിന് യാതൊരു യോഗ്യതയുമില്ല എന്നുവരും. യാതൊരുയോഗ്യതയും ഇല്ലാത്ത ഒരാൾ ഒരാപ്പീസറായിട്ടിരിക്കുമോ? കുറെ പൈസ ആളോടു് എക്സ്പ്ലനേഷനും റിമാർക്സും വാങ്ങിന്യൂനതകളെല്ലാം കണ്ടുപിടിക്കുന്നതിനു് ഒരു സക്കുലർ അയച്ചാലും എവിഡൻസും വിറ്റ്നസും കിട്ടുകയില്ല എന്നു വന്നാൽ അങ്ങിനെയുള്ള ആളെ സസ്പെൻഡു ചെയ്യുകയോ മാറുകയോ ചെയ്തിട്ടുണ്ട്. ഈ കൊച്ചീരാജ്യത്തു മാത്രമല്ല മറ്റുള്ളസ്ഥലങ്ങളിലും ഇങ്ങനെയാണു നടക്കുന്നതു്. മറ്റു രാജ്യങ്ങളിൽ നടക്കുന്നതിനെ ഇവിടെ ശരിയായി ഫാളൊ ചെയ്യുന്നുണ്ടു്. ആ സ്ഥിതിയ്ക്ക് ഈ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചു് വേറൊരു ഡിപ്പാർട്ടുമെണ്ടു് മുഖാന്തിരം അന്വേഷിക്കുവാനുള്ള ഒരു കാരണവും ഇതുവരെ വന്നിട്ടില്ല.

പിന്നെ ചില സന്ന്യാസിമാരെ വാർഡൻസായിട്ടു് എടുക്കുന്നില്ല എന്നൊരു കമ്പ്ലെയിൻറാണു". ഇതു് കഴിഞ്ഞ കക്കടകമാസത്തെ ബഡ്ജറ്റു സെഷനിൽ കൊണ്ടുവന്നിട്ടുള്ള ഒരു ചാജ്ജാണു്. ആ പായിൻറിനെ പറ്റി എൻക്വയർചെയ്തു. തക്കതായ കാരണമറിഞ്ഞു. അതിനുശേഷം ഇനിമേൽ വാർഡനെ വക്കണമെങ്കിൽ ഗവർമ്മെണ്ടിന്റെ സാങ്ഷൻ വേണമെന്നു് ഓർഡർ ചെയ്തു.

ടെൻറിനെ പറ്റിയും പറകയുണ്ടായി. അധികൃതക്കുതന്നെ ടെൻറർ വിളിച്ചു കൊടുക്കണമെന്നാണു് ആവശ്യപ്പെട്ടതു്. അതിനു് അധികൃതക്കുതന്നെ ടെൻറർ വിളിച്ചുകൊടുത്താൽ മതിയെന്നു് ഓർഡർ പാസാക്കുകയും ചെയ്തു.

ബുക്കുസു് ശരിയായ് സമയത്തു കിട്ടുന്നില്ല എന്നു പറയുകയുണ്ടായി. സ്കൂൾ തുറക്കുന്ന സമയം എത്ര കുട്ടികളുണ്ടെന്നു് അറിഞ്ഞുകൂടാ, ഏതെല്ലാം സ്കൂളിലാണെന്നു് നിശ്ചയമില്ല, അതെല്ലാം അറിഞ്ഞുവേണം ഒരാളെ കൺട്രാക്ടു് ഏല്പിക്കുവാൻ. അതനുസരിച്ചു ചിലപ്പോൾ സ്കൂളുകളുണ്ടു്. അതിലെല്ലാം ഡിപ്രസ്സ്ഡ് ക്ലാസസ്സ് സ്റ്റുഡൻസും ഉണ്ടായിരിക്കും. ഇന്നയിന്ന പുസ്തക

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഇന്നയിന്ന ദിക്കിൽനിന്നു് വാങ്ങിച്ചാൽ ചിലവു വളരെ കുറയും എന്നൊക്കെ അന്വേഷിക്കുവാൻ ഒന്നരണ്ടു മാസം കൂടാതെ നിവൃത്തിയില്ല? അതെല്ലാം കഴിയുന്നിടത്തോളം വേഗത്തിൽ നീക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഇങ്ങിനെ ഓരോന്നായി ചെയ്തുകൊണ്ടുവരുന്നതിനിടയ്ക്കു് ഒരു കമ്മിറ്റിയെ വച്ചിട്ടു് എൻക്വയർചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് സ്പെസിഫിക്കായിട്ടുള്ള കമ്പ്ലെയിൻറുകളെന്തെല്ലാമുണ്ടോ അതെല്ലാം ആപ്പീസിലേക്കു് എഴുതി അയച്ചാൽ അതിനെ കുറിച്ചു് വേണ്ട അന്വേഷണം നടത്തുകയും ചെയ്യാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഞാൻ ഈ റസല്യൂഷൻ ഇവിടെ അവതരിപ്പിച്ചതു് പരമാർത്ഥത്തിൽ അധഃകൃതരുടെ ഇടയിലുള്ള അവശതകളെ ഗവമ്മെണ്ടിൻറെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ വേണ്ടി മാത്രമാണു്. പക്ഷെ ഞാൻ ആരുടേയും വക്കാലത്തുമൂലമല്ല ഇതിവിടെ കൊണ്ടുവന്നിട്ടുള്ളതു്. എൻറെ സമുദായക്കാരെ ദയനീയമായ നിലയിൽ ഗവമ്മെണ്ടിൽനിന്നും ഈ മാതിരി സംഗതികൾ കൊണ്ടുവരുമ്പോൾ യാതൊരു ന്യായമില്ലാതെ ഉപേക്ഷ ചെയ്താൽ ഗവമ്മെണ്ടിനെ ധരിപ്പിക്കത്തക്ക ത്രാണി ഒന്നും എനിക്കോ എൻറെ സമുദായക്കാർക്കോ ഇല്ലെന്നുള്ളതു് ഗവമ്മെണ്ടിനു തന്നെ നല്ല ബോദ്ധ്യമാണു്. (ഹീയർ. ഹീയർ) ആ സ്ഥിതിയ്ക്കു് സത്യം ഗവമ്മെണ്ടു് അറിയേണ്ടതാണു്. ഇവിടെ ഈ കൌൺസിൽ മെമ്പർമാരിൽ മിക്കപേരേയും നോക്കുന്നപക്ഷം വക്കീലന്മാരാണു്. അവർക്കു "മഹാപർവ്വതങ്ങൾ" പോലെയുള്ള കാര്യങ്ങൾ തൃണത്തിനു് സമമാക്കി പ്രസ്താവിക്കുവാനും തൃണംപോലുള്ള കാര്യങ്ങളെ മഹാപർവ്വതങ്ങളാക്കി പ്രസ്താവിക്കുവാനും സാധിക്കുന്നതാണു്. ഞാൻ ഇവിടെ കേട്ടിടത്തോളമുള്ള വാദപ്രതിവാദങ്ങൾ കൊണ്ടു് എനിക്കു മനസ്സിലായിട്ടുള്ളതു് പാവങ്ങളുടെ കാര്യം നിയമസഭയിൽ പാടില്ലത്രെ. എന്തെങ്കിലുമാവട്ടെ, എൻറെ അനുഭവം ഗവമ്മെണ്ടിനെ ധരിപ്പിക്കണമെന്നേയുള്ളൂ. മറ്റു മെമ്പർമാരെ സ്വാധീനപ്പെടുത്തിക്കൊണ്ടു് ഗവമ്മെണ്ടിനെ തെറ്റിധരിപ്പിക്കണമെന്നു് എനിക്കു് ഉദ്ദേശമില്ല. പരമാർത്ഥം ചെവിയുള്ള ഗവമ്മെണ്ടു് നിശ്ചയമായും കേൾക്കും. ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു് മെമ്പർ പറയുകണ്ടായി ഈ കൌൺസിലിലുണ്ടായ ചില ചോദ്യങ്ങളെ തുടർന്നു ചില ചോദ്യങ്ങൾകൂടി വരുവാനിരിക്കുന്നുണ്ടെന്നു്. അതു് ആ ബഹുമാനപ്പെട്ട മെമ്പർ എങ്ങിനെ അറിഞ്ഞു എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ കാര്യത്തിൽ വെളിയിൽ പറയാൻപാടില്ലാത്തതായിട്ടുള്ള ചില പണികൾ കൂടി പുറത്തു നടക്കുന്നുണ്ടു് എന്നു് അതുകൊണ്ടു മനസ്സിലാകുന്നുണ്ടു്. ഞാൻ ഇവിടെ പറഞ്ഞ സംഗതികളെല്ലാം എൻറെ സ്വന്തം അനുഭവമാണു്, എന്നാൽ ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ത്തു് അങ്ങിനെയല്ല. സംരക്ഷകൻതന്നെ അവരോടു പറഞ്ഞിട്ടുള്ള തു കേട്ടുംകൊണ്ടാണു് അവർ എതിർത്തിട്ടുള്ളതു് എന്നു് അവരുടെ വാദപ്രതിവാദംകൊണ്ടു വെളിവാകുന്നുണ്ടു്. അവർ ആ ഉദ്യോഗസ്ഥനെ താങ്ങുവാൻ വേണ്ടി ഇപ്രകാരം പറഞ്ഞിട്ടുള്ളതണെന്നേ ഞാൻ കരുതുന്നുള്ളു. എനിക്കു് ഈ വിഷയത്തിലുള്ള പ്രധാന ഉദ്ദേശം അധികൃതർക്കു ഇപ്പോഴെങ്കിലും ബോദ്ധിച്ചിട്ടുള്ള അവശതകളെ പരിഹരിച്ചു കിട്ടണമെന്നുള്ളതാണു്. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇങ്ങിനെ ഒരു ഡിപ്പാർട്ടുമെണ്ടുണ്ടാക്കി മുള്ളു വീപ്പയിലിട്ടു് ഉരുട്ടി കൊല്ലുന്നതുപോലെ ഞങ്ങളെ വേദനപ്പെടുത്തി കൊല്ലരുതേ എന്നാണു് ഞാൻ പറയുന്നതു്.

എനിയ്ക്കു് അനുഭവമുള്ള ഒരു സംഗതി ഞാൻ ഇവിടെ പറയാം. മാള പുലയാകോളനിയിൽ നിവസിക്കുന്ന ഒരാൾ ഒരു പത്രത്തിൽ ഒരു ലേഖനമെഴുതുകയുണ്ടായി. ആ വിവരം സംരക്ഷകൻ അറിഞ്ഞു് ഉടൻതന്നെ അവിടെ ചെന്നുനിന്നുകൊണ്ടു് അയാളെ വിളിച്ചു് ഇപ്പോൾതന്നെ ഒരു സ്റ്റെയിറ്റുമെൻറു് എഴുതിത്തരണം; അല്ലെങ്കിൽ കോളനിയിൽനിന്നു പുറത്തു പോകണം എന്നാണു് പറഞ്ഞതു്. അങ്ങിനെ ഭയപ്പെടുത്തി ഒരു സ്റ്റേറ്റുമെണ്ടു് എഴുതിവാങ്ങീട്ടുള്ളതായി എനിയ്ക്കു് അയാൾ ഒരെഴുത്തു എഴുതി അയച്ചിട്ടുണ്ടു് ആ എഴുത്തും ഞാൻ ഇവിടെ വായിക്കാം. ഇതു് ഫ്രഫൻ ധനഫവ്-ാംനു- എഴുതി അയച്ചതാണു്.

"മ. രാ. രാ. ശ്രീ. കെ. പി. വള്ളോൻ, എം. എൽ. സി. അവർകൾക്കു്.

സർ, ഞാൻ ലേഖനം എഴുതിയതിനെ സംബന്ധിച്ചു് രാജശ്രീ സംരക്ഷകൻ അവർകൾ കോളനിയിൽ ഈ കൊല്ലത്തിൽ ആദ്യം വന്ന സമയം എന്നോടു സ്നേഹതൻപത്രത്തിൽ കോളനി കായ്ത്തെക്കുറിച്ചും സംരക്ഷകനെക്കുറിച്ചും തെരവമായി ചോദിക്കുകയും ആലേഖനത്തെ സംബന്ധിച്ചും ഒരു സ്റ്റെയിറ്റുമെൻറു് എഴുതി കിട്ടണമെന്നും അല്ലാത്ത പക്ഷം എന്നെ കോളനിയിൽ താമസിക്കുവാൻ അനുവദിക്കുന്നതല്ലെന്നും മറ്റും പറഞ്ഞു ഭീഷണിപ്പെടുത്തുകയാൽ അദ്ദേഹം പറഞ്ഞുതന്ന വാചകത്തിൽ ഒരു സ്റ്റെയിറ്റുമെൻറു് എഴുതിക്കൊടുത്തിട്ടുണ്ടു്. ആ കായ്ത്തിൽ എനിക്കു വലിയ വ്യസനവും ഉണ്ടു്. ലേഖനം ഞങ്ങളുടെ സങ്കടത്താൽ ഞാൻ എഴുതിയതുമാകുന്നു.

അതുകൊണ്ടു് അവിടന്നു് സംരക്ഷകൻ ഭീഷണിപ്പെടുത്തി എന്നെക്കൊണ്ടു പ്രവൃത്തിപ്പിച്ച കായ്ത്തിൽ വേണ്ട വിധത്തിൽ പ്രവൃത്തിച്ചു രക്ഷിപ്പാൻ അപേക്ഷ."

എന്നു് ഫ്രഫൻ ധനഫവ്-ാംനു-.

എം. കെ. കോരൻ (ഒപ്പു്).

LIBRARY ARCHIVES Kerala Legislative Assembly

ഫ ൻഫ-ാം നന്ത്ര മാള പുലയ പരസ്പരസഹായസംഘം
സിക്രട്ടറി,
മാള.

ഇപ്രകാരംഎന്നക്ക് ഒരു കത്തെഴുത അയച്ചിട്ടുണ്ട്. ഇതു് വേണമെങ്കിൽ നവമ്മെണ്ടിനെ പ്രത്യേകിച്ചു് നോക്കുകയും ചെയ്യാം. (ദിവാൻ സിക്രട്ടെറി വശം കൊടുത്തു)

ഈ മാതിരിയുള്ള കാര്യങ്ങളാണു് എവിടെയും നടക്കുന്നതു്. ഒരു ബഹുമാന്യപ്പെട്ട മെമ്പർ ഇവിടെ കുറെ പ്രമേയങ്ങൾ വായിക്കുകയുണ്ടായി. ആ പ്രമേയങ്ങൾ എന്തിനു വേണ്ടി അയച്ചുവെന്നും ആരുടെ കാര്യത്തിനു വേണ്ടി അയച്ചുവെന്നും അതു നോക്കിയാൽ തന്നെ അറിയാവുന്നതാണു്. ബഹുമാന പ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ അവർകളുടെ അദ്ധ്യക്ഷതയിൽ തൃശ്ശിവപേരൂർ സ്കൂൾ ഹൈസ്കൂളിൽ വെച്ചു് പരസ്യമായി ഒരു പബ്ലിക്ക് മീറ്റിംഗു കൂടുകയുണ്ടായി. ആ മീറ്റിംഗിൽ വെച്ചു ഈ മാതിരി അധഃകൃത സംരക്ഷകന്റെ ഭരണത്തിൽ ഞങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന സങ്കടങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണ്ടതാണെന്നു് ഒരു പ്രമേയം പാസ്സായിട്ടുണ്ടു്. അതിനു് എതിരായി അടുത്ത ദിവസം തന്നെ കുക്കിപ്പേരയിൽ വച്ചു ഇരുപതോളം ആളുകൾ കൂടി പാസ്സാക്കിയ നിശ്ചയങ്ങളാണു് ഇവിടെ വായിച്ചതു്. എന്നാൽ അതു സംരക്ഷകൻ പറഞ്ഞു പ്രവൃത്തിപ്പിച്ചിട്ടുള്ളതല്ല എന്നു പറയുവാൻ അന്നത്തെ പ്രസിഡെണ്ടിനെ (ഇക്കണ്ട വാര്യരെക്ക) യെയ്യും വരുമെന്നു് എനിക്കു തോന്നുന്നില്ല.

ഇനി ഈ പ്രമേയത്തെ സംബന്ധിച്ചു എതിർത്ത മെമ്പർമാരോടു് എനിയ്ക്കു പറയുവാനുള്ളതു് നിങ്ങൾ ആഉദ്യോഗസ്ഥന്റെ ഉദ്യോഗം പോകുമെല്ലൊ എന്നുള്ള ഭയം കൊണ്ടാണു് എതിർത്തിട്ടുള്ളതെന്നു് മെമ്പർമാരിൽ നിന്നും തെളിയുന്നുണ്ടു്. അതല്ല നിങ്ങൾ നിങ്ങളുടെമനഃസാക്ഷിക്കനുസരിച്ചാണു് പറയുന്നതെങ്കിൽ അതു എനിക്കു സമ്മതവുമാണു്. എതിർത്ത മെമ്പർമാരിൽ ഒരാൾ പറഞ്ഞാൽ മതി. ഇതു് ഞങ്ങൾക്കു വളരെ സങ്കടമുള്ള ഒരു കാര്യമാണു്. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു പോലെയുള്ള കമ്മിറ്റി വയ്ക്കാൻ നിവൃത്തിയില്ലെങ്കിൽ വേണ്ട. ഗവമ്മെണ്ടു തന്നെച്ചെങ്കിലും വേണ്ടവിധത്തിൽഅന്വേഷിച്ചാൽ മതിയെന്നാണു് എന്റെ അപേക്ഷ.

ഇനി വേറൊരു മീറ്റിംഗിൽ വച്ചു പാസാക്കിയ റസല്യൂഷൻ ഇവിടെയുണ്ടു്. അതിൽ ഒന്നു ഞാൻ ഇവിടെ വായിക്കാം. ഫ ഫ ഠ വ ഇടവ വ -ാംനു- പകൽ രണ്ടു മണി മുതൽ എറണാകുളം പട്ടണത്തിനടുത്തു് പെരുമാനൂർ കൂട്ടിത്തറ പറമ്പിൽ വെച്ചു മ. രാ. രാ. കെ. എം, ഇബ്രാഹിം ബി. എ; എം. എൽ. സി, അ

LIBRARY ARCHIVES Kerala Legislative Assembly

വർക്കളുടെ അദ്ധ്യക്ഷതയിൽ കൂടിയ കൊച്ചി അധഃകൃത സമ്മേളനത്തിൽ വെച്ചു പാസ്സാക്കിയ ഒരു നിശ്ചയമാണിതു.

കൊച്ചി അധഃകൃതസംരക്ഷക ഡിപ്പാർട്ട്മെണ്ടിലെ നടത്തിപ്പു് അധഃകൃതർക്കു ഒട്ടും ഗുണകരവും തൃപ്തികരവും അല്ലാത്തതിനാൽ ഇന്നത്തെ അധഃകൃതസംരക്ഷകനെ ഏതെങ്കിലും ഡിപ്പാർട്ട്മേണ്ടിലേയ്ക്കു് സയുക്തികം മാറ്റി അധഃകൃതരോടു അനുഭാവമുള്ളതും വ്യക്തിപരമായ വിരോധമില്ലാത്തതും ആയ ഒരാളെ തൽസ്ഥാനത്തിൽ നിയമിക്കുവാൻ ഈ സഭ ഗവർമ്മെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഇങ്ങനെ പല സ്ഥലങ്ങളിൽ നിന്നും ധാരാളം നിശ്ചയങ്ങൾ പാസാക്കി പലരും അയച്ചതായി എനിക്കറിയാം. ബഹുമാനപ്പെട്ട സിക്കുട്ടറി അവർകൾക്കു തന്നെ ഈ വക ആവലാതികൾ എത്രത്തോളമുണ്ടായിക്കൊണ്ടിരിക്കുന്നു എന്നു് അറിയാം. ഇതു പ്രത്യേകിച്ചു സാധുക്കളുടെ കാര്യമായതുകൊണ്ടു് ഗവർമ്മെണ്ടു നല്ലപോലെ ദൃഷ്ടി വെക്കണമെന്നാണു് ഞാൻ പറയുന്നതു്.

പിന്നെ ബഹുമാനപ്പെട്ട വെള്ളാരപ്പിള്ളി മെമ്പർ ഒരു സംഗതി ഇവിടെ പറയുകയുണ്ടായി. ഒരു അധഃകൃതനെ തല്ലി എന്നതുള്ള പരമാർത്ഥമാണു്. അയാൾ ഏതോ ഒരു വിധത്തിൽ കേസു കൊടുത്തു. ഒടുവിൽ അതിനെ പറ്റി അന്വേഷിയ്ക്കുവാൻ ഒരു കൺസ്റ്റബിൾ ചെന്നപ്പോൾ കായ്മും മറ്റൊരു വിധത്തിലായി. അന്നു ചെറായിയിൽ വെച്ചു് ബഹുമാനപ്പെട്ട ജാറയ്ക്കൽ മെമ്പറുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗുണ്ടായിരുന്നു. ഞാൻ വേറെ ഒരു കാരണത്തിന്മേലാണു് അമ്പുമ്പള്ളിയ്ക്കു പോയതു. ആ അവസരത്തിൽ ഞാൻ ഈസംഗതികളൊന്നും അറിഞ്ഞിരുന്നതേയില്ല. എന്റെ സമുദായ കായ്മത്തെ സംബന്ധിച്ചു അന്വേഷിയ്ക്കുവാൻ വേണ്ടി പോയതല്ലാതെ ഞാൻ ഒരാളെ കുറ്റപ്പെടുത്തുവാനായിട്ടു പോയതൊന്നുമല്ല. അവിടെ ചെന്നപ്പോൾ ഹർജ്ജി കൊടുപ്പിച്ചതും കേസാക്കിയതുമെല്ലാം എന്റെ പ്രവൃത്തിയാണെന്നു പറഞ്ഞു് പരത്തി. അവസാനം ബഹുമാനപ്പെട്ട വെള്ളാരപ്പിള്ളി മെമ്പരുടെ സഹോദരൻ എന്നെ ആളയച്ചു വിളിപ്പിച്ചു. മിസ്റ്റർ വള്ളോൻ വന്നു് ഇതു് ഏതുവിധത്തിലെങ്കിലും തീർത്തുതരണമെന്നാവശ്യപ്പെട്ടു. അപ്പോൾ എനിയ്ക്കു് ഇതിനെക്കുറിച്ചു യാതൊന്നും അറിയുവാൻ പാടില്ല എന്നെക്കൊണ്ടു സാധിയ്ക്കയില്ല എന്നു ഞാൻ പറഞ്ഞു. ഈ സംഭവങ്ങൾ ഞാൻ അവിടെ ഇല്ലാതിരുന്ന സമയത്താണു് നടന്നതെന്നുള്ളതു പരമാർത്ഥമാണു്. ഞാൻ അറിയാത്ത ഒരു കായ്മത്തെ അറിഞ്ഞിട്ടുണ്ടെന്നു പറയുന്ന സ്വഭാവം എത്ര ദയനീയമാണു്. പക്ഷെ ബഹുമാനപ്പെട്ട മെമ്പറും ആ അധഃകൃതനെ ഉപദ്രവിച്ച ആളും മഴുവഞ്ചേരി കുടുംബ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പെട്ടവരാണോ എന്നുള്ളതു് അനേഷിച്ചാൽ അറിയാവുന്നതാണു്. അതുകൊണ്ടാണു് അദ്ദേഹം ഇതിനെ എതിർത്തിട്ടുള്ളതു്.

മിസ്റ്റർ എം. എ. ചാക്കൊ.—മഴുവഞ്ചേരി മനക്കാർ എന്നു് പറയുന്നവർ എല്ലാപ്രദേശം ഒരു കുഡുംബക്കാരല്ല. മഴുവഞ്ചേരിക്കാർ വേറേയുമുണ്ടു്, അതുകൊണ്ടു് ആ ആളും ഞാനും ഒരു കുഡുംബക്കാരല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അദ്ദേഹം നിങ്ങളുടെ കുഡുംബത്തിൽ പെട്ട ആളെന്നാണു് പലരും എന്നോടു പറഞ്ഞിട്ടുള്ളതു്.

ഇനി മേലും ഈ മാതിരിയുള്ള ദോഷങ്ങൾ വരുവാനിടയുള്ളതാണു്. ഇതിനു മുമ്പു നടന്നിട്ടുള്ളവയെ പറ്റി ഞാൻ ഈ കൌൺസിലിൽ തന്നെ എത്രയോ പ്രാവശ്യം വാദപ്രതിവാദത്തിനു കൊണ്ടുവന്നിട്ടുണ്ടു്. അതൊക്കെല്ലാം സംരക്ഷകൻ എഴുതി അയയ്ക്കുന്നതു മാത്രം വച്ചുകൊണ്ടാണു" മറുപടി തന്നിട്ടുള്ളതു്. അതിനകത്തു പരമാർത്ഥം എത്രയുണ്ടെന്നു് അനുഭവസ്ഥനായ എനിയ്ക്കു് നല്ലവണ്ണമറിയാം.

അതുകൊണ്ടു് ഗവർമ്മെണ്ടിനു് ഈ മാതിരിയുള്ള സംഗതികളെ കുറിച്ചു് അനേഷിയ്ക്കുവാൻ നിവൃത്തിയുണ്ടെങ്കിൽ അനേഷിക്കണം. ഈ വക കാര്യങ്ങളെ കുറിച്ചനേഷിയ്ക്കുന്ന വിഷയത്തിൽ ഞാൻ ഗവർമ്മെണ്ടിനു് ഒരുതരത്തിലും വിഷമമുണ്ടാക്കിത്തീർക്കുന്നില്ല. കമ്മിറ്റിവച്ചു് അനേഷിക്കണമെന്നു് ഞാൻ നിർബ്ബന്ധിക്കുന്നുമില്ല. എങ്ങിനെയെങ്കിലും ശരിയായ ഒരനേഷണം നടത്തിയാൽ മതി.

പിന്നെ സംരക്ഷകൻ ഇവിടെയുണ്ടാകാത്ത സ്ഥിതിക്കു് കൌൺസിലർമാരെ സേവപിടിക്കാതെ നിവൃത്തിയില്ലെന്നു് ഇരിങ്ങാലക്കുട മെമ്പർ പറകയുണ്ടായി. എത്രത്തോളം രഹസ്യമുണ്ടെന്നു് ആലോചിച്ചാൽ അറിയാവുന്നതാണു്. ചില മെംബർമാർ പറകയുണ്ടായി അവരുടെ അനേഷണത്തിൽ എല്ലാം ന്യായമായി നടക്കുന്നുണ്ടെന്നു്. അധഃകൃതരുടെ കാര്യത്തിൽ ഇങ്ങിനെയൊക്കെയുള്ള പക്ഷപാതത്തരം പറഞ്ഞാൽ പിന്നെ എന്താണു് നിവൃത്തി!! കഴിഞ്ഞ കൌൺസിൽകാലത്തുതന്നെ സംരക്ഷകൻ എന്നെ പുറത്തുവച്ചു് എടാ, നീ, എന്നുംമറ്റും വിളിച്ചു. എന്നിട്ടു് ഞാൻ അതൊന്നും ഇവിടെ മിണ്ടിയതുപോലുമില്ല. ഞാൻ ആ സംഗതികൾ കാണിച്ചു ഭിവാൻജിയ്ക്കു് ഒരു ഹർജി അയച്ചിരുന്നു. അതു റിക്കാർഡ്ചെയ്തെന്ന മറുപടി കിട്ടി. ഇത്തരത്തിലാണു് ഗവർമ്മെണ്ടിന്റെ മറുപടി. ഞങ്ങളെ രക്ഷിക്കുവാൻ വേണ്ടി ഒരു ഡിപ്പാർട്ട്മെന്റു് ഏർപ്പെടുത്തീട്ടു് അതിലേയ്ക്കാവശ്യമുള്ള പണവും ചിലവുചെയ്തു് ഭരണത്തിനു് ഒരു സംരക്ഷകനേയും ഗവർമ്മെന്റു വച്ചു തന്നിട്ടുണ്ടു്. എന്നാൽ അദ്ദേഹം ആവക സംഖ്യകൊണ്ടു ഞങ്ങളുടെ ആവശ്യത്തിനുപയോഗിക്കുന്നില്ലെങ്കിൽ ആ ഡിപ്പാർട്ട്മെന്റുകൊണ്ടു ഞങ്ങൾക്കെന്താണു രക്ഷയുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

സന്ന്യാസിമാരുടേയും, വാർഡന്മാരുടേയും കായ്ങ്ങളെ കുറിച്ചു പറയുകയുണ്ടായി. അതിലേയ്ക്കൊന്നും ഞാൻ മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. അതൊക്കെ സംരക്ഷകന്റെ ബന്ധുക്കളും സ്വന്തക്കാരുമാണെന്നു പലതുകൊണ്ടും വെളിവായിട്ടുണ്ട്.

ബഹുമാനപ്പെട്ട പഴയന്നൂർ മെംബർ എന്നോടുപറഞ്ഞു മിസ്റ്റർ മാമൻ ഞങ്ങളുടെ മുമ്പിൽ വന്നു് മുട്ടുകുത്തിയിരുന്നു പ്രാർത്ഥിച്ചുവെന്നു്. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല; ലജ്ജാവഹമാണു്. എന്റെ അനുഭവത്തിലുള്ള പരമാർത്ഥസംഗതികളെ മാത്രമാണു ഞാൻ പറയുന്നതു്. എനിയ്ക്കു് സംരക്ഷകനോടു യാതൊരു വൈരാഗ്യവുമില്ല. അദ്ദേഹത്തെ ഞാൻ നല്ലപോലെ അറികയും ചെയ്യും. അദ്ദേഹത്തോടു് വ്യക്തിവിദ്വേഷവും എനിക്കില്ല.

വേറെ ഒരു സംഗതി എനിക്കിവിടെ പറയുവാനുണ്ടു്. അതു് ഇന്നു കാലത്തു ചോദിച്ച ചോദ്യത്തിനുപ്പെട്ട സംഗതിയാണു്. മാലിപ്പുറം കാളനായിൽ വാർഡനായി കുഞ്ഞുണ്ണി എന്ന ഒരാളെ വച്ചിട്ടുണ്ടു്. അദ്ദേഹം അധികൃതരിൽ വിലാരോടു് അവിടെ പ്രവേശിച്ചുകൂടാ എന്നെഴുതി ഒപ്പിട്ടു കൊടുത്തിരിക്കുന്നു. ഇതു് പെൻസിൽ കൊണ്ടു് എഴുതിയിരിക്കയാണു്. അഞ്ചുപേരുടെ പേരുകൾ ഇതിൽ കാണുന്നുണ്ടു്. ഇതും ഞാനിവിടെ വായിക്കാം.

1. ചെമ്മികാടൻ കണ്ടരി, 2. ചെമ്മികാടൻ ചാത്തൻ, 3. മുവ്വടത്തുതറ കണ്ടരി, 4. ചെങ്ങാലപ്പള്ളി അയ്യർ, 5. പാറപ്പുറത്തു മൈലൻ കൊച്ചു.

ഈവക ആളുകൾക്കു് തോട്ടുവെട്ടാത്ത സ്ഥലത്തു് അനുവാദം കൂടാതെ കയറി പ്രവേശിച്ചുകൂടാ എന്നു് അധികൃതകോളനി വാർഡൻ ടി. എം. കുഞ്ഞുണ്ണി അറിയിച്ചിരിക്കുന്നു. കുഞ്ഞുണ്ണി (ഒപ്പു്). ഇതു് അദ്ദേഹത്തിനു പഴനിക്കു പോകുവാൻ ഓഹരി കൊടുക്കാത്തതുകൊണ്ടാണെന്നു് അറിയുന്നു.

ഈ മാതിരിയുള്ള ആളുകളെ വാർഡന്മാരായി നിയമിച്ചാൽ കായ്ങ്ങൾ വളരെ കുഴപ്പമാകും. ആ സ്ഥലം അധികൃതക്കു പതിച്ചു കൊടുത്തിട്ടുള്ളതാണു്.

അതുകൊണ്ടു് ഈ മാതിരിയുള്ള കായ്ങ്ങളെ സംബന്ധിച്ചു് അന്വേഷിക്കുവാൻ ഗവർമ്മെണ്ടിൽനിന്നും ഉദ്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റി നിയമിച്ചില്ലെങ്കിലും, കമ്മിറ്റി തന്നെ നിയമിച്ചില്ലെങ്കിലും ഏതെങ്കിലും വിധത്തിൽ ഒരന്വേഷണം നടത്തി ശരിയായ മറുപടി തന്നാൽമതി. അതിനാൽ കമ്മിറ്റിയെ വയ്ക്കുന്നതിനെ പറ്റി ചില മെംബർമാരും ഗവർമ്മെണ്ടും പറഞ്ഞതിൽ എനിക്കഭിപ്രായവ്യത്യാസമില്ല. ഞാൻ ഇവിടെ പറയുന്ന സംഗതികൾ തെറ്റാണെങ്കിൽ അതിനു് കൂടുതൽ ദോഷം ഞാൻ അനുഭവിക്കേണ്ടിവരുമെന്നു് എനിയ്ക്കറിയാം. അങ്ങിനെ വന്നാൽ ഇപ്രകാരം അക്ഷേപകരമായ സംഗതികൾക്കു് ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെണ്ടു കേസുകൊടുക്കണമെന്നു പറകയുണ്ടായി. അങ്ങിനെ കേസുകൊടുത്തില്ലെങ്കിലും ഇതിനെ പറ്റി ഒരു എൻക്വയറി നടത്തേണ്ടതായിട്ടും വരും. അപ്പോഴെങ്കിലും ഉള്ള പരമാർത്ഥം ഗവ മ്മെണ്ടിനു ബോദ്ധ്യപ്പെടുകയും ചെയ്യും. അതുകൊണ്ടു് ഗവമ്മെണ്ടിൽ നിന്നും ഏതെങ്കിലും തരത്തിൽ ഇതിലേയ്ക്കു് ഒരന്വേഷണം നടത്തണമെന്നു് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

രാമവമ്മ തമ്പുരാൻ.—എന്തൊക്കെയാണു് പാഞ്ഞുകളെന്നു കാണിച്ചു് ഇവിടെ വായിച്ച കടലാസുകളും കൂടി ചേർത്തു് ഒന്നിച്ചു് ഹജൂരിലേയ്ക്കയക്കുന്നതു അയച്ചാൽ അതിലേക്കു വേണ്ടതുപോലെ ചെയ്യാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഗവമ്മെണ്ടു് ഇതിലേയ്ക്കു് അനുകൂലമായ ഒരു മറുപടി പറഞ്ഞതുകൊണ്ടു് ഞാൻ ഈ റസല്യൂഷനെ പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Resolution was, with leave, withdrawn.

2. Departments not to have more than one Permanent Head each.

Mr. A. Eachara Menon.—Sir, the resolution standing in my name runs thus:—

"*That this Council recommends to the Government that there shall not be more than one permanent Head in any Department in the State.*"

It has not been brought to my notice that there are more departments than one which is hydra-headed. I had occasion to know from this Council that the Diwan Peishkar Mr. Kasturi Ranga Ayyar who wished to be the Diwan Peishkar to his last is Diwan Peishkar now. I find no qualified adjunct to the Diwan Peishkar coming after Mr. K. Achyuta Menon. This anomalous position has been brought about by the amendment to the Civil Service Rules giving an officer choice to tack on the leave accrued to him after the period of retirement. Hitherto the leave was taken preparatory to retirement. But now the retirement is prolonged by so much of the period of the leave one has to his credit. This rule was amended by Mr. Kasturi Ranga Ayyar. I do not want to say that it was done with a motive. He is an honourable man.

Deputy President.—It would be more graceful to refer to him as the acting Diwan.

Mr. A. Eachara Menon.—But unfortunately advantage was taken of by him of this amendment. Had it not been for the amendment of that rule this state of circumstances would not have taken place. But now I am glad to find that there are only a few more days for him. It is possible if that rule is kept as it is that there may be more than one head in any department. It is to prevent this catastrophe that I move this resolution.

LIBRARY ARCHIVES Kerala Legislative Assembly